KOTTAYAM PUBLIC LIBRARY

Call No. M 910 Acc. No. 84038

Author സി. ജി. ഉമ്മൻ

Title മെക്സിക്കോ നാടുകളിൽ

1207

ρ

# മെക്സിക്കൻ നാടുകളിൽ

DISTRIBUTING LIBRARY
No. DM 2682
KOTTAYAM.

(Malayalam)
Mexican Nadukalil
Travel Diary
By C. B. KUMAR
5 Av. Ernest Hentsch, Geneva.
First Published August 1959
Printed at
INDIA PRESS, KOTTAYAM
Price Rs. 1.25
Copyright by
C. B. Kumar
Published by
P. L. SAROJINI DEVI
Distributors:
NATIONAL BOOKSTALL
Kottayam, Kerala State, India

# മെക്സിക്കൻ നാട്ടുകളിൽ

84038

സി. ബി. കുമാർ

KOTTAYAM PUBLIC LIBRARY ✻ കോട്ടയം ✻

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

വില ക. 1.25

NATIONAL BOOK STALL SPCS LTD ✻ KOTTAYAM ✻

## സി. ബി. കുമാറിൻെറ കൃതികൾ

ആന്ദോളനങ്ങൾ

മെക്സിക്കൻ നാട്ടുകളിൽ

മൂന്നു നാടകങ്ങൾ

ചിതറിയ ചിത്രങ്ങൾ

മങ്ങിയ ചിത്രങ്ങൾ

സായാഹ്നങ്ങൾ

ലണ്ടൻകത്തുകൾ

## ഗ്രന്ഥകർത്താവിനെക്കുറിച്ച്

സാഹിത്യപരമായ പാരമ്പര്യം പുലർത്തിക്കൊണ്ടു പോരുന്ന പുരാതനമായ ഒരു കുടുംബത്തിലെ അംഗമാണ് ശ്രീ. സി. ബി. കുമാർ. കൊട്ടാരക്കര താലൂക്കിൽപ്പെട്ട പവിത്രേശ്വരം ഗ്രാമത്തിൽ 1085 മേടം 6-ാംനു (1910 ഏപ്രിൽ 18) അദ്ദേഹം ജനിച്ചു.

പിതാവ് പണ്ഡിതർ സി. ഈശ്വരവാര്യർ, ഒരു സാഹിത്യകാരനും മധുരയിൽ അമേരിക്കൻകോളേജിൽ ലക്ചററും ആയിരുന്നു. മണ്ണടിയിൽ പഴയതൃക്കോവിൽ വാര്യത്ത് ശ്രീമതി ലക്ഷ്മിക്കുട്ടി വാര്യസ്യാരായിരുന്നു മാതാവ്. ബാല്യകാലത്തിൽത്തന്നെ മാതാപിതാക്കന്മാർ പരലോകപ്രാപ്തരായതുകൊണ്ടു് പിതാവിൻെറ ജ്യേഷ്ഠസഹോദരനായ ശ്രീ. സി. ശങ്കരവാര്യരുടെ രക്ഷാകർത്തൃത്വത്തിലാണ് ശ്രീ. കുമാർ വളർന്നുവന്നതു്. ഒരു അഭിഭാഷകനായ ശ്രീ. ശങ്കരവാര്യർ സാഹിത്യലോകത്തിലും സുപരിചിതനാണ്. മുപ്പതിൽപ്പരം വർഷങ്ങൾക്കുമുൻപ് പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന ശ്രീവാഴംകോട്, സരസകഥാമഞ്ജരി എന്നീ വാരികകളുടെ പത്രാധിപത്യം വഹിക്കുകയും, കവനകൗമുദി, വിദൂഷകൻ എന്നീ മാസികകൾ വഴി സാഹിത്യസേവനം ചെയ്യുകയും ചെയ്തിരുന്നു.

ശ്രീ. കുമാറിന്റെ ബാല്യവിദ്യാഭ്യാസം തിരുവനന്തപുരം സെയിൻറ് ജോസഫ് സ്കൂളിലും കൊട്ടാരക്കര, കൊല്ലം ഹൈസ്കൂളുകളിലും ആയിരുന്നു. 1931-ൽ തിരുവനന്തപുരം കോളേജിൽനിന്നും ആംഗലസാഹിത്യത്തിൽ

ബി.എ. (ഓണേഴ്സ്) ബിരുദം സമ്പാദിച്ചു. 1933–ൽ ശ്രീ. കുമാർ ഉപരിവിദ്യാഭ്യാസത്തിനായി ലണ്ടനിലേയ്ക്കു പോയി. ലണ്ടൻസർവ്വകലാശാലയിൽനിന്നു് 1936–ൽ ബി. കോം. (ഓണേഴ്സ്) ബിരുദം കരസ്ഥമാക്കി. 1959–ൽ പ്രസ്തുത സർവ്വകലാശാലയിൽനിന്നുതന്നെ അദ്ദേഹം ധനശാസ്ത്രത്തിൽ പിഎച്ച്. ഡി. ബിരുദം സമ്പാദിച്ചു.

ലണ്ടനിലെ ജീവിതം ശ്രീ. കുമാറിനെ സംബന്ധിച്ചിടത്തോളം ഒരു വഴിത്തിരിവായിരുന്നു. അക്കാലത്താണ് അദ്ദേഹം സാഹിത്യലോകത്ത് ആദ്യമായി കടന്നുവന്നതു്. 1934 മുതൽ 1937 വരെ അദ്ദേഹം മാതൃഭൂമിയുടെ ലണ്ടൻ ലേഖകനായി സേവനം അനുഷ്ഠിച്ചിരുന്നു. ദിനപ്പത്രിപ്പിലേയ്ക്കു് രാഷ്ട്രീയകാര്യങ്ങളെക്കുറിച്ചു നിരവധി ലേഖനങ്ങൾ അക്കാലത്തു് എഴുതിയിരുന്നു. കൂടാതെ ലണ്ടൻ ജീവിതത്തിന്റെ വിഭിന്നവശങ്ങളിലേയ്ക്കു് വെളിച്ചം വീശുന്ന 'ലണ്ടൻ കത്തുകൾ' എന്ന ലേഖനപരമ്പരയും ഈ കാലഘട്ടത്തിൽത്തന്നെയാണു് അദ്ദേഹം എഴുതിയതു്. 'കത്തുകളുടെ സാഹിത്യ'ത്തിൽ മലയാളത്തിലെ ആദ്യത്തെ കൃതിയാണു് ലണ്ടൻ കത്തുകൾ. ആയിടയ്ക്കു് അദ്ദേഹം പ്രസിദ്ധീകരിച്ച നിരവധി കഥകൾ, ഒരു ചെറുകഥാകൃത്തു് എന്നനിലയിൽ ശ്രീ. കുമാറിനു് മലയാളസാഹിത്യത്തിൽ ശ്രദ്ധേയമായ ഒരു സ്ഥാനം നേടിക്കൊടുത്തു. സംഭവപ്രധാനമായ കഥകളുടെ സ്ഥാനത്തു് സംഘട്ടനാത്മകങ്ങളായ ജീവിതഭാവങ്ങളെ ആവിഷ്കരിക്കുന്ന കഥകൾ അദ്ദേഹം നെയ്തെടുത്തു. അങ്ങനെ മലയാളത്തിലെ ആദ്യത്തെ ഭാവാത്മകകഥകൾ ശ്രീ. കുമാർ അവതരിപ്പിച്ചു.

വിദ്യാൎത്ഥിജീവിതം കഴിഞ്ഞു് 1936-ൽ അദ്ദേഹം ലണ്ടനിൽ മിഡ്ലൻഡ്സ് ബേങ്കിൽ ഒരുവൎഷക്കാലം സേവനമനുഷ്ഠിച്ചു. 1938-ൽ അഹമ്മദാബാദ് മിൽ ഉടമസ്ഥസംഘടനയുടെ അസിസ്റ്റന്റ് സെക്രട്ടറിയായി നിയമിതനായി. 1943മുതൽ 1946 വരെ അദ്ദേഹം ബോംബെമിൽ ഉടമസ്ഥസംഘടനയുടെ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്നു. 1946 ഒക്ടോബറിൽ അന്താരാഷ്ട്രീയതൊഴിൽ സംഘടന (International Labour Office)യിൽ ഒരുയൎന്ന ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടു. ഇപ്പോൾ അദ്ദേഹം ഈ ജോലിയിൽ തുടൎന്നുവരികയാണു്.

1939 സെപ്റ്റംബർമാസത്തിൽ ശ്രീ. കുമാർ കളർകോട്ടവായ്യത്തു് ശ്രീമതി ശാരദാദേവിയെ വിവാഹംകഴിച്ചു. അവൎക്കു് സന്താനങ്ങളായി ഒരു പുത്രിയും നാലു പുത്രന്മാരുമുണ്ടു്.

ഔദ്യോഗികകൃത്യങ്ങൾക്കായി ശ്രീ. കുമാർ അമേരിക്കൻഐക്യനാട്ടുകൾ, കാനഡ, മെക്സിക്കോ, ഫ്റാൻസ്, ബെൽജിയം, ഹോളൻഡ് തുടങ്ങി പല രാജ്യങ്ങളിലും സഞ്ചരിക്കുകയുണ്ടായിട്ടുണ്ടു്. ഈ യാത്രകളിൽ ചിലവയുടെ സുന്ദരവും ഹൃദ്യവുമായ അനുഭവചിത്രങ്ങൾ 'ആന്ദോളനങ്ങൾ' എന്ന കൃതിയിൽ വായനക്കാൎക്കു പരിചയപ്പെടാം. മെക്സിക്കൻനാട്ടുകളിൽ ശ്രീ. കുമാറിന്നുണ്ടായ വൈചിത്ര്യനിൎഭരമായ അനുഭവങ്ങളുടെ സമഗ്രമായ ഒരു ചിത്രം ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകത്തിൽ ഉൾക്കൊള്ളുന്നു.

ശ്രീ. കുമാറിന്റെ സാഹിത്യസൃഷ്ടികളിൽ ഏതാനും ചിലതു മാത്രമേ പുസ്തകരൂപത്തിൽ പുറത്തുവന്നിട്ടുള്ളു.

മൂന്നു നാടകങ്ങൾ, ചിതറിയ ചിത്രങ്ങൾ, മങ്ങിയ ചിത്രങ്ങൾ, സായാഹ്നങ്ങൾ, ലണ്ടൻകത്തുകൾ, ആന്ദോളനങ്ങൾ ഇവയെല്ലാമാണ് പ്രസിദ്ധീകരിക്കപ്പെട്ട കൃതികൾ.

ശ്രീ. കുമാറിൻെറ പലേ ലേഖനങ്ങളും ചെറുകഥകളും ഇനിയും സമാഹരിക്കപ്പെടാതെ കിടക്കുകയാണ്.

സി. എസ്സ്.



സി. ബി. കുമാർ

എനിക്കു സാഹിത്യത്തിലേക്കു വഴി കാണിച്ചുതന്ന

**ഗോപാലകൃഷ്ണനമ്മാവനു്**

സസ്നേഹം ഭാസ്കരൻ

# അവതാരിക

ഞാൻ 1955-ാമാണ്ടു് ഒടുവിൽ ഔദ്യോഗികസംബന്ധമായി മെക്സിക്കൻ ഐക്യനാടുകൾ സന്ദർശിക്കുവാനിടയായി; ഏതാണ്ടു് അഞ്ചാറാഴ്ച അവിടെ കഴിച്ചുകൂട്ടുകയുംചെയ്തു. അങ്ങോട്ടുള്ള യാത്രയും, അവിടെ കഴിച്ച ദിവസങ്ങളും എന്നെ അസാധാരണമായി രസിപ്പിച്ചു. ഔദ്യോഗികമായ ജോലിയിൽ അതീവബദ്ധശ്രദ്ധനായിരുന്നെങ്കിലും, അവയെക്കുറിച്ചുള്ള ഒരു ചുരുങ്ങിയ വിവരണം എഴുതണമെന്നു് ആ സമയത്തുതന്നെ എനിക്കു തോന്നി. പക്ഷേ, തിരിയെ മടങ്ങിവന്നു് കുറേക്കാലം കഴിഞ്ഞശേഷമേ, അന്നത്തേ 'കരടു'കുറിപ്പുകളിൽനിന്നു് ഈ യാത്രക്കുറിപ്പുകൾ എഴുതാൻ എനിക്കു സാധിച്ചുള്ളു. അന്നു നടന്ന സംഭവങ്ങളും, കണ്ട കാഴ്ചകളും അപ്പോഴത്തെ ദൃഷ്ടിയിൽക്കൂടി വീണ്ടും ഒന്നു നോക്കാനാണു ഞാൻ ഈ യാത്രക്കുറിപ്പുകളിൽ ഉദ്യമിച്ചിട്ടുള്ളതു്.

മെക്സിക്കൻ ഐക്യനാടുകളുടെ വിസ്താരം 7,60,373 ചതുരശ്രമൈലും, ജനസംഖ്യ 300 ലക്ഷത്തിലധികവും ആണു്. വളരെ പുരാതനമായ ഒരു സംസ്കാരം അവിടത്തെ ആളുകൾ പുലർത്തിക്കൊണ്ടുപോരുന്നു. ലോകത്തിൽ മററു രാജ്യങ്ങളേക്കാൾ 'വെള്ളി' കൂടുതൽ ഉണ്ടാക്കുന്ന രാജ്യം മെക്സിക്കോയാണു്. അതു കൂടാതെ, സ്വർണ്ണം, ചെമ്പു്, ഇരിമ്പു് മുതലായ പല ലോഹങ്ങളും, മണ്ണെണ്ണയും ഈ രാജ്യത്തിലെ ദ്രവ്യസമൃദ്ധിയിൽ ഉൾപ്പെടുന്നു. പുരോഗമനപരമായ ഭരണഘടന, സ്ഥിതിസമത്വസമ്പ്രദായത്തിലേക്കു നയിക്കുന്ന സാമ്പത്തികനയം, സാംസ്കാരിക

സംബന്ധമായ ഉയർച്ച—ഈ കാര്യത്തിലെല്ലാം മെക്സി ക്കോ മററു പരിഷ്കൃതരാജ്യങ്ങളുടെ മുന്നണിയിൽ നില്ക്കു ന്നു. പക്ഷേ, ഇങ്ങനെ ഒക്കെ ആയാലും, ഈ നാട്ടിനെ പ്പററി കേട്ടിട്ടുള്ളവർതന്നെ നമ്മുടെ ഇടയ്ക്കു ചുരുക്കമാണ്. ഈ സ്ഥിതിക്ക് എൻെറ മെക്സിക്കൻയാത്രയെപ്പററിയുള്ള ഈ കുറിപ്പുകൾ കേരളീയജനതയ്ക്കു രസാവഹമായിരിക്കു മെന്നു വിശ്വസിക്കുന്നു.

മെക്സിക്കൻജീവിതരീതി ആകെക്കൂടി നോക്കു മ്പോൾ, അതിൻെറ ചില വശങ്ങൾക്കു ഭാരതത്തിലെ ജീവിതരീതിയോടു സാമ്യവും, മററു ചില വശങ്ങൾക്ക് ഏതാണ്ട് ഒരേ പരിത സ്ഥിതിയിൽനിന്ന് ഉത്ഭവിച്ചതാ ണെങ്കിലും, സാരമായ വ്യത്യാസവും കാണാം. ചുരുക്ക ത്തിൽ, മെക്സിക്കോക്കാർ പാശ്ചാത്യസംസ്കാരത്തിന്നടി മപ്പെട്ടു്, അവരുടെ ആന്തരമായ പൂർവ്വസംസ്കാരചിഹ്ന ങ്ങൾ ഇടക്കിടക്ക് അല്പാല്പം കാണിക്കുന്നവരാണെന്നു പറയാം; നേരേമറിച്ച്, പൂർവ്വികസംസ്കാരത്തിൽ അ ടിയുറച്ചുകൊണ്ടു്, പാശ്ചാത്യസംസ്കാരത്തിൻെറ ഒരു നേരിയ മൂടുപടം ധരിച്ചുകൊണ്ടു നടക്കുന്നവരാണു ഭാര തീയരായ നാമെന്നു പറയാം.

മെക്സിക്കോയിലെ ആദിമനിവാസികളെ 'ഇൻഡ്യാ ക്കാർ' എന്നാണു വിളിച്ചുപോന്നിരുന്നതു്. ആ ഇൻഡ്യാ ക്കാരെ കൂടാതെ ഇപ്പോൾ യൂറോപ്പിൽനിന്നു വന്ന വെള്ള ക്കാരും, ഇൻഡ്യാക്കാരുടേയും വെള്ളക്കാരുടേയും ബന്ധ ത്തിൻെറ ഫലമായി മെസ്റ്റിസോ (Mestizo) എന്നു വിളി ക്കപ്പെടുന്ന ഒരു മിശ്രജാതിക്കാരും ഉണ്ടു്. പക്ഷേ, ഈ മൂന്നു ജാതിക്കാർ തമ്മിലുള്ള കലർപ്പുകൊണ്ടു് അവർ ത മ്മിലുള്ള വ്യത്യാസം കുറെ ഒക്കെ മാഞ്ഞുപോയിരിക്കുന്നു. സാമ്പത്തികസ്ഥിതി, സമുദായത്തിലെ നില, തൊഴിൽ

എന്നീ കാൎയ്യങ്ങളിലുള്ള വ്യത്യാസങ്ങളാണ ജാതിവ്യത്യാസങ്ങളേക്കാൾ പ്രധാനമായി ഇപ്പോൾ കണക്കാക്കുന്നതു്.

ആകൃതിയിലും, നിറത്തിലുമുള്ള സാദൃശ്യം നോക്കുകയാണെങ്കിൽ, മെക്സിക്കോയിലെ ഇൻഡ്യാക്കാരും, ഇൻഡ്യയിലെ ഇൻഡ്യാക്കാരും ഒരു മനുഷ്യവംശത്തിൻെറ പിൻതുടർച്ചക്കാരാണെന്നു വിശ്വസിക്കാൻ പ്രയാസമില്ല. മെക്സിക്കോയിലെ ഇൻഡ്യൻ ഭാഷകൾ (മിക്സ്ടെക്കോ, മായാ, സവോടെക്ക് മുതലായ 27 ഭാഷകൾ) സംസാരിക്കുന്നവർ ഇന്നു മെക്സിക്കോയിൽ ആകെയുള്ളവരുടെ 7.5 ശതമാനമേ വരൂ; പക്ഷേ, 'മെക്സിക്കൻ—ഇൻഡ്യൻ' വാക്കുകൾ അവിടെ സൎവ്വസാധാരണയായി ഉപയോഗിക്കുന്ന സ്പാനിഷ്ഭാഷയിൽ ഒട്ടധികം കലർന്നുചേൎന്നിട്ടുണ്ടു്. ബ്രിട്ടീഷ്വാഴ്ചയുടെ ഫലമായി ഇംഗ്ലീഷ്ഭാഷയ്ക്കു് ഇൻഡ്യൻസംസ്കാരത്തിൽ കിട്ടിയ ആധിപത്യത്തിൽ തുലോം കൂടുതലാണു്, സ്പാനിഷ്ഭരണത്തിൻെറ ഫലമായി സ്പാനിഷ്ഭാഷയ്ക്കു മെക്സിക്കോയിൽ കിട്ടിയ സ്ഥാനമെന്നു പറയാം. പക്ഷേ, ഈ വ്യത്യാസം ആലോചിക്കുമ്പോൾ സ്പാനിഷ്ഭരണത്തിൻെറ ദൈർഘ്യവും, സ്വഭാവവും, അതിനുമുൻപുണ്ടായിരുന്ന മെക്സിക്കൻസംസ്കാരത്തിൻെറ പരിമിതമായ വ്യാപ്തിയും ഓൎമ്മിക്കേണ്ടതാണു്. സ്പാനിഷ്ഭരണം 1519 മുതൽ 1821 വരെ നീണ്ടുനിന്നു; അതുകഴിഞ്ഞു വേറൊരു നൂറുവർഷംകൂടി കഴിഞ്ഞേ മെക്സിക്കോ രാജ്യത്തിനു് പൂൎണ്ണമായി സ്വാതന്ത്ര്യം കിട്ടിയുള്ളു.

സ്പാനിഷ് വാഴ്ചക്കുശേഷം വന്ന ഫ്റഞ്ച്യകാർ, ഇംഗ്ലീഷുകാർ, അമേരിക്കക്കാർ എന്നീ മൂന്നുതരം വെള്ളക്കാരും വലിയ പട്ടണങ്ങളിൽ വേറെ വേറെ സ്ഥാനം പിടി

ച്ചിട്ടുള്ളതായി തോന്നുന്നു. അനേക ശതാബ്ദങ്ങളിലായുള്ള കലർച്ചയുടെ ഫലമായി സ്പാനിഷ്കാരും, ഇൻഡ്യാക്കാരും തമ്മിലുള്ള വ്യത്യാസം മുൻപു സൂചിപ്പിച്ചതുപോലെ പല സ്ഥലങ്ങളിലും അവ്യക്തമായേ കാണാൻ സാധിക്കു. പൊതുവിൽ പറയുകയാണെങ്കിൽ, ഗ്രാമങ്ങളിൽ ദരിദ്രരായി 'നാടൻമട്ടിൽ' താമസിക്കുന്നവരെ ഇൻഡ്യാക്കാരെന്നും, യൂറോപ്യൻരീതിയിൽ വേഷധാരണം ചെയ്ത് കുറേക്കൂടി 'പരിഷ്കൃതരീതി'യിൽ പട്ടണങ്ങളിൽ താമസിക്കുന്നവരെ യൂറോപ്യന്മാരെന്നും കണക്കാക്കിവരുന്നു. 'നഗരവാസികളും' 'ഗ്രാമീണരും' തമ്മിലുള്ള വ്യത്യാസമാണ്, നഗരങ്ങളിൽ അധിവസിക്കുന്ന ഭിന്നജാതിക്കാരുടെ ജീവിതരീതിയിലുള്ള വ്യത്യാസങ്ങളേക്കാൾ വലുതായി തോന്നുന്നതു്. നഗരങ്ങളിൽ ഇതിലേക്കും വലിയതും തലസ്ഥാനവുമായ മെക്സിക്കോനഗരത്തിൽ 22 ലക്ഷം ആളുകളും അതുകഴിഞ്ഞു് അടുത്ത വലിയ പട്ടണങ്ങളായ ഗ്വാഡലഹാര (Guadalajara), മൊണ്ടെറെ (Monterrey) എന്നീ സ്ഥലങ്ങളിൽ അതിൽ തുലോം കുറവായ 4 ലക്ഷം ആളുകൾ വീതവുമാണു്. തലസ്ഥാനനഗരിയിലാണു് രാഷ്ട്രീയവും സാംസ്കാരികവും ആയ ജീവിതം കേന്ദ്രീകരിച്ചിരിക്കുന്നതു്; അവിടെയാണു് വിദേശിയർ അധികവും കുടിയേറി പാർക്കുന്നതും. പട്ടണങ്ങളെ വേർപെടുത്തുന്ന വിശാലമായ തരിശുഭൂമികളുടെ ഇടയ്ക്കിടയ്ക്കു് ചെറിയ ഗ്രാമങ്ങളിൽ കൂട്ടംകൂട്ടമായി ഗ്രാമീണരുടെ വീടുകൾ കാണാം. പ്രത്യേകം പറമ്പുകളിൽ വീടുകെട്ടി താമസിക്കുന്ന കേരളീയസമ്പ്രദായത്തിനേക്കാൾ, ഒന്നിച്ചുചേർന്നു നില്ക്കുന്ന തമിഴ്നാടിലും മററുമുള്ള ഗ്രാമങ്ങളുടെ സമ്പ്രദായമാണു് ഇവിടെയും ഉള്ളതു്. അടിക്കടി വന്നുകൊണ്ടിരുന്ന ആക്രമണങ്ങളും, കലാപങ്ങളും ആയിരിക്കാം ഒരു

പക്ഷേ, ഈ സമ്പ്രദായത്തിനു കാരണം. മെക്സിക്കോ ഗ്രാമങ്ങളിലെ പാവപ്പെട്ട ആളുകളും, ഓലകെട്ടിയ കെട്ടിടങ്ങളും, കൃഷിസ്ഥലങ്ങളും നമ്മുടെ നാട്ടിലുള്ള ഉൾനാടുകളിലെ ജീവിതരീതിയെ ഓർമ്മിപ്പിക്കും. വെള്ളക്കാരുടെ അതിപ്രസരമുള്ള പട്ടണങ്ങളേക്കാൾ, മെക്സിക്കോയിലെ ആദിമനിവാസികളായ ഇൻഡ്യാക്കാരുടെ സംസ്കാരം കുറേക്കൂടി സ്ഥായിയായി ഈ ഗ്രാമങ്ങളിൽ നിലനിന്നുപോരുന്നു.

മെക്സിക്കോയിലെ അധികം ആളുകളും കൃഷികൊണ്ടു് ഉപജീവനം കഴിക്കുന്നവരാണു്. 1921—ൽ 83 ശതമാനം ആളുകളും ഇപ്രകാരം ജീവിച്ചിരുന്നവരായിരുന്നു എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. വ്യാവസായികമായ പുരോഗമനംകൊണ്ടു് ഈ ശതമാനം ഇപ്പോൾ ഏതാണ്ടു് അൻപത്തെട്ടായി കുറഞ്ഞിരിക്കുന്നു. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം വ്യാവസായികപുരോഗമനം ഇത്രതന്നെ അഭിവൃദ്ധിപ്പെട്ടിട്ടില്ല എന്നു പറയേണ്ടിയിരിക്കുന്നു. ഇൻഡ്യയിൽ കാർഷികവൃത്തികൊണ്ടു് ഉപജീവിക്കുന്നവരുടെ സംഖ്യ 1921—ലെ 72 ശതമാനത്തിൽനിന്നു് 1951—ൽ 70 ശതമാനമായിട്ടേ കുറഞ്ഞിട്ടുള്ളു. ഈ കാലഘട്ടത്തിനുള്ളിൽ കൂടിവന്ന ജനങ്ങൾ മിക്കവാറും കാർഷികജീവിതത്തിലേയ്ക്കുതന്നെയാണു പോയിട്ടുള്ളതു്. അതായതു്, അവർക്കു വ്യാവസായികജീവിതത്തിൽ ചേരത്തക്കവണ്ണം വ്യവസായങ്ങൾ അഭിവൃദ്ധിപ്പെട്ടുവന്നില്ല. ഈ വ്യത്യസ്തമായ വികാസത്തിൻെറ ഒരു ഫലം ശരാശരി വരുമാനം വർദ്ധിച്ചുവന്ന നിരക്കിൽ കാണാവുന്നതാണു്. മെക്സിക്കോയിൽ ഒരാൾക്കുള്ള ശരാശരി വരുമാനം 1940—ൽ 316 പേസോ (Peso) ആയിരുന്നു; 1950—ൽ, ഈ വരവു് 1181 പേസോ ആയി. ഇൻഡ്യയിൽ ഒരാളുടെ

ശരാശരിയുള്ള വരുമാനം 1950–51–ൽ 250 ക.യും, 1955–56–ൽ 270 ക.യും ആണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഒരു രൂപായുടെ വില കഷ്ടിച്ച് മൂന്നു മെക്സിക്കൻ പേസോവിനു തുല്യമാണെന്നു പറയുമ്പോൾ, മെക്സിക്കോയിലെ ശരാശരി വരുമാനം ഇൻഡ്യയിലുള്ളതിൽ ഇരട്ടിയാണെന്നു മനസ്സിലാക്കാൻ കഴിയും; അവിടത്തെ വേതനത്തിൻെറ നിരക്കും ഏതാണ്ടിതേ കണക്കനുസരിച്ചാണ്. ഈ സാമ്പത്തികപുരോഗമനത്തിൻെറ ഒരു കാരണം വിദേശമേധാവിത്വത്തിൽനിന്നു മെക്സിക്കോ സ്വാതന്ത്ര്യമായിട്ട് അരശതാബ്ദത്തോളം കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണെന്നു സംശയമില്ല. ഇതിനിടയ്ക്ക് ഊർജ്ജസ്വലമായ ഒരു സാമ്പത്തികനയം അവിടെ നടപ്പിൽ വന്നിട്ടുമുണ്ട്. ഇൻഡ്യ ഇപ്പോൾ ആ വഴിക്കു തിരിച്ചിട്ടേയുള്ളു.

1910–ലെ മെക്സിക്കൻ വിപ്ലവം കഴിഞ്ഞു്, ഒരു പുതിയ ഭരണഘടനയുടെകീഴിൽ നവീനമെക്സിക്കൻ രാഷ്ട്രീയചരിത്രം ആരംഭിച്ചതു് 1917 മുതൽക്കാണ്. 1917–ൽ അംഗീകരിച്ച ഭരണഘടനയ്ക്കും, 1947–ൽ സ്വാതന്ത്ര്യം നേടി 1950–ൽ പുതിയതായി സ്വീകരിച്ച ഇൻഡ്യൻഭരണഘടനയ്ക്കും തമ്മിൽ പലേ സാമ്യവശങ്ങളുണ്ട്. സാമുദായികവും, സാമ്പത്തികവും ആയി അനുവർത്തിക്കേണ്ട നയത്തിൻെറ ചില മൗലികതത്വങ്ങളും, വ്യക്തിസ്വാതന്ത്ര്യത്തെ പുരസ്കരിച്ച പല അവകാശങ്ങളും, ഇൻഡ്യൻ ഭരണഘടനയിലെന്നപോലെ മെക്സിക്കൻ ഭരണഘടനയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി പ്രാഥമികവിദ്യാഭ്യാസം സൗജന്യമായി കൊടുക്കേണ്ടതാണെന്നു മെക്സിക്കൻഭരണഘടന സൂചിപ്പിച്ചിരിക്കുന്നു. വിദ്യാഭ്യാസം സ്ഥിതിസമത്വവാദതത്വങ്ങൾക്കു് അനുസരിച്ചായിരിക്കണമെന്നും, സ്റ്റേറാണു വിദ്യാഭ്യാസം

കൊടുക്കേണ്ടതെന്നും ഈ ഭരണഘടനയിൽ പ്രഖ്യാപിച്ചിരിക്കുന്നു; കൂടാതെ മതസ്ഥാപനങ്ങൾ പള്ളിക്കൂടങ്ങളുടെ നടത്തിപ്പിൽ ഇടപെടരുതെന്നുംകൂടി ഭരണഘടനയിൽ കാണാം. മെക്സിക്കോയിൽ മതസംബന്ധമായി ഗവണ്മെൻറിനുള്ള വിദ്വേഷത്തിൻെറ കാരണങ്ങളെപ്പറ്റി ഈ അവതാരികയിൽ അന്യത്ര പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസസംബന്ധമായ നയത്തിൻെറ ഫലമായി മെക്സിക്കോയിൽ, അക്ഷരാഭ്യാസമില്ലാത്തവരുടെ സംഖ്യ കഴിഞ്ഞ അൻപതുവർഷത്തിനുള്ളിൽ 78 ശതമാനത്തിൽനിന്ന് 54 ശതമാനമായി കുറഞ്ഞിരിക്കുന്നു. പതിന്നാല്യ വയസ്സുവരെയുള്ള വിദ്യാഭ്യാസം പത്തുവർഷത്തിനകം (അതായതു് 1960–61 മുതൽ) നിർബ്ബന്ധിതവും, സൗജന്യവും ആയിരിക്കണമെന്ന് ഇൻഡ്യൻഭരണഘടനയും പ്രഖ്യാപിക്കുന്നു. ഈ നയത്തിൻെറ ഫലമായി ഇൻഡ്യയിലെ അക്ഷരാഭ്യാസമില്ലാത്തവരുടെ സംഖ്യ ഇപ്പോഴത്തേതിൽ തുലോം കുറയുമെന്നു വിചാരിക്കാം. കഴിഞ്ഞ അൻപതു വർഷക്കാലമായി ഈ സംഖ്യ 94 ശതമാനത്തിൽനിന്ന് 82 ശതമാനമായേ കുറഞ്ഞിട്ടുള്ളു എന്നു പറയേണ്ടിയിരിക്കുന്നു. ഫ്റാൻസ് മുതലായ ചില പാശ്ചാത്യരാജ്യങ്ങളിൽ ഇതേ കാലഘട്ടത്തിലുള്ള കുറവ് 16 ശതമാനത്തിൽനിന്നു 3 ശതമാനംവരെയാണ്.

സാമ്പത്തികമായ നയത്തെക്കുറിച്ചുള്ള ഭാഗങ്ങളിലാണു മെക്സിക്കൻഭരണഘടനയ്ക്കും, ഇൻഡ്യൻഭരണഘടനയ്ക്കും അതിയായ സാമ്യം ഉള്ളതു്. മെക്സിക്കൻഭരണഘടനയിലെ 27–ാം ഘടകം (Article) ഇപ്രകാരമാണ്: "സ്വകാര്യസ്വത്തിൽ, പൊതുതാല്പര്യത്തിനുവേണ്ടി ആവശ്യമുള്ള നിയന്ത്രണങ്ങൾ ചുമത്താൻ, രാഷ്ട്രത്തിന് എപ്പോഴും അവകാശമുണ്ടായിരിക്കും; അതുപോലെ പ്രകൃതിദത്തമായ

സമ്പത്തു രക്ഷിച്ചുകൊണ്ടുപോകുന്നതിനും, പൊതുസ്വത്തിന്റെ ന്യായമായ വിഭജനം നേടുന്നതിനും, വേണ്ട വിധം അതിന്റെ ഉപയോഗം ക്രമീകരിക്കുന്നതിനും രാഷ്ട്രത്തിന് അവകാശമുണ്ടായിരിക്കും. ഈ ഉദ്ദേശങ്ങൾക്കു വേണ്ടി, വലിയ ഭൂമി ഉടമകൾ വിഭജിക്കുന്നതിനും, ചെറിയ വസ്തുക്കൾ വികസിപ്പിക്കുന്നതിനും, കാർഷികമായ പ്രോത്സാഹനത്തിനു സ്ഥലജലപദ്ധതികൾ നടപ്പിലാക്കി പുതിയ കാർഷികസമൂഹങ്ങളെ സൃഷ്ടിക്കുന്നതിനും, പ്രകൃതിദത്തമായ സമ്പത്തു നശിപ്പിക്കാതിരിക്കാനും, വസ്തുക്കൾ സമുദായത്തിനു ഹാനി വരാതെയിരിക്കത്തക്ക വണ്ണം രക്ഷിക്കുന്നതിനും മററും വേണ്ട നടപടികൾ എടുക്കേണ്ടതാണ്." ഇൻഡ്യൻ ഭരണഘടനയുടെ 39-ാം ഘടകത്തിലും ഏതാണ്ടിതുപോലെയുള്ള ചില നിർദ്ദേശങ്ങൾ കാണാം: "രാജ്യത്തിലെ ഭൗതികസമ്പത്തിന്റെ ഉടമസ്ഥതയും, നിയന്ത്രണവും പൊതുനന്മയ്ക്കുപകരിക്കേണ്ട വിധം വിഭജിക്കാനും, സാമ്പത്തികസമ്പ്രദായത്തിന്റെ പ്രവർത്തനംകൊണ്ടു വസ്തുക്കളും, സാധനനിർമ്മാണോപകരണങ്ങളും, അപായമായവിധം കൂട്ടുചേർന്നു കിടക്കാതിരിക്കാനും രാഷ്ട്രം സൂക്ഷിക്കേണ്ടതാണ്."

മെക്സിക്കൻഭരണഘടനയിൽ പ്രഖ്യാപിച്ച സാമ്പത്തികനയമനുസരിച്ച്, ഏതാണ്ടു പകുതിയിലധികമുള്ള കൃഷിസ്ഥലങ്ങൾ ഇപ്പോൾ ഗവൺമെൻറ് ഉടമസ്ഥതയിലാക്കിയിട്ടുണ്ട്. പല സ്ഥലങ്ങളിലും, ഗവൺമെൻറ് പ്രോത്സാഹനത്തിൽ പരസ്പരസഹായസംഘങ്ങൾ രൂപീകരിച്ച് ആ സംഘങ്ങൾവഴി ഗ്രാമീണകുടുംബങ്ങൾ പൊതു കൃഷി നടത്തിപ്പോരുന്നു. ഈ സമ്പ്രദായത്തിനെ ടെഹീഡോ (Tejido) എന്നു വിളിക്കപ്പെടുന്നു. ടെഹീഡോ കൃഷിയിൽ ഓരോ കുടുംബത്തിനും 6 ഏക്കർ സ്ഥലം

കൃഷിചെയ്യാനുള്ള അവകാശമുണ്ട്. സുമാർ 30 ലക്ഷം കുടുംബങ്ങൾ ഈ സമ്പ്രദായത്തിൽ കൃഷി ചെയ്തു ജീവിക്കുന്നവരാണ്. സ്പാനിഷ്ഭരണകാലത്ത് നിലവിലിരുന്ന വമ്പിച്ച ജന്മിഭൂസ്വത്തുക്കൾ (അവയെ അസിയൻഡാ Hacienda എന്നു വിളിച്ചുപോന്നു) ആണ് ഈ വിധം വിഭജിച്ചു പരസ്പരസഹായസംഘങ്ങളായി രൂപീകരിക്കപ്പെട്ടത്. ഈ സാമ്പത്തികനയത്തിന്റെ വേറൊരു വശം വിദേശീയരുടെ ഉടമസ്ഥതയിൽ നടന്നിരുന്ന പെട്രോളിയം കമ്പനി 1938-ൽ ദേശീയമാക്കിയതാണ്. പൊതുവെ പറയുകയാണെങ്കിൽ, സ്ഥിതിസമത്വസമ്പ്രദായത്തിന് അനുകൂലമായ ഒരു നയമാണ് ഗവണ്മെന്റ് അനുവർത്തിച്ചുപോരുന്നത്. ഭരണഘടനയിലെ നിർദ്ദേശങ്ങളും, മെക്സിക്കൻജനതയുടെ പാരമ്പര്യമായ സ്വഭാവവും, സാമ്പത്തികവും സാമുദായികവുമായ കാര്യങ്ങളിൽ നേതൃത്വം വഹിക്കാൻ ഗവണ്മെന്റിനു സഹായമായി തീർന്നിട്ടുണ്ട്.

മെക്സിക്കൻജീവിതരീതിയുടെ ആകെയുള്ള സമ്പ്രദായം ആലോചിച്ചുനോക്കുമ്പോൾ, നമ്മുടെ ജീവിതത്തിൽനിന്നു പ്രധാനമായി രണ്ടുവിധത്തിൽ അതു ഭിന്നമായിരിക്കുന്നു എന്നു തോന്നുന്നു. ഈ വ്യത്യാസങ്ങൾ, ഒന്നാമത് അവിടെ മതത്തിനുള്ള സ്ഥാനത്തിനെയും, രണ്ടാമത്, പ്രജായത്തസമ്പ്രദായത്തിന്റെ അവിടത്തെ നടത്തിപ്പിനേയും ആസ്പദമാക്കിയാണ്. ഒരു കത്തോലിക്കാശക്തിയായ സ്പെയിനിന്റെ ആധിപത്യത്തിൽ അനേകവർഷങ്ങൾ കഴിഞ്ഞതുകൊണ്ട് മെക്സിക്കോയിലെ മുഖ്യമതം കത്തോലിക്കാമതമാണ്. പക്ഷേ, പണവും പ്രതാപവും ആർജ്ജിച്ച്, മതാധികാരികളും മതസ്ഥാപനങ്ങളും സാധാരണജനങ്ങളുടെമേൽ ചുമത്തിവന്ന 'ചൂഷണ'നയ

ത്തിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും മതസംബന്ധമായ മനോഭാവത്തിൽ കാണാം. 1821–ൽ രാജ്യത്തിലുണ്ടായിരുന്ന ഭൂസ്വത്തിന്റെ പകുതിയും, പള്ളികളുടെ വകയായിരുന്നു എന്നു പറയുമ്പോൾ, മതസ്ഥാപനങ്ങൾക്കു മെക്സിക്കോയിൽ ഉണ്ടായിരുന്ന സ്വാധീനശക്തി മനസ്സിലാക്കാൻ സാധിക്കും. ഇപ്പോൾ, സാധാരണജനങ്ങൾക്കു കത്തോലിക്കാമതതത്വങ്ങളിൽ അടിയുറച്ചുള്ള ഒരു വിശ്വാസത്തിനോടൊപ്പം, മതസ്ഥാപനങ്ങളോടു പൊതുവേ ഒരു അവജ്ഞയുള്ളതുപോലെ എനിക്കു തോന്നി. ഈ പള്ളിവിദ്വേഷത്തിന്റെ ഒരു പ്രതിഫലനം മെക്സിക്കൻഭരണഘടനയിൽ പലഭാഗത്തും കാണാം. 1857 മുതൽ കത്തോലിക്കാമതം ഔദ്യോഗികമതമല്ലാതായിത്തീരുകയും, 1917–ൽ, പള്ളികളുടെ സ്വത്തുക്കൾ എല്ലാം ഗവണ്മെന്റ വകാശത്തിൽപ്പെടുത്തുകയും, പള്ളികളുടെ പ്രവൎത്തനം കൎശനമായ ഗവണ്മെന്റ് നിയന്ത്രണത്തിൽമാത്രമേ നടത്താവൂ എന്നുള്ള നിയമം അംഗീകരിക്കപ്പെടുകയും ചെയ്തതോടുകൂടി പള്ളികളുടെ പ്രതാപത്തിനു കുറെ കുറവുവന്നു. പക്ഷേ, ഈമാതിരി നടപടികൾ എടുത്തതുകൊണ്ടുമാത്രം ചിരപ്രതിഷ്ഠമായ മതസ്ഥാപനങ്ങളുടെ പ്രതാപം തീരെ അസ്തമിച്ചുകഴിഞ്ഞു എന്നു വിചാരിക്കേണ്ട. ഇപ്പോൾ ആ സ്ഥാപനങ്ങൾക്കു ഭൂസ്വത്തു വാങ്ങുന്നതിന് അവകാശമില്ലെങ്കിലും വേറെ പേരിൽ വസ്തുക്കൾ സമ്പാദിച്ച്, അവ ഇന്നും ഒരു സാമ്പത്തിക'ശക്തി'യായിത്തന്നെ കഴിഞ്ഞുകൂടുന്നു. ഭരണാധികാരികളും മതസ്ഥാപനങ്ങളും തമ്മിൽ മെക്സിക്കോയിലെ അത്ര അടുത്ത ഒരു ബന്ധം ഇൻഡ്യയിൽ ഇല്ലാതിരുന്നതുകൊണ്ട് ഈമാതിരി അവൎത്തങ്ങളിൽ ഒരു മത്സരത്തിന് ഇൻഡ്യയിൽ അവസരം ഉണ്ടായിട്ടില്ല. മതങ്ങളേസംബന്ധിച്ച് ഒരു സഹിഷ്ണുതയാണ്

ഇൻഡ്യൻഭരണഘടനയിൽ കാണുന്നതു്; അല്ലാതെ മത സംബന്ധമായ വിദ്വേഷത്തിനു് അവിടെ സ്ഥാനമില്ല.

നീണ്ടുനിന്ന സ്പാനിഷ് മേൽക്കോയ്മയുടെ ഫലമായി സാമുദായികജീവിതത്തിൽ പൊതുവേയും, രാഷ്ട്രീയജീവിതത്തിൽ പ്രത്യേകിച്ചും ഒരു ഏകച്ഛത്രാധിപത്യത്തിന്റെ ലാഞ്ഛനകൾ കാണാം. തൊഴിലാളിസംഘങ്ങളും, രാഷ്ട്രീയകക്ഷികളും, തിരഞ്ഞെടുപ്പും, മററു സാമുദായികശ്രമങ്ങൾ എല്ലാംതന്നെയും, നേതാക്കന്മാർ നിശ്ചയിക്കുന്ന വഴിക്കു തിരിച്ചുവിടുന്ന ഒരു സമ്പ്രദായമാണു നിലവിലുള്ളതു്. മുകളിൽനിന്നു താഴോട്ടുള്ള ഈ പൊതുജീവിതത്തിന്റെ ഒഴുക്കു്, പ്രജായത്തസമ്പ്രദായങ്ങൾ സ്വീകരിച്ചിട്ടുള്ള മററു രാജ്യങ്ങളിൽ കാണുന്നതിനേക്കാൾ ശക്തിമത്തായി മെക്സിക്കോയിൽ കാണുന്നു. ഏതെങ്കിലും ഒരു വ്യക്തിയുടെ പ്രഭാവത്തിന്റെ തണലിൽ അനുയായികൾ കൂട്ടുചേരുകയും, അവർ മററു സാധാരണക്കാരെ ആ തണലിലേക്കു തന്നെ ആനയിക്കുകയുമാണു ചുരുക്കത്തിൽ ഈ സമ്പ്രദായം. ഇതിന്റെ ഒരു പ്രതിഫലനം, ഭരണാധികാരികൾക്കു ശക്തിയായ എതിരില്ലെന്നുള്ളതാണു്; മററൊന്നു്, രാഷ്ട്രീയാഭിപ്രായഗതിക്കു താഴെ നിന്നു സമാധാനപരമായി മേലോട്ടുയന്നുപോകാൻ സാധിക്കുന്നില്ലെന്നുള്ളതാണു്. സാധാരണജനങ്ങളുടെ രാഷ്ട്രീയ അഭിപ്രായങ്ങൾ പൊട്ടിപ്പുറപ്പെടുന്നതിനു് മുഷ്കും, ഭീകരപ്രസ്ഥാനങ്ങളും പലപ്പോഴും അവശ്യം വേണ്ടിവന്നേക്കും. സ്പാനിഷ്ഭരണത്തിന്റെ കീഴിൽ കഴിച്ച മററു ചില തെക്കേഅമേരിക്കൻ രാജ്യങ്ങളിൽ ഈമാതിരിയുള്ള സമ്പ്രദായത്തിന്റെ ഫലമായി ഭരണാധികാരികളെ പെട്ടെന്നു മാററിയിട്ടുണ്ടു്. പക്ഷേ, മെക്സിക്കോയിൽ കുറേക്കാലമായി വിപ്ലവങ്ങളൊന്നുമില്ലാതെ ഭരണാധികാരം മാറ്റാൻ കഴിഞ്ഞിട്ടുണ്ടു്. ഈ സ്ഥിരത

പ്രജായത്തസമ്പ്രദായം അഭിവൃദ്ധിപ്പെട്ടുവരാൻ സഹായിക്കുമെന്നുവിശ്വസിക്കാം. കുറേക്കാലമായി, വ്യവസ്ഥാപിതമായ വിപ്ലവകക്ഷി (Partido Revolucionario Institucional) എന്നു വിളിച്ചുവരുന്ന ഒരു രാഷ്ട്രീയകക്ഷിയാണു ഭരണം നടത്തുന്നതു്. അതിൻെറ നയവും പ്രജായത്താദശ്ശങ്ങളെ പോഷിപ്പിക്കത്തക്കതാണു്.

രാഷ്ട്രീയജീവിതത്തിൻെറ പൊതുവിലുള്ള സ്വഭാവത്തിനു ഒരു സവ്വാധിപത്യച്ഛായ ഉണ്ടെങ്കിലും, ഭരണകൂടത്തിനെ സംബന്ധിച്ചുള്ള നിബന്ധനകൾ തികച്ചും പ്രജായത്താദർശങ്ങൾക്കനുസരിച്ചവയാണു്. സകല പൗരന്മാക്കും 'വോട്ട'വകാശമുണ്ടു്. ഭരണകൂടത്തിൻെറ മൂന്നു പ്രധാന ഭാഗങ്ങളും (നിയമനിമ്മാണവിഭാഗം; നിവ്വാഹകവിഭാഗം, നിയമവിഭാഗം) തമ്മിൽ ഒന്നു്ഒന്നിനേക്കാൾ തുലോം കൂടുതൽ ശക്തിയിൽ വരാതിരിക്കത്തക്കവണ്ണമുള്ള വ്യവസ്ഥകൾ ഏർപ്പാടുചെയ്തിട്ടുണ്ടു്. മെക്സിക്കൻ ഐക്യനാടുകളിലെ 29 സ്റ്റേററിനും, കേന്ദ്രഗവണ്മെൻറിനും ഏതാണ്ടു് ഒരേ തരത്തിലുള്ള ഭരണകൂടമാണു്.

കേന്ദ്രഗവണ്മെൻറിലെ നിയമനിമ്മാണവിഭാഗം രണ്ടു സഭകൾ അടങ്ങിയതാണു്. അവയിൽ ആദ്യത്തെ (കോൺഗ്രസ്സ് എന്നാണിതിനു പേരു്) ജനസഭയിൽ, 1,50,000 ആളുകൾക്കു് ഒരു പ്രതിനിധി എന്ന കണക്കിനു് ഇരുനൂറോളം അംഗങ്ങളുണ്ടു്; ഉപരിസഭ('സെനറ്റ്'') യിൽ ഓരോ സ്റ്റേററിൽനിന്നും ഈരണ്ടു അംഗങ്ങളും, ഫെഡറൽ ഡിസ്ട്രിക്ടിൽനിന്നു രണ്ടു അംഗങ്ങളുംകൂടി അറുപതു് അംഗങ്ങളുണ്ടു്. പ്രസിഡൻറും, മന്ത്രിമാരുമാണു് നിവ്വാഹകവിഭാഗത്തിലെ പ്രധാന അംഗങ്ങൾ. പ്രസിഡൻറിനെ നേരിട്ടു് ആറുവർഷത്തേക്കു തിരഞ്ഞെടുക്കുകയും, മററു മന്ത്രിമാരെ അദ്ദേഹം നിയമിക്കുകയും ആണു്

പതിവ്. മന്ത്രിസഭയ്ക്കു പ്രസിഡൻറിനോടല്ലാതെ നിയമനിർമ്മാണസഭയോട്ട് ഉത്തരവാദിത്വമില്ല. ഈ കാര്യത്തിൽ മെക്സിക്കൻ ഭരണകൂടം അമേരിക്കൻ ഐക്യനാടുകളിലെ സമ്പ്രദായത്തിനെ അനുകരിക്കുന്നു. പക്ഷേ, വൈസ് പ്രസിഡൻറ് എന്ന ഉദ്യോഗമില്ല. മെക്സിക്കോയിലെ വേറൊരു വിശേഷത നിയമനിർമ്മാണസഭ കൂടാതിരിക്കുമ്പോൾ, സെനററിൽനിന്നും കോൺഗ്രസ്സിൽനിന്നും 14 അംഗങ്ങൾവീതം അടങ്ങിയ ഒരു സമിതി ഭരണകൂടത്തിൻെറ ഒരു ഭാഗമായി സ്ഥാപിക്കപ്പെട്ടിട്ടുണ്ട് എന്നുള്ളതാണ്. നിയമവിഭാഗത്തിൽ, സുപ്രീംകോടതിയിലെ ജഡ്ജിമാരെ കാലാവധിയില്ലാതെ സെനററാണു നിയമിക്കുന്നതു്; മററുള്ള ജഡ്ജിമാരെ ഒരു കാലാവധിവരെയാണു നിയമിക്കാറുള്ളതും.

ഭരണം ഏറെറടുത്തിരിക്കുന്ന ഔദ്യോഗികരാഷ്ട്രീയ കക്ഷിയുടെ നേതാവെന്ന നിലയ്ക്കു പ്രസിഡൻറിനു ഭരണഘടനയിൽ ഉൾപ്പെടാത്ത പല അധികാരങ്ങളും നിക്ഷിപ്തമായിട്ടുണ്ട്. ഈ അധികാരവ്യാപ്തി ഉപയോഗിച്ച് ഒരാൾ വീണ്ടും ഭരിച്ചുകൊണ്ടുപോകാതിരിക്കാനായി ഒരാളിനെത്തന്നെ രണ്ടു പ്രാവശ്യം പ്രസിഡൻറായി തിരഞ്ഞെടുക്കരുതെന്നു് ഒരു നിബന്ധനയും നടപ്പിൽ വന്നിട്ടുണ്ട്. മെക്സിക്കൻരാഷ്ട്രീയചരിത്രത്തിൽ, പ്രസിഡൻറന്മാർ സർവ്വാധിപതികളായി തുടൎന്നുപോകാൻ നോക്കുന്ന ഒരു പ്രവണത ഉണ്ടായതിനുശേഷമാണു് ഇപ്രകാരം ഒരു നിബന്ധന വേണമെന്നു നിശ്ചയിച്ചതു്.

* * *

മേൽവിവരിച്ചപ്രകാരമുള്ള ഒരു നാട്ടിൽ കഴിച്ച ദിവസങ്ങളേപ്പററിയുള്ള കുറിപ്പുകളാണു് ഈ പുസ്തക

ത്തിൻെറ ഉള്ളടക്കം. ഈ കുറിപ്പുകൾ മിക്കവാറും വ്യക്തിപരമായ എൻെറ അനുഭവങ്ങളെ ആസ്പദമാക്കിയുള്ളവയായതുകൊണ്ടു് ആ നാട്ടിലെ രാഷ്ട്രീയവും, സാമ്പത്തികവും, സാമുദായികവുമായ ചില വിവരങ്ങൾ, ആ നാട്ടിലെ ജീവിതരീതി മനസ്സിലാക്കുവാൻ സഹായിക്കുമെന്നു വിശ്വസിക്കുന്നു.

ഞാൻ മെക്സിക്കോയിൽ കഴിഞ്ഞ ദിവസങ്ങളിലേ ഏറിയ ഭാഗവും മെക്സിക്കോനഗരത്തിലായിരുന്നു. ബാക്കിയുള്ള സമയം, രണ്ടോ മൂന്നോ ദിവസങ്ങൾവീതം, ഒറീസ്സാബാ (Orizaba), ഫ്യൂബ്ളാ (Puebla), ഗ്വാഡലഹാര (Guedalajara) എന്നീ സ്ഥലങ്ങളും സന്ദർശിച്ചു. മെക്സിക്കോനഗരത്തിലെ കാഴ്ചകൾ, എനിക്കു സുപരിചിതമായിത്തീർന്ന ജെനീവാജീവിതത്തിനെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു; അതുപോലെ മററു സ്ഥലങ്ങൾ എന്നിൽ കേരളീയസ്മരണകൾ ഉണർത്തിക്കൊണ്ടിരുന്നു. മെക്സിക്കോനഗരത്തിൻെറ ഏതുഭാഗത്തുനിന്നു നോക്കിയാലും, എപ്പോഴും മഞ്ഞു കൂടികൊണ്ടിരുന്ന പർവ്വതശിഖരങ്ങൾ അങ്ങു ദൂരെ കാണാം; ഈ പർവ്വതശിഖരങ്ങളുടെ പൊക്കം ജെനീവായിൽനിന്നു നോക്കിയാൽ കാണുന്ന മൗണ്ട്ബ്ളാങ്കിൻെറ പൊക്കത്തിൽ (15,782 അടി) രണ്ടായിരത്തോളം അടി കൂടിയിരുന്നു. ഗ്വാഡലഹാരയുടെ പരിസരപ്രദേശങ്ങൾ കേരളത്തിലെ വെറും ഉൾനാട്ടുകൾപോലെയിരുന്നു. പൊടിനിറഞ്ഞ പാതകൾ, കാളവണ്ടികൾ, ജനവാസംകുറഞ്ഞ സ്ഥലങ്ങൾ, ഇവയെല്ലാം എനിക്കു് സുപരിചിതമായി തോന്നി. പനകളും, വാഴക്കൂട്ടങ്ങളും ചുററുമുള്ള ഒരു മുസാവരി ബംഗ്ലാവിൽ, അടുത്തുള്ള 'ചപാലാ' കായലിനു് അഭിമുഖമായി സ്വച്ഛന്ദമായ ശാന്തതയിലേക്കു

നോക്കിക്കൊണ്ടിരുന്നപ്പോൾ പെട്ടെന്നു നമ്മുടെ നാട്ടിൽ തിരിയെ എത്തിയപോലെ എനിക്കനുഭവപ്പെട്ടു.

എൻെറ സ്ഥിരതാമസസ്ഥലമായ ജെനീവായേയും ജന്മസ്ഥലമായ കേരളത്തിനേയും ഓർമ്മിപ്പിക്കുന്ന മെക്സിക്കൻനാട്ടുകളിൽ കഴിച്ച ദിവസങ്ങൾക്കു് ഒരു പ്രത്യേക രസം ഉള്ളതായി തോന്നിയതിൻെറ കാരണം എനിക്കിപ്പോൾ സ്പഷ്ടമാണു്. പക്ഷേ, മെക്സിക്കൻസന്ദർശനത്തിൽ എനിക്കുണ്ടായ രസം അന്യരെ ബോദ്ധ്യപ്പെടുത്തുവാൻ ഈ യാത്രക്കുറിപ്പുകൾ പര്യാപ്തമാണെന്നു ഞാൻ അവകാശപ്പെടുന്നില്ല. ചില മെക്സിക്കൻ അനുഭവങ്ങളെ അനുസ്മരിപ്പിക്കുന്ന കുറെ യാത്രക്കുറിപ്പുകൾ എന്ന നിലയ്ക്കുമാത്രം ഞാൻ ഈ ലഘുകൃതിയെ കൈരളീസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ജെനീവാ
12-3-1958

സീ. ബി. കുമാർ

ജെനീവാ
18 നവംബർ 1955

വീണ്ടും അവിചാരിതമായി ഞാൻ യാത്രപുറപ്പെട്ടു കയാണു്. എവിടേയ്ക്കെങ്കിലും ഉള്ള യാത്ര, ഒരു സ്ഥല ത്തുനിന്നും മററൊരു സ്ഥലത്തേക്കു പോവുകയെന്നുള്ള ലഘുവായ പ്രവൃത്തിയെ തുലോം വലുതായ ഒരു കാര്യമാ യി ഞാൻ കണക്കാക്കുന്നു. എന്തെല്ലാം പുതിയ കാഴ്ചകളും അനുഭവങ്ങളും ആണു പ്രതീക്ഷിക്കുന്നതു്! യാത്രയ്ക്കുള്ള ഒരുക്കങ്ങളും, ബദ്ധപ്പാടുകളും എല്ലാംതന്നെ സംഭവവി ഹീനമായ ദൈനന്ദിനജീവിതത്തിന്റെ ഇടയ്ക്കു വല്ലാത്ത ഒരു ഒച്ചപ്പാടു് ഉണ്ടാക്കുന്നതുപോലെ തോന്നുന്നു.

മററെല്ലാതരത്തിലും ആകർഷണീയമാണെങ്കിലും, സരളമായ കുടുംബജീവിതത്തിനെ ഇതു കുറേ കാലത്തേ ക്കു വിഘാതപ്പെടുത്തുന്നു. ഇന്നു രാവിലെ റയിൽവേ സ്റ്റേഷനിലേക്കു പോയപ്പോൾ വിജയവും, കൊച്ചനിയ നും, കുഞ്ഞനിയനും, രവിയും യാത്രപറയുവാൻ ഒരുങ്ങി നില്പായി. തീവണ്ടിയിൽ കേറി ശാരദയോടു യാത്രപറ ഞ്ഞപ്പോഴും ഈ വേർപാടിൻെറ വേദന എന്നെ വല്ലാ തെ ബാധിച്ചു.

* * *

പാരീസിലേക്കുള്ള തീവണ്ടിയിൽ മെക്സിക്കൻനാട്ടു കളിൽ എത്തിച്ചേരാൻ അക്ഷമരായ ഞങ്ങൾ മൂവരും—

ടോണിയും ഹെർവിയും ഞാനും—ആസനസ്ഥരായി. അവിടെ ഔദ്യോഗികമായ ഒരന്വേഷണത്തിനു മെക്സിക്കൻ ഗവണ്മെൻറിൻെറ ക്ഷണത്തിൻെറ ഫലമായി ഞങ്ങൾ നിയോഗിക്കപ്പെട്ടിരിക്കയാണു്. ആ അന്വേഷണത്തിനു വേണ്ടപ്പെട്ട ചില മുൻചർച്ചകൾ മുഴുവൻ മുഴുമിപ്പിക്കാതെയാണു ഞങ്ങളുടെ പുറപ്പാടു്. അതുകൊണ്ടു് അതിനെപ്പററിയുള്ള ചില ആശങ്കകളും ഞങ്ങളുടെ ഒപ്പം യാത്ര ചെയ്യുകയാണു്.

ചുററുമുള്ള കാഴ്ചകൾ അതിവേഗം പാഞ്ഞു മറയുകയാണു്. ജെനീവാമുതൽ പാരീസുവരെ പലവുരു ഞാൻ യാത്രചെയ്തിട്ടുണ്ടെങ്കിലും, പകൽസമയത്തു ഇതുപോലെ ഇപ്പോൾ ആദ്യമാണു പോകുന്നതു്. വേനൽക്കാലം അവസാനിച്ചിരിക്കുന്നു; എങ്കിലും സ്വച്ഛന്ദമായ പാടങ്ങൾക്കും, വിശാലമായ ഭൂഭാഗങ്ങൾക്കും ഒരു പ്രത്യേക മനോഹാരിത. ഇടയ്ക്കിടയ്ക്കു കെട്ടിടങ്ങളും, വാഹനങ്ങളും, ആളുകളും പ്രത്യക്ഷമാകുന്നു. പെട്ടെന്നു് അപ്രത്യക്ഷമാകുന്നതുകൊണ്ടായിരിക്കാം അവയ്ക്കു് എന്തോ ഒരു പ്രത്യേക പുതുമയും ആകർഷണീയതയും ഉള്ളതുപോലെ തോന്നുന്നതു്. നിരന്തരസമ്പർക്കം നേടിയാൽ ഒരുപക്ഷേ, അങ്ങോട്ടു തിരിഞ്ഞുതന്നെ നോക്കുകയില്ലായിരിക്കാം.

വണ്ടി മാറിക്കേറി പാരീസിലേയ്ക്കു യാത്ര തുടന്നപ്പോൾ, ശാരീരികമായ എൻെറ അസ്വാസ്ഥ്യത്തെപ്പററിയുള്ള വിചാരങ്ങൾ എന്നെ വല്ലാതെ ക്ലേശിപ്പിച്ചു. ഒരു ഫർലാങ്ങ്പോലും നടക്കാൻ കഴിവില്ലാത്ത ഞാനാണു് അനേകായിരം മൈൽ കടക്കാനുള്ള ദീർഘയാത്രയ്ക്കു ചാടിപ്പുറപ്പെട്ടിരിക്കുന്നതു്. എൻെറ മിതമായ കെല്പിൽ കവിഞ്ഞുള്ള ഈ സാഹസത്തിനു ഞാൻ എന്തിനാണു് ഉദ്യമിക്കുന്നതു്?

KOTTAYAM PUBLIC LIBRARY * KOTTAYAM *

വിമാനത്തിൽ
19 നവംബർ

എയർ ഫ്റാൻസിൻെറ ഒരു വലിയ വിമാനം ഞങ്ങളേയും വഹിച്ചുകൊണ്ടു് അതിവേഗം അററ്ലാന്റിക്ക് മഹാസമുദ്രം കടക്കുകയാണ്. ഇന്നലെ വൈകുന്നേരം ഞാൻ പാരീസിൽ പല പഴയ പരിചയക്കാരേയും കണ്ടുമുട്ടി. അക്കൂട്ടത്തിൽ, മഡ്മാസ്സേൽ ലെ ക്ലൂൽടരുടെ അവിചാരിതമായ ഉയർച്ച എന്നെ അല്പം അത്ഭുതപ്പെടുത്തി. മുൻപു് ആപ്പീസിൽ കുറച്ചുകാലം ജോലിചെയ്തുകൊണ്ടിരുന്നപ്പോൾ അവരെ ഒന്നിനും കൊള്ളരുതാത്തതായി ഞങ്ങൾ തള്ളിക്കളഞ്ഞതായിരുന്നു: ഇപ്പോൾ ഇവിടെ പ്രമാണിയായി ഒരു ചെറിയ വകുപ്പിൻെറ മേലാവു്; ലോകം ഭിന്നരുചിയായി തീർന്നതു് അവക്കൊരനുഗ്രഹംതന്നെ.

പാരീസിലൊക്കെ ചുററിയിട്ടു് ഞങ്ങൾ വിമാനത്താവളത്തിൽ വന്നപ്പോഴേയ്ക്കു രാത്രി ഒൻപതുമണി കഴിഞ്ഞു; വിമാനജോലിക്കാരുടെ ഒരു പണിമുടക്കംകൊണ്ടാണു ഞങ്ങൾ ജെനീവായിൽനിന്നു നേരേ പോകാതെ പാരീസ്വഴി വന്നതു്. പക്ഷേ, ആ പണിമുടക്കിൻെറ യാതൊരു ലാഞ്ഛനയും വിമാനത്താവളത്തിലോ, വിമാനത്തിനകത്തോ കണ്ടതേയില്ല. ഒരു ഒന്നാന്തരം സദ്യയും, പാനീയവിഭവങ്ങളും, വിമാനം മേല്പോട്ടുയന്നു കുറെ കഴിഞ്ഞപ്പോൾ ഞങ്ങളുടെ മുൻപിൽ കണ്ടു. അതു് ആസ്വദിച്ചു് അല്പസമയത്തിനുള്ളിൽ ഞങ്ങൾ അർദ്ധസുഷുപ്തിയിലാണ്ടു.

84038

* * *

വിമാനത്തിൽക്കൂടി ഒരു സ്ഥലത്തുനിന്നു വേറൊരു സ്ഥലത്തേയ്ക്കു് അതിവേഗം പോകാമെങ്കിലും, വഴിമദ്ധ്യേ

യുള്ള കാഴ്ചകൾ കണ്ടാനന്ദിക്കാനുള്ള സൗകര്യം ഈ പുതിയ യാത്രാസമ്പ്രദായത്തിൽ തുലോം ചുരുക്കംതന്നെ. ഞങ്ങൾ രാവിലെ ഉണനപ്പോഴേയ്ക്കും ഞങ്ങളുടെ വിമാനം അമേരിക്കൻ ഐക്യനാട്ടുകളിലുള്ള ഒരു വലിയ പട്ടണത്തിൻെറ മുകളിൽക്കൂടി പറക്കുകയായിരുന്നു. അമേരിക്കക്കാരനായ എൻെറ സ്നേഹിതൻ ഹെർവി ന്യൂയോർക്കിൻെറ പരിസരങ്ങളിലുള്ള പല ഭാഗങ്ങളെപ്പററിയും എനിക്കു പറഞ്ഞുതരാൻ ബദ്ധപ്പെട്ടുകയായിരുന്നു. അപ്പോഴാണ് അദ്ദേഹത്തിൻെറ സ്വരം അല്പം പതറുന്നതുപോലെ തോന്നിയതു്; സുപരിചിതമായ ആ കാഴ്ചകൾ എല്ലാം ഏതുവിധമോ വ്യത്യാസപ്പെട്ടതുപോലെ അദ്ദേഹത്തിനു പ്രത്യക്ഷമായി. ചുരുക്കത്തിൽ താഴെക്കാണുന്ന നഗരം ന്യൂയോർക്കല്ല, ബോസ്റ്റണാണെന്നു് അദ്ദേഹത്തിനു പ്രതിക്ഷണത്തിൽ ബോദ്ധ്യപ്പെട്ടു. അതിവേഗം പായുന്ന വിമാനത്തിലിരുന്നു നോക്കുമ്പോൾ, എല്ലാ വലിയ പട്ടണങ്ങൾക്കും ഏതാണ്ടു് ഒരു സാദൃശ്യമുള്ളതു് എനിക്കു പിന്നീട്ട് അനവധി പ്രാവശ്യം അനുഭവപ്പെട്ടിട്ടുള്ളതാണു്. പ്രത്യേകിച്ചു രാത്രികാലങ്ങളിൽ, ഒരുപോലെയുള്ള വിദ്യുച്ഛക്തിവിളക്കുകളുടെ സമൂഹങ്ങളായേ പല പട്ടണങ്ങളും പ്രത്യക്ഷപ്പെട്ടു.

ബോസ്റ്റണിൽനിന്നു് പെട്രോളും നിറച്ചു് വിമാനം ഞങ്ങളെ യഥാകാലം ന്യൂയോർക്കിൽ കൊണ്ടിറക്കി. ഏതാണ്ടു് ഒരു പത്തു വർഷങ്ങൾക്കുമുൻപു് ഈ വലിയ വിമാനത്താവളത്തിൻെറ ഒരു കോണിൽ വന്നിറങ്ങി, മറ്റേ കോണിൽനിന്നു ലണ്ടനിലേയ്ക്കു യാത്രപോയ ആ അവസരം ഞാൻ ഓർമ്മിച്ചു. ന്യൂയോർക്കിലെ കാഴ്ചകൾ കാണാൻ ഞാൻ അന്നു് എത്രയധികം കൊതിച്ചിരുന്നു! പക്ഷേ, ഈ അവസരത്തിലും എൻെറ അനുഭവം തഥൈവ.

രണ്ടുമണിക്കൂർ സമയം കഴിഞ്ഞു് ഉച്ചയ്ക്കു വീണ്ടും വേറെ ഒരു വിമാനത്തിൽ മെക്സിക്കോയിലേയ്ക്കു പോകണം. അതിനിടയ്ക്കു് അമേരിക്കൻഭരണധുരന്ധരന്മാർ ഞങ്ങളെ നല്ലവണ്ണം പരിശോധിച്ചു. ലോകത്തിലെ ഒരു വലിയ ശക്തിയാണെന്നു് അഭിമാനിക്കുന്നുണ്ടെങ്കിലും, അമേരിക്ക നിത്യഭീതിയിൽ ജീവിക്കുന്നതുപോലെ തോന്നുന്നു. സാധാരണപോലെ പാസ്സ്പോർട്ട്, ചുങ്കം ഈ വകുപ്പുകാരുടെ പരിശോധന കഴിഞ്ഞു ഞങ്ങൾ ഉല്ലാസരായി ലഘുഭക്ഷണത്തിനു പുറപ്പെട്ടപ്പോഴാണു കർശനമായി തടഞ്ഞുനിർത്തി സൈനികപരിശീലനസദൃശമായി ഓരോരുത്തരെ 'മാർച്ചു'ചെയ്യിപ്പിച്ചതു്. ഒടുവിൽ പാവം ഹെർവിയോടു് ആ ഉദ്യോഗസ്ഥൻ തട്ടിക്കേറി. അദ്ദേഹത്തിൻെറ കൈവശം ഉണ്ടായിരുന്ന ഒരു വാച്ചിൽ റേഡിയവസ്തുവിൻെറ അംശം ഉള്ളതുകൊണ്ടാണു് ഈ കുഴപ്പങ്ങൾക്കിടയായതു്. ഈ ഉദ്യോഗസ്ഥൻെറ മുമ്പിൽ വേറേ ആൎക്കും കാണാൻവയ്യാത്ത ഒരു യന്ത്രത്തിൽ ഈ വസ്തുശകലത്തിൻെറ സാന്നിദ്ധ്യം സൂചിപ്പിച്ചിരുന്നത്രേ. അമേരിക്കൻ രഹസ്യപോലീസിൽപ്പെട്ട ഈ ഉദ്യോഗസ്ഥനു സാധാരണമൎയ്യാദ ലേശംപോലും ഇല്ലാതിരുന്നതിനെപ്പററി ഹെർവി ഞങ്ങളോടു ക്ഷമായാചനം ചെയ്യുകയായിരുന്നു.

* * *

വീണ്ടും മെക്സിക്കോയെ ലാക്കാക്കി ഞങ്ങൾ പ്രയാണം ചെയ്തുതുടങ്ങി. വിമാനം വായുമാൎഗ്ഗം പോകുമ്പോൾ കാണാൻ സാധിക്കുന്ന കാഴ്ചകളുടെ എണ്ണം കുറവാണെങ്കിലും, ചില രംഗങ്ങൾക്കു് ഒരു പ്രത്യേക സവിശേഷതയുണ്ടായിരിക്കും. ഇതുപോലെയുള്ള ഒരു രംഗമായിരുന്നു

സന്ധ്യാസമയത്ത് അസ്തമനസൂര്യന്റെ ചെങ്കതിർ മെക്സിക്കൻഗൾഫിൽ പ്രതിഫലിച്ചുകാണുന്ന കാഴ്ച. ആകാശവും കടലും ഒരുപോലെ ശോകച്ഛായ നിറഞ്ഞു തമ്മിൽ വ്യത്യാസം ഇല്ലാതെ അനന്തമായി കിടക്കുന്നതുപോലെ തോന്നും. രണ്ടിനും മുകളിലായി വായുവിൽക്കൂടി അതിവേഗം പായുന്ന വിമാനത്തിലിരുന്ന് താഴോട്ടു നോക്കുമ്പോൾ കാണുന്ന ഈ കാഴ്ച ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. വളരെ ഉയന്ന മേഖലയിൽക്കൂടി ചരിച്ചപ്പോൾ, ധ്രുവപ്രദേശങ്ങളിലെ ധവളത പ്രതിഫലിച്ചുവന്ന ഭാസ്വൽകിരണങ്ങളുടെ ഇളകുന്ന സമൂഹങ്ങൾ ഇതുപോലെയുള്ള വേറേ ഒരു കാഴ്ചയാണ്.

മെക്സിക്കോനഗരം അടുക്കാറായി. നഗരത്തിലുള്ളവരെല്ലാവരുംകൂടി ഞങ്ങളേ എതിരേൽക്കാൻ വരുമോ എന്നുള്ള വിചാരം ഹെർവിയെ അസാധാരണമായവിധം ബാധിച്ചിരിക്കുന്നു. വൈകുന്നേരം ഒന്നുംകൂടി അദ്ധ്യക്ഷൗരംചെയ്തു്, മുഖക്ഷാളനകർമ്മങ്ങളെല്ലാം നടത്തി, സ്വീകരണങ്ങൾ സ്വീകരിക്കാൻ തെയ്യാറായി ടൈയും ഒതുക്കി സുസ്മേരവദനനായി അദ്ദേഹം നിലകൊണ്ടു. വരാൻപോകുന്നതെന്താണെന്നുള്ളതിനെക്കുറിച്ചുള്ള അവ്യക്തമായ ആശങ്കകൾകൊണ്ടു് എന്റെ മനസ്സു നിറഞ്ഞു. ടോണി ഒരു കൂസലുംകൂടാതെ ആ ഉയന്ന തലയും ഉയത്തി എന്നെ പാർശ്വത്തിലാക്കി വിമാനത്തിന്റെ പടികൾ ഇറങ്ങി. അങ്ങനെ ഞങ്ങൾ മൂവരും മെക്സിക്കോയിൽ ആദ്യമായി കാലുവെച്ചു.

ഫോട്ടോ എടുക്കാനുള്ളവരുടെ ഒരു സൈന്യംതന്നെ അവിടെ കാവലായിരുന്നു. ഹെർവി ടൈയ് ഒന്നുംകൂടി ശരിയാക്കി അവരെ നോക്കി ചിരിച്ചു; പക്ഷേ, അപ്പോഴേയ്ക്കും അവർ വന്നു ഞങ്ങളെ ഒരു അററത്തേയ്ക്കു് മാറ്റി,

ഞങ്ങളുടെകൂടെ വന്ന ഒരു നവദമ്പതിമാരുടെ ഫോട്ടോ എടുക്കുന്ന ബഹളമായിരുന്നു. അതിനിടയ്ക്കു ഞങ്ങൾ ഒരു ഒഴിഞ്ഞ വഴിക്കുകൂടി വെളിയിൽ കടന്നു. അവിടത്തെ തൊഴിലാളികാര്യാലയത്തിലെ ചില ഉദ്യോഗസ്ഥന്മാർ ഞങ്ങളെ കാറിൽ ഹോട്ടലിലേയ്ക്കു കൊണ്ടുപോയി.

മെക്സിക്കോ
20 നവംബർ

ജെനീവായിൽനിന്നു വന്ന ഞങ്ങൾ താമസിക്കുന്ന ഹോട്ടലിൻെറ പേരും ജെനീവായെന്നുതന്നെ. സ്പാനിഷ് ഭാഷയിൽ ഉച്ചരിക്കുമ്പോൾ, അതു് ഹിനോവായായി മാറും എന്നുമാത്രം.

ഇന്നു ഞായറാഴ്ച രാവിലെ ഞങ്ങളുടെ അടുത്ത അഞ്ചാഴ്ചക്കാലത്തേയ്ക്കുള്ള ജോലിയുടെ പദ്ധതി തെയ്യാറാക്കി കൊണ്ടിരിക്കുമ്പോൾ, ഗല്യാർഡോ ഹോട്ടലിലേയ്ക്കു വന്നു. തൊഴിലാളികാര്യാലയത്തിലെ ഒരു വകുപ്പിൻെറ മേലാവാണു് അദ്ദേഹം. ഞങ്ങളെ മെക്സിക്കോനഗരം കാണിക്കാനുള്ള അദ്ദേഹത്തിൻെറ പുറപ്പാടാണു്.

ആദ്യം കാണുന്ന ഒരാൾക്കു മററു നഗരങ്ങളേക്കാൾ മെക്സിക്കോ അല്പം വിചിത്രമായി തോന്നും. അമേരിക്കൻ മാതൃകയിലുള്ള കെട്ടിടങ്ങൾക്കിടയ്ക്കു്, നമ്മുടെ നാട്ടിലുള്ള പടിപ്പുരപോലെയുള്ള ഉപഗൃഹങ്ങളും അതിൻെറ അന്തർഭാഗത്തു പൗരസ്ത്യരാജ്യങ്ങളിൽ കാണാവുന്നവിധമുള്ള കെട്ടിടങ്ങളും ഉണ്ടായിരിക്കും. പ്രധാന പൊതുനിരത്തുകളിൽ അനവധി സ്തംഭങ്ങൾ കെട്ടിപ്പൊക്കിയിട്ടുണ്ടു്. കഴിഞ്ഞുപോയ മെക്സിക്കൻചരിത്രത്തിലെ ഓരോ അദ്ധ്യായത്തിനെ ഈ സ്തംഭങ്ങൾ കുറിക്കുന്നു. സ്പാനിഷ് ആക്രമണത്തിനു് എതിരായി പൊരുതിയ ഒരു ഇൻഡ്യൻ രാജാ

വിന്റെ പ്രതിമ, യൂറോപ്യൻഭരണമേധാവികളുടെ പ്രതിമകൾ, കൊളംബസിന്റെ സ്മരണയ്ക്കുള്ള സ്തംഭം, 1910–ൽ മെക്സിക്കൻ സ്വാതന്ത്ര്യത്തിൻെറ ശതാബ്ദാവസരത്തിൽ കെട്ടിയുണ്ടാക്കിയ സ്വാതന്ത്ര്യസ്തംഭം—എന്നിങ്ങനെ പലേ ഓർമ്മസ്തംഭങ്ങൾ (Monuments) അവിടത്തെ പ്രധാനപ്പെട്ട (Paseo de la Reforma) തെരുവിൽക്കൂടി കാറോടിച്ചു പോകുമ്പോൾ കാണാം. അവിടത്തെ ഭൂരിപക്ഷം ആളുകളും ഇരുനിറത്തിലുള്ള ഇൻഡ്യാക്കാരെപ്പോലിരിക്കും. എൻെറകൂടെ കാറിൽ അടുത്തിരുന്ന ഗല്യാർഡോതന്നെ നമ്മുടെ ഒരു തനിനാട്ടുകാരൻെറ മട്ടായിരുന്നു; സംസാരിക്കുമ്പോൾ സ്പാനിഷ്ഭാഷയാണു പുറത്തുവരുന്നതു് എന്നു മാത്രമേ ഒരു ഭേദമുള്ളൂ.

ഞങ്ങൾ റിഫോർമാതെരുവു കടന്നു സ്വാതന്ത്ര്യസ്തംഭവും കണ്ടുംകൊണ്ടു് അവിടത്തെ ദേശീയചരിത്രമ്യൂസിയത്തിലേയ്ക്കു പോയി. ചപൂൽടെപെക്ക് (Chapultepec) എന്ന ഒരു പുരാതന കൊട്ടാരത്തിലായിരുന്നു ഈ കാഴ്ചബംഗ്ളാവു്, പഴയ മെക്സിക്കൻ(ഇൻഡ്യൻ)ഭാഷയിൽ, 'ചപൂലിൻ' എന്ന പദത്തിനു പച്ചക്കുതിര (Grasshopper) എന്നും, 'ടെപക്' എന്ന വാക്കിനു് 'കുന്നു്' എന്നും അർത്ഥമായിരുന്നു. ഈ 'പച്ചക്കുതിരക്കുന്നു്' മെക്സിക്കൻചരിത്രത്തിൽ ഒരു പ്രധാനമായ ഭാഗം അഭിനയിച്ചിട്ടുണ്ടു്. സ്പാനിഷ്കാർക്കു മുൻപു് മെക്സിക്കോ ഭരിച്ചിരുന്ന 'ആസ്ടക്ക്' വർഗ്ഗക്കാർ കുറേക്കാലം ഇവിടെ പാർത്തിരുന്നു. അന്നു ടെനോച്ടിട്ലാൻ (Tenochtitlan) എന്നു് അറിയപ്പെട്ടിരുന്ന ഇന്നത്തെ മെക്സിക്കോനഗരം സ്പാനിഷ്കാർ കീഴടക്കിയപ്പോൾ, ഈ ഭാഗമെല്ലാം രാജാവിൻെറ സ്വകാര്യസ്വത്തായി പ്രഖ്യാപനം ചെയ്തു്, അന്നത്തെ സേനാധിപന്മാർക്കു പങ്കിട്ടുകൊടുത്തു. പിൽ

ക്കാലത്തു്, സ്പാനിഷ് വൈസ്രോയിമാരും, മാക്സ്മില്ലൻ ചക്രവൎത്തിയും, മെക്സിക്കൻ വിപ്ലവത്തിനുശേഷമുള്ള പല പ്രസിഡൻറന്മാരും, ഇവിടെ താമസിക്കുകയും, കൊട്ടാരത്തിനു പല പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ടു്. ഈ വിശാലമായ കാപ്പുബെംഗ്ലാവു പല വിഭാഗങ്ങളായി ഭാഗിച്ചിട്ടുണ്ടു്; ഓരോ ഭാഗവും ദേശീയചരിത്രത്തിൻെറ ഒരു വശത്തെ സംബന്ധിച്ചുള്ള സ്മാരകചിഹ്നങ്ങൾ അടങ്ങിയിരിക്കുന്നു. കാപ്പുബെംഗ്ലാവിൻെറ ഉദ്ദേശത്തെ സൂചിപ്പിച്ചു് പ്രധാന പ്രവേശനദ്വാരത്തിൽ ഇപ്രകാരം കുറിച്ചിരിക്കുന്നു:

"ദേശീയചരിത്രമ്യൂസിയം—നമ്മുടെ കഴിഞ്ഞ കാലത്തേക്കുറിച്ചുള്ള പല സാധനങ്ങളും ഇവിടെയുണ്ടു്; അവയിൽ ചിലതു നമ്മുടെ ദേശത്തെ പുനരുദ്ധരിക്കാൻ വേണ്ടി വിജയങ്ങൾ നേടിയ വീരന്മാരുടേതാണു്; മററു ചിലതു മെക്സിക്കോ ജീവിക്കാൻവേണ്ടി അവരുടെ അന്തിമത്യാഗസമയത്തു സകലതും അർപ്പിച്ചവരുടേതാണു്. ഇവകൂടാതെ, നമ്മുടെ ചരിത്രത്തിൻെറയും സംസ്കാരത്തിൻെറയും പുരോഗമനം കാണിക്കാനുതകുന്ന സാധനങ്ങളും ഉണ്ടു്.

"ദേശീയ മിലിട്ടറി അക്കാഡമിയുടെ വീരസന്താനങ്ങൾ 1847—ൽ ജീവത്യാഗം ചെയ്ത ഈ കെട്ടിടം, നമ്മുടെ മാതൃഭൂമിക്കുവേണ്ടിയുള്ള സ്നേഹവും, ബഹുമാനവും കേന്ദ്രീഭവിച്ചിരിക്കുന്ന ഒരു സ്തംഭമായി കണക്കാക്കേണ്ടതാണു്."

"അസാമാന്യമായ ദേശീയ ഉണൎവ്വിൻെറ ലാഞ്ഛനകൾ മെക്സിക്കോയിൽ എവിടെയും കാണാം. പ്രത്യേകിച്ചു ചപൂൽടെപെക്ക് കൊട്ടാരത്തിനെ ആക്രമിച്ച അമേരിക്കൻ സൈന്യത്തിൻെറ മുൻപിൽ ബലികഴിച്ച സൈനികബാലന്മാരുടെ, സ്മരണ (മുകളിൽ ഉദ്ധരിച്ച

പ്രഖ്യാപനത്തിൽ സൂചിപ്പിച്ചിട്ടുള്ളതു് ഈ സംഭവത്തെയാണു്) പൊതുവിൽ അമേരിക്കൻ ഐക്യനാട്ടുകൾക്കെതിരായി വിരോധവികാരങ്ങളെ ഇപ്പോഴും ഇളക്കാറുണ്ടു്. ഈ യുവവീരന്മാരുടെ ചിത്രങ്ങളും 1847-ൽ അമേരിക്കയുമായുള്ള യുദ്ധത്തിൻെറ വേറെ പല സ്മാരകങ്ങളും കാഴ്ചബംഗ്ലാവിൽ ഒരു പ്രധാന ഭാഗത്തുണ്ടായിരുന്നു. അതെല്ലാം കണ്ടപ്പോൾ ഞങ്ങളുടെ അമേരിക്കൻസ്നേഹിതൻ ഹെർവി എന്നോടു സ്വകാര്യമായി ഈ യുദ്ധത്തിനെപ്പറ്റി മെക്സിക്കോക്കാരുടെ അഭിപ്രായങ്ങളെ ശക്തിയായി ഖണ്ഡിക്കുകയായിരുന്നു.

21 നവംബർ

ഇന്നു് ഔദ്യോഗികസംബന്ധമായ ഞങ്ങളുടെ സന്ദർശനങ്ങൾ ആരംഭിച്ചു. തൊഴിലാളികാര്യാലയത്തിൽ വെച്ചു് ഗല്യാർഡോയുടെ അദ്ധ്യക്ഷതയിൽ, ഇവിടത്തെ മിൽതുണിവ്യവസായത്തിലെ പ്രമുഖ മുതലാളി–തൊഴിലാളിനേതാക്കന്മാരുമായി ഞങ്ങളുടെ അന്വേഷണം ഏതു രീതിയിൽ നടത്തണമെന്നുള്ളതിനെപ്പററി പര്യാലോചിച്ചു. ആലോചനകൾ മുഴുവൻ സ്പാനിഷ്ഭാഷയിൽ; അതിൻെറ അങ്ങുമിങ്ങും എത്തിപ്പിടിക്കാനുള്ള എൻെറ വ്യഗ്രമായ ശ്രമങ്ങൾ; ഒടുവിൽ സ്പാനിഷിൽ വാദപ്രതിവാദം ചെയ്തവരെല്ലാംതന്നെ എന്നോടു് ഇംഗ്ലീഷിലോ, ഫ്റഞ്ചിലോ അസ്സലായി സംസാരിക്കുക; എൻെറ സ്പാനിഷ്പരിജ്ഞാനം വെളിവാക്കാൻ ഞാൻ അങ്ങോട്ടു ചില മുറിവാക്കുകൾ പറയുക—ഇതെല്ലാമായിരുന്നു ഇന്നത്തെ സംയുക്തസമ്മേളനപരിപാടിയെക്കുറിച്ചു് അവശേഷിച്ചിട്ടുള്ള ചില സ്മരണകൾ. ഞങ്ങളുടെ ഇവിടത്തെ താമസക്കാലത്തു ചെയ്യേണ്ട ജോലിയുടെ പദ്ധതിയെല്ലാം

ശരിയാക്കിയതോട്ടുകൂടി സമയം മൂന്നുമണിയായി. ഇവിടെ മിക്കപേരും ഉച്ചയ്ക്കു ഭക്ഷണംകഴിക്കുന്ന സമയമിതാണു്; അന്നത്തേ ജോലിയും അതോടെ അവസാനിക്കും.

ഞങ്ങൾ ഭക്ഷണത്തിൻെറ പ്രാരംഭക്രിയയ്ക്കായി അടുത്ത ഒരു റെസ്റ്റാറൻറിലേക്കുപോയി. ഔൺസ്ഗ്ലാസ്സിൻ്റെയത്ര വലിപ്പംവരുന്ന ഓരോ ചെറിയ നീണ്ട ഗ്ലാസ്സിൽ നിറമില്ലാത്ത ഒരു പാനീയം നിറച്ചിരുന്നു. മെക്സിക്കോയിലെ പ്രസിദ്ധമായ 'ടെക്കില'യായിരുന്നു അതു്. തള്ളവിരൽ തുടങ്ങുന്നഭാഗത്തു കുറച്ചു് ഉപ്പിട്ടു് അതു നക്കി ദാഹംവരുത്തുകയും, ചെറുനാരങ്ങാനീരു് അല്പാല്പം ഒഴിച്ചു ടെക്കിലാ കഴിക്കുകയും ആണു് ഈ 'പാനീയകർമ്മ'ത്തിൻെറ ചടങ്ങു്. അതിവേഗം ലഹരിയിൽ ലയിക്കാൻ ഈ കർമ്മംകൊണ്ടു സാധിക്കും. അതുകഴിഞ്ഞു ഭക്ഷണത്തിനുപോയപ്പോൾ ചപ്പാത്തിയും, നമ്മുടെ നാടൻസമ്പ്രദായത്തിലുള്ള കൂട്ടാനും അവിടെ നിരത്തിയിരുന്നു. ചപ്പാത്തിക്കു മെക്സിക്കോക്കാർ 'ടോർടിയാ' എന്നാണു പറയാറുള്ളതു്. അനേകശതാബ്ദങ്ങളായി ചോളമാവിൽനിന്നു ടോർടിയാ ഉണ്ടാക്കുന്നമാതിരി മാറിയിട്ടില്ല; ടോർടിയായും മുളകും, (ഇൻഡ്യയിൽ ചപ്പാത്തിയും കറിയും കഴിക്കുന്നതുപോലെ) മെക്സിക്കോക്കാർ ധാരാളം കഴിക്കുകയുംചെയ്യും. അതുപോലെ ചോറും അവിടത്തെ 'ദേശീയ' ഹോട്ടലുകളിൽ സർവ്വസാധാരണമാണു്. ആഹാരംകഴിഞ്ഞു ഞങ്ങൾ മെക്സിക്കൻതെരുവിൽ അലസരായി ചുറ്റിനടന്നു. പാവപ്പെട്ടവർ താമസിക്കുന്ന ഭാഗത്തു്, ഷർട്ടും കാലുറയും ധരിച്ചു ചെരിപ്പില്ലാതെ നടക്കുന്നവരെ ധാരാളം കാണാമായിരുന്നു. അതിൽ ചിലർ 'മരിയാച്ചി' എന്ന ഒരുതരം പഴയ സമ്പ്രദായത്തിലുള്ള പ്രേമഗീതങ്ങൾ പാടാൻ തെയ്യാറായി നില്പുണ്ടായിരുന്നു.

22 നവംബർ

ഈ ആഴ്ച മുഴവൻ മെക്സിക്കോനഗരത്തിലും, അതു കഴിഞ്ഞു്, ഒറീസാബാ, ഫ്യൂബ്ള്ളാ, മൊൻടെറോ മുതലായ മററു പ്രവിശ്യകളിലുള്ള പട്ടണങ്ങളിലും പോകാൻ ഞങ്ങൾ നിശ്ചയിച്ചു.

മെക്സിക്കൻനാട്ടുകളിലെ പൂർവ്വചരിത്രത്തിലേക്കു കടക്കാൻ ഈ ചെറിയ യാത്രക്കുറിപ്പുകൾകൊണ്ടു് ഉദ്ദേശിക്കുന്നില്ല. എങ്കിലും, മെക്സിക്കൻനാട്ടുകൾ സന്ദർശിക്കുന്ന ഏതൊരാൾക്കും അവിടത്തെ ചരിത്രസംഭവങ്ങളെ വിഗണിക്കാൻ സാധിക്കുകയില്ല. നാട്ടുകാരുടെ രൂപവും നിറവും, നാട്ടുകളുടെ പേരും, അങ്ങിങ്ങായി കാണുന്ന സ്തംഭങ്ങളും ആ കഴിഞ്ഞുപോയ കാലങ്ങളെ ക്ഷണംപ്രതി അനുസ്മരിപ്പിക്കുന്നു. അമേരിക്കൻ ഭൂഖണ്ഡത്തിൽ യൂറോപ്യന്മാർ കുടിയേറി പാർത്തിട്ടു് അനേകശതാബ്ദങ്ങളായിരിക്കുന്നു; പക്ഷേ, അവിടത്തെ മനുഷ്യവർഗ്ഗത്തിന്റെ ആകെ കഥയാലോചിക്കുമ്പോൾ ഈ യൂറോപ്യന്മാരുടെ ആക്രമണം ഒടുവിലത്തെ ഒരദ്ധ്യായം മാത്രമാണു്. അതിനെത്രയോ മുൻപു്, ചരിത്രാതീതകാലങ്ങളിൽ നടന്നതാണു് ഏഷ്യാക്കാർ അവിടെ കുടിയേറിപാർത്ത സംഭവം. അതിന്റെ ഫലമായി പലേ സംസ്കാരങ്ങളും സാമ്രാജ്യങ്ങളും ഉദിച്ചുയന്നു് അസ്തമിച്ചുകഴിഞ്ഞിരുന്നു. അതിൻെറ അവശിഷ്ടങ്ങൾ ഇന്നു് അമേരിക്കൻ ഐക്യനാട്ടുകളിൽ അടങ്ങിയൊതുങ്ങിപ്പാർക്കുന്ന ഇൻഡ്യൻവർഗ്ഗക്കാരിലും, മെക്സിക്കൻ നാട്ടുകളിൽ പരക്കെയുള്ള ഇൻഡ്യൻസംസ്കാരത്തിലും കാണുന്നു.

ഒടുവിലത്തെ ഹിമയുഗം അവസാനിച്ചു മഞ്ഞുമേഖല വടക്കൻപ്രദേശത്തേക്കു മാറിയപ്പോൾ, തണുപ്പു സ്ഥലത്തു പരിചയിച്ച മൃഗങ്ങളും വടക്കോട്ടു പോയിത്തു

ടങ്ങി. മൃഗങ്ങളെ വേട്ടയാടി ജീവിച്ചിരുന്ന മനുഷ്യരും ആ മൃഗങ്ങളെ പിൻതുടൎന്നു സൈബീരിയയിൽക്കൂടി ബെറിങ്ങ് സ്ട്രെയിറ്റിന്റെ തീരത്തെത്തി. ഹിമക്കട്ടകൾ നിറഞ്ഞിരുന്ന കടലുകൾ തരണംചെയ്തു് അവരിൽ ചിലർ അലാസ്കാവഴി അമേരിക്കയിൽ എത്തി;—ഇങ്ങനെയാണ് ചരിത്രകാരന്മാർ അമേരിക്കൻഭൂഖണ്ഡത്തിൽ ഏഷ്യാക്കാരുടെ ആവിർഭാവത്തിനെപ്പറ്റി വിവരിക്കുന്നതു്.

ഈ പഴയ ആദിമസംസ്കാരത്തിൻെറയും, പിൽക്കാലത്തുണ്ടായ അടിയന്തിരങ്ങളും ചടങ്ങുകളും അടങ്ങിയ പകിട്ടുനിറഞ്ഞ പരിഷ്കാരത്തിൻെറയും ഇടയ്ക്കുണ്ടായിരുന്ന സംസ്കാരത്തിനെ മധ്യമസംസ്കാരം എന്നു പറഞ്ഞുവരുന്നു. ആദിമസംസ്കാരം, വേട്ടയാടുക മത്സ്യംപിടിക്കുക സസ്യസംബന്ധമായ ആഹാരസാധനങ്ങൾ ശേഖരിക്കുക എന്നീ മൂന്നു പ്രധാന പ്രവൃത്തികളെ ആശ്രയിച്ചിരുന്നു. മധ്യമസംസ്കാരകാലത്തു് ഏറെക്കുറെ സ്ഥിരമായി ഗ്രാമങ്ങളിൽ താമസം ഉറപ്പിക്കുകയും, പാടങ്ങളിൽ കൃഷിചെയ്തു് ഉപജീവിക്കുകയും, കല്ലും എല്ലും ചെളിയും കൊണ്ടു വേണ്ട സാമഗ്രികൾ (tools) സൃഷ്ടിക്കുകയും ചെയ്തുവന്നു. 800 വർഷങ്ങൾ ആദിമസംസ്കാരവും, വേറൊരു 800 വർഷങ്ങൾ മധ്യമസംസ്കാരവും നീണ്ടുനിന്നു എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൻെറ ജനനത്തിനു നൂറുവർഷങ്ങൾക്കുമുൻപും പിൻപും മധ്യമസംസ്കാരത്തിൽപ്പെട്ട ആളുകൾ മെക്സിക്കൻ താഴ്വരയിൽ ജീവിച്ചിരുന്നതായിട്ടുള്ള തെളിവുകൾ കണ്ടുകിട്ടിയിട്ടുണ്ടു്. അതുകഴിഞ്ഞു് ക്രിസ്തുവിനുശേഷം മൂന്നാംശതാബ്ദത്തിൻെറയും, നാലാം ശതാബ്ദത്തിൻെറയും ഇടയ്ക്കു് തിയോതിഹ്വക്കാൻ (Teotihucan) എന്ന ഒരു വമ്പിച്ച തലസ്ഥാനവും, അതിൻെറ നിർമ്മാതാക്കളായ ടോൾടെക്കു്

(Toltecs) എന്ന ഒരു വർഗ്ഗക്കാരേയും ചരിത്രം ഘോഷിക്കുന്നു. ഈ വർഗ്ഗക്കാർക്കു ശേഷമാണു് സ്പാനിഷ് ആക്രമണത്തിനു വിധേയരായ ആസ്ടെക്ക് വർഗ്ഗക്കാർ മെക്സിക്കോ ഭരിച്ചിരുന്നതു്.

ഇപ്പോൾ ആസ്ടെക്ക്സംസ്കാരത്തിൻെറ മഹിമയെ പുനജ്ജീവിപ്പിക്കാൻ മെക്സിക്കോക്കാർ അശ്രാന്തപരിശ്രമം ചെയ്യുന്നു. ചില പുതിയ കെട്ടിടങ്ങളിൽ വലിയ ശിലാരേഖകൾ (Mural paintings) വരച്ചുവെച്ചിട്ടുണ്ടു്. ഇവ ആസ്ടെക്ക്ജീവിതത്തിൻെറയും, മതവിശ്വാസങ്ങളുടേയും പല വശങ്ങളേയും ചിത്രീകരിക്കുന്നു. വിശിഷ്യ, മെക്സിക്കോ നഗരത്തിൻെറ അല്പംവെളിയിൽ സ്ഥാപിച്ചിട്ടുള്ള ഒരു ഊക്കൻ സവ്വകലാശാലയിലെ പ്രധാന കെട്ടിടത്തിനു ചുററും ഉള്ള ഭിത്തിയിൽ ഈ പഴയ സംസ്കാരത്തെ ഹേർമാൻ എന്ന പ്രസിദ്ധ കലാകാരൻ വിജയകരമായി പ്രതിഫലിപ്പിച്ചിട്ടുണ്ടു്. ഇന്നത്തെ മെക്സിക്കൻ ദേശീയ പുനരുദ്ധാരണത്തിൻെറ ചിഹ്നങ്ങളാണു് ഈ പഴയ സംസ്കാരത്തിനെപ്പററിയുള്ള ബഹുമാനവും, പുതിയരീതിയിൽ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ശുഷ്കാന്തിയും. പ്രശസ്തമായ 'സവ്വകലാശാലാനഗരം' കണ്ടപ്പോൾ അതു ഞങ്ങൾക്കു പൂണ്ണമായി അനുഭവപ്പെട്ടു.

22 നവംബർ

ഇന്നു മെക്സിക്കോനഗരത്തിൻെറ കേന്ദ്രമായ ക്രിസ്തീയ പള്ളി (കത്തീഡ്രൽ) നിൽക്കുന്ന ഭാഗം കണ്ടു. ഒരു ഭാഗത്തു പ്രസിഡണ്ടിൻെറ ഭീമാകാരമായ കൊട്ടാരവും, മറേറഭാഗത്തു കത്തീഡ്രലും, ചുററും മററു വലിയ കെട്ടിടങ്ങളും അടങ്ങിയ ഒരു വലിയ അങ്കണവും (Square) കാണാം. അമേരിക്കൻ ഭൂഖണ്ഡത്തിലുള്ളതിലേക്കും വലിയ



ഗ്രന്ഥകാരനു് മെക്സിക്കൻനാട്ടുകളിൽ കിട്ടിയ സുഹൃൽ സംഘം. സി. ബി. കുമാർ, വിവിയൻ, ഹെർവി, ടോണി തുടങ്ങിയവരെ ചിത്രത്തിൽ കാണാം.




മെക്സിക്കൻ സ്വാതന്ത്ര്യസ്തംഭം



മെക്സിക്കൻ നഗരത്തിലെ പ്രശസ്തമായ കത്തീഡ്രൽ

കത്തീഡ്രലാണു് ഇതു്. ഉയൎന്ന ഗോപുരത്തിനു് 207 അടി പൊക്കം വരും. ഇതിൻെറ പണി 1573–ൽ ആരംഭിച്ചു് 1667–ൽ അവസാനിപ്പിച്ചത്രേ. ആസ്ടെക്ക്കാരുടെ രാജാവിൻെറ കൊട്ടാരവും, അവരുടെ വലിയ ക്ഷേത്രവും ('തെയോകാലി') സ്ഥിതിചെയ്തിരുന്നതു് ഇതേസ്ഥാനത്തായിരുന്നു. അന്നു് ഈ താണഭാഗം മുഴുവൻ ഒരു കായലും, ചെറിയ തോട്ടുകളുംകൊണ്ടു നിറഞ്ഞിരുന്നു. മണ്ണു നികന്നു് ഈ ഭാഗമെല്ലാം മൂടിക്കഴിഞ്ഞിരിക്കുന്നുവെങ്കിലും, ഇപ്പോഴും സ്ഥലത്തിനു് ഉറപ്പു കുറവാണു്. എല്ലാ കെട്ടിടങ്ങളും കാലക്രമത്തിൽ കുറേശ്ശെ മണ്ണിനടിയിലേക്കു് താണുപോകും. കത്തീഡ്രലിൻെറ ഒരററം മറ്റേ അററത്തേക്കാൾ അല്പം ഉയൎന്നു നിൽക്കുന്നതു കാണാം.

സ്പാനിഷ്കാർ ആക്രമിക്കാൻ വന്നപ്പോൾ ഈ സ്ഥലം എത്ര മനോഹരമായിരുന്നു എന്നു് അവരുടെ വിവരണങ്ങളിൽ കുറിച്ചിട്ടുണ്ടു്. ആസ്ടെക്ക്വൎഗ്ഗക്കാർ അവരുടെ ശ്രേയസ്സിൻെറ ഉന്നതശൃംഗത്തിൽ എത്തിയപ്പോഴാണു് ഈ ആക്രമണം ഉണ്ടായതു്. ക്രിസ്തുവർഷം 1519–ൽ സ്പാനിഷ് സൈനികനേതാവായ കോർട്ടസും, 400 അനുചരന്മാരും ടെനോച്ടിട്ലാൻ (അതായിരുന്നു മെക്സിക്കോനഗരത്തിൻെറ അന്നത്തെ പേരു്) കണ്ടപ്പോൾ ഒരു മായികസ്വപ്നത്തിന്റെ മനോഹാരിതയോടുകൂടി ഈ സ്ഥലം അവൎക്കു പ്രത്യക്ഷപ്പെട്ടു. "ഇത്ര അത്ഭുതകരമായ കാഴ്ചകൾ കണ്ടിട്ടു് എന്തു പറയണമെന്നോ, കണ്ടതു വാസ്തവം തന്നെയാണോ എന്നോ ഞങ്ങൾക്കു് അറിയാൻ വയ്യായിരുന്നു. കരയുടെ ഒരു വശത്തു് വലിയ പട്ടണങ്ങളും, കായലിൽ അനവധി വള്ളങ്ങളും, ഇടയ്ക്കിടയ്ക്കു പാലങ്ങളും, കാണാമായിരുന്നു" എന്നു് സ്പാനിഷ് ആക്രമണത്തിൽ പങ്കെടുത്ത ഒരാൾ എഴുതിയിരിക്കുന്നു.

ഇന്നത്തെ വെനീസ് നഗരത്തിൻെറ ഒരു ഛായയായിരുന്നു അന്നത്തെ മെക്സിക്കോനഗരത്തിനുണ്ടായിരുന്നതു്. തെരുവുകൾക്കും വിശാലപ്രദേശങ്ങൾക്കും പകരം, തോട്ടുകളും കായലും ആയിരുന്നു. ഇടയ്ക്കിടയ്ക്കു് ആഴമില്ലാത്ത കായലിൽനിന്നു മണ്ണുവാരിക്കൂട്ടി ഉണ്ടാക്കിയ ദ്വീപുകളും, കായലിൻെറ മുകളിൽ നീങ്ങിക്കൊണ്ടിരുന്ന തോട്ടങ്ങളും, തോട്ടുകളിൽക്കൂടി സഞ്ചരിച്ചിരുന്ന വള്ളങ്ങളും, ഇടയ്ക്കുള്ള പാലങ്ങളും, സാമാനങ്ങൾ വഹിച്ചുകൊണ്ടു് അങ്ങോട്ടും ഇങ്ങോട്ടും പൊയ്ക്കൊണ്ടിരുന്ന ആളുകളും, അതിൻെറയെല്ലാം ഒരുവശത്തായി ഉണ്ടായിരുന്ന വലിയ ക്ഷേത്രവും (ത്ലാതെലോല്ലോ—Tlalteloco) ആ വിദേശീയർ കണ്ടു് അത്ഭുതപ്പെട്ടിരുന്നിരിക്കണം.

ആസ്ടെക്ക്സംസ്കാരത്തിൻെറ അവസാന നിമിഷങ്ങൾ സഹതാപത്തോടുകൂടിയെ സ്മരിക്കാൻ സാധിക്കു. കോർട്ടസ് മെക്സിക്കോയിലെത്തിയപ്പോൾ മൊൺടെസൂമാ എന്ന ആസ്ടെക്ക്ചക്രവത്തിയാണു രാജ്യം ഭരിച്ചിരുന്നതു്. അദ്ദേഹവും വേറൊരു രാജാവായ നെസ്സാഹ്വാൽപിള്ളിയും ജോത്സ്യന്മാരെ പരിപൂണ്ണമായി വിശ്വസിച്ചിരുന്നു; നെസ്സാഹ്വാൽപിള്ളിയുടെ ജോത്സ്യൻ വിദേശീയർ രാജ്യഭാരം നടത്താൻ വരുന്നുയെന്നു പ്രവചിച്ചിരുന്നു. ഇതിനെ സംബന്ധിച്ചുള്ള തക്കം തീക്കാൻ അന്നത്തെ പതിവനുസരിച്ചു് ഒരു 'പന്തുരുട്ടുന്ന' കമ്മം നടത്തി. ഇതിലും മൊൺടെ സൂമാ പരാജിതനായി. വേറെ പലതരം ചീത്ത ശകുനങ്ങളും ആ കാലത്തു് ആസ്ടെക്ക്ചക്രവത്തി കണ്ടിരുന്നുവത്രേ.

ഏതായാലും അന്നത്തെ ആസ്ടെക്ക്മതവിശ്വാസങ്ങൾക്കും, ഏറെക്കുറെ ആചാരങ്ങൾക്കും ധാരാളം ഹൈന്ദവച്ഛായയുണ്ടു്. അഗ്നിഭഗവാൻ, ആസ്ടെക്കുകാരുടെ

ഒരു പ്രധാന ദൈവമായിരുന്നു. അതുകൂടാതെ വരുണൻ, സർപ്പഭഗവാൻ, പിതൃക്കൾ, സ്വർഗ്ഗം, പാതാളം ഈവക സങ്കല്പങ്ങൾ അവരുടെ മതത്തിലും ഉണ്ടായിരുന്നു. പുരോഹിതവർഗ്ഗത്തിനു് അതിരററ പ്രാധാന്യവും ഉണ്ടായിരുന്നു. പ്രധാനപ്പെട്ട ആസ്ടെക്ക്കർമ്മങ്ങൾ, മുഹൂത്തങ്ങൾ അനുസരിച്ചേ അനുഷ്ഠിച്ചുപോന്നുള്ളു. ഒരു സംവത്സരത്തിൽ 365 ദിവസങ്ങളും, 20 ദിവസങ്ങൾ അടങ്ങിയ 18 മാസങ്ങളും ഉണ്ടായിരുന്നു; ഈ മാസങ്ങളിൽ ഉൾപ്പെടാത്ത 5 ദിവസങ്ങൾ അശുഭദിവസങ്ങളായി കണക്കാക്കിയിരുന്നു.

ആസ്ടെക്ക്മതം നരബലിക്കു് അസാമാന്യമായ പ്രാധാന്യം കൊടുത്തിരുന്നു. ഏതെങ്കിലും ദൈവകാരുണ്യം ഉണ്ടാവുമ്പോൾ അതിനു്, കൃതജ്ഞതാസൂചകമായി ഈശ്വരനു് ഇഷ്ടസാധനങ്ങൾ അർപ്പിക്കുന്നതു സാധാരണമാണു്. ഏതെങ്കിലും കാര്യങ്ങൾ നേടാൻ വഴിപാടു കഴിക്കുന്നതും മിക്ക മതാചാരങ്ങളിലും നടപ്പുണ്ടല്ലോ. ഇതിലേക്കും വിലമതിക്കുന്നതു മനുഷ്യജീവിതമായിരിക്കേ അതു ബലികഴിക്കുന്ന ചടങ്ങു പല മതസമ്പ്രദായങ്ങളിലും അതുകൊണ്ടു്, ഇടയ്ക്കിടയ്ക്കു് ആവിർഭവിക്കാറുണ്ടു്. ആസ്ടെക്ക്മതത്തിൽ ആ ചടങ്ങു് ഏതാണ്ടു് ഒരു വികൃതസ്വഭാവംതന്നെ കൈക്കൊണ്ടിരുന്നു. മനുഷ്യർ ജീവിക്കാനും ഐശ്വര്യസ്ഥിതിയിൽ എത്താനും ദൈവാനുമതി വേണമെന്നും, അതിനു ദേവന്മാക്കു് ഇതിലേക്കും ഇഷ്ടതരമായ മനുഷ്യഹൃദയം തന്നെ അർപ്പിക്കണമെന്നും അവർ വാദിച്ചു. മെക്സിക്കോയിലുള്ള അമ്പലം വലുതാക്കിയപ്പോൾ 20,000 ആളുകളെ ബലികഴിച്ചു എന്നു് ഒരു രേഖയിൽ കാണുന്നു.

സ്പാനിഷ് ആക്രമണകാലത്തു്, ആസ്ടെക്ക്വർഗ്ഗ

ക്കാരുടെ സമുദായസംഘടനയും തീരെ ബലമുള്ളതായിരുന്നില്ല. വർഗ്ഗക്കാർക്ക് ആകെ ഒരു ഭാഷയും, ഒരു മതവും, ഒരേ സമ്പ്രദായത്തിലുള്ള ആചാരങ്ങളും ഉണ്ടായിരുന്നെങ്കിലും പലേ അവാന്തരവിഭാഗങ്ങളായി അവർ വേർതിരിയപ്പെട്ടിരുന്നു. ഒരു ഗ്രാമത്തിൽ പാർത്തിരുന്ന ആളുകൾ ഒരുമിച്ച് ഒരു വർഗ്ഗമായി കഴിച്ചിരുന്നു; അവർ അവരുടെ നിലങ്ങളിൽ കൃഷിചെയ്ത് അന്യരെ ആശ്രയിക്കാതെ ഏതാണ്ട സ്വയം സംപൂർണ്ണമായി ജീവിതം നയിച്ചിരുന്നു. ഇന്നത്തെ മെക്സിക്കോനഗരത്തിന്റെ അതൃത്തികളിൽത്തന്നെ ജീവിച്ചിരുന്ന ടെനോച്ടിട്ലാനും (Tenochtitlan) ട്ലാല്ടെലോക്കോക്കാരും (Tlalteloco) അനേകകാലം സ്വതന്ത്രവർഗ്ഗക്കാരായി കഴിച്ചിരുന്നു. സ്പാനിഷ് ആക്രമണസമയത്തുപോലും അവക്കു വിദേശീയക്കെതിരായി യോജിക്കാൻ സാധിച്ചില്ല. വർഗ്ഗങ്ങളും സമുദായങ്ങളും തമ്മിൽ സുസ്ഥാപിതമായ ഒരു ബന്ധവും ഉറച്ച സംഘടനയും ഇല്ലാതിരിക്കുക, അവരുടെ തലവനായ രാജാവിനു ബലം ഇല്ലാതിരിക്കുക, അവാന്തരവിഭാഗങ്ങൾ തമ്മിൽ കലഹിക്കുക—ഇതെല്ലാമായിരുന്നു വിദേശീയ ആക്രമണം വിജയിക്കാനുള്ള കാരണങ്ങൾ. നമുക്ക് എത്ര സുപരിചിതമായ കാരണങ്ങൾ!

ഞങ്ങൾ എഡിഫിസോ അമേരിക്കാനോ(അതായതു് 'അമേരിക്കൻ കെട്ടിടം')വിലുള്ള ഒരാഫീസിലാണു ജോലിചെയ്യുന്നതു്. ഉയൎന്ന നിലയിലുള്ള ആ മുറിയിൽ നിന്നു നോക്കിയാൽ മെക്സിക്കോനഗരത്തിന്റെ ഒരു 'വിഹഗവീക്ഷണം' കിട്ടും. അങ്ങേയറ്റത്തു് ആകാശംമുട്ടുന്ന ഒരു കുന്നും, ആ കുന്നിന്റെ അഗ്രഭാഗത്തു് ഒരഗ്നിപർവ്വതവും കാണാം. ആ ഭാഗത്തു് വെള്ളമേഘങ്ങൾ എപ്പോഴും കൂടിയിരിക്കുന്നതുപോലെ തോന്നും. മററു നാലുഭാഗങ്ങ

ളിലും, ഇത്രതന്നെ ഉയരമില്ലാത്ത കുന്നിൻനിരകളും, അതിന്നു താഴെ പല ആകൃതിയിലും തരത്തിലും ഉള്ള കെട്ടിടങ്ങളും, ഒട്ടവിൽ അട്ടത്തു് സമനിലയിലുള്ള താഴ്വരയും, അതിലുള്ള പാതകളും, പാക്കുകളും, വേറെ പിന്നെയും കെട്ടിടങ്ങളും കാണാം. തണുപ്പും മൂടൽമഞ്ഞും നിറഞ്ഞ യൂറോപ്പിൽനിന്നു വരുന്ന ഏതൊരാൾക്കും, ഇവിടത്തെ സൂര്യപ്രകാശവും, അതിൽ മിന്നിത്തിളങ്ങുന്ന ജീവിത ചൈതന്യവും വളരെ മനോഹരമായി തോന്നും.

ഈ താഴ്വര മുഴവൻ ഒരുകാലത്തു് കായലായിരുന്നു എന്നു വിശ്വസിക്കാൻ എനിക്കു നിഷ്പ്രയാസം കഴിയും; എന്തെന്നാൽ ഞാൻ ജെനീവായിലാണെന്നു വിചാരിച്ചാൽ മതി. ജെനീവായിൽ കായലും, ചുററും കുന്നിൻ നിരകളും ഉള്ളതുപോലെ ഇവിടെ മെക്സിക്കൻ പട്ടണവും ചുററും കുന്നിൻ കൂട്ടങ്ങളുമാണു് എന്നു സങ്കല്പിക്കാൻ ഒരു പ്രയാസവും ഇല്ല. സ്പാനിഷ് ആക്രമണം നടന്ന കാലത്തു് ഈ നഗരം ഇന്നത്തെ വെനീസുപോലെ ഇരുന്നിരുന്നു എന്നു വിചാരിക്കാനും ബുദ്ധിമുട്ടില്ല. ഇന്നു കാറുകൾ അതിവേഗം ഗതാഗതം ചെയ്തുകൊണ്ടിരിക്കുന്ന ഇതേ നിരത്തുകളിൽക്കൂടി കോർട്ടസും സംഘവും കപ്പലുകൾ കൊണ്ടുവരികയും, തോട്ടുകളെ ബന്ധിപ്പിക്കാനുള്ള പാലങ്ങൾ നിമ്മിക്കുകയും ചെയ്തു. ആസ്ടെക്ക് ധീരമായി പൊരുതിയിട്ടു് ഒരു പ്രയോജനവും ഉണ്ടായില്ല. അന്നത്തെ കലഹങ്ങൾക്കിടയിൽ മെക്സിക്കോക്കാരേ കൊണ്ടുതന്നെ തോട്ടുകൾ നിരത്തി, ആ വിദേശീയർ ഇവിടെയൊക്കെ ആക്രമിച്ചെട്ടത്തു സ്ഥിരതാമസക്കാരായി. ശത്രുസൈന്യത്തിനെ സഹായിക്കാനായി പാലങ്ങളും കെട്ടിടങ്ങളും പൊളിച്ചുകായലിലിടുന്നതു കണ്ടുംകൊണ്ടു് ആസ്ടെക്ക് വർഗ്ഗക്കാർ അന്നു വിളിച്ചുപറഞ്ഞിരുന്നുവത്രേ: "ഞങ്ങളെ

നശിപ്പിക്കാനായി നിങ്ങൾ ഇന്നു് ഇതെല്ലാം ചെയ്യുന്നു. പക്ഷേ, ശത്രുക്കൾ ജയിച്ചാൽ നിങ്ങൾ അടിമകളാകും. ഈ പൊളിച്ച പാലങ്ങളും കെട്ടിടങ്ങളും നിങ്ങൾ തന്നെ വീണ്ടും കെട്ടേണ്ടിവരും.'' അന്നു പറഞ്ഞതുപോലെ, സ്പാനിഷ് ആക്രമണത്തിനുശേഷം നാട്ടുകാരെല്ലാം അടിമകളുടെ നിലയിൽത്തന്നെ ശതാബ്ദങ്ങൾ കഴിക്കേണ്ടിവന്നു.

ഇപ്പോൾ മെക്സിക്കോക്കാർ, സ്പാനിഷ് മേധാവിത്വത്തിൽനിന്നു്, വീണ്ടും സ്വതന്ത്രരായിരിക്കുന്നു. അന്നു പൊരുതു ജീവത്യാഗം ചെയ്ത ആസ്ടെക്ക് ചക്രവർത്തിയെ—മൊൺടെസൂമാസ്സുശേഷം രാജ്യം ഭരിച്ചിരുന്ന അദ്ദേഹത്തിന്റെ അനുജൻ കുവവുഹെടെമോക്ക്(Cuahtemoc)—ഇന്നു് ഒരു ദേശീയ വീരാത്മാവായി പൂജിച്ചുപോരുന്നു. ആസ്ടെക്ക് ചരിത്രകഥകളും, ആചാരങ്ങളും, ഇന്നു ബഹുമാനസമന്വിതം മെക്സിക്കോക്കാർ സ്മരിച്ചുപോരുന്നു. പക്ഷേ, ഭയാനകമായ ഈ ഒടുവിലത്തെ ആസ്ടെക്ക്—സ്പാനിഷ്യുദ്ധം (ഒരുതരത്തിൽ നോക്കിയാൽ ഒരു പൗരസ്ത്യ—പാശ്ചാത്യയുദ്ധം) നടന്ന പോക്കളം ഇന്നു വാഹനബഹുലമായ ഈ നഗരമാണെന്നു വിശ്വസിക്കാൻ കുറെ ഏറെ കല്പനാവൈഭവം വേണ്ടിയിരിക്കുന്നു. അന്നു വിജയം നേടിയതു് ആസ്ടെക്ക്വർഗ്ഗക്കാരായിരുന്നെങ്കിൽ, അവരുടെ സംസ്കാരം ഏതെല്ലാം വഴികളിൽക്കൂടി വിപുലമാകുമായിരുന്നു! ഇന്നത്തെ മെക്സിക്കോസംസ്കാരത്തിൻെറ ഛായ എത്ര വ്യത്യസ്തമായിരിക്കുമായിരുന്നു!

23 നവംബർ

ഇന്നു നമ്പീശൻെറ ആതിഥ്യം സ്വീകരിച്ചു. നമ്പീശൻ ഇവിടത്തെ ഇൻഡ്യൻ ലെഗേഷനിൽ ജോലിചെ

യ്യുന്ന ഒരു ഉദ്യോഗസ്ഥനാണ്. ഇവിടെ ആദ്യം വന്നപ്പോൾ ഒരു ഇൻഡ്യൻ ലെഗേഷൻ ഉള്ള കഥതന്നെ അറിഞ്ഞിരുന്നില്ല. പക്ഷേ, ലെഗേഷൻ ആഫീസിൽ ഫോൺ ചെയ്തപ്പോൾ ആദ്യം പറഞ്ഞ പേരു നമ്പീശൻെറ ആയിരുന്നു. കേരളത്തിലെ നാമകരണസമ്പ്രദായത്തിൻെറ സവിശേഷതകൊണ്ടു് ഉടൻതന്നെ അദ്ദേഹം ഒരു മലയാളി ആണെന്നും, അദ്ദേഹത്തിൻെറ ബന്ധുക്കൾ ചിലർ എൻെറ സ്നേഹിതന്മാരാണെന്നും എനിക്കു ധരിക്കാൻ കഴിഞ്ഞു. അങ്ങനെ വിദൂരമായ ഈ മെക്സിക്കോയിൽ വെച്ച് ഒരു മലയാളിയേയും കണ്ടുമുട്ടി.

ഇവിടത്തെ പ്രശസ്തമായ തെരുവീഥി(Reforma)യെ അഭിമുഖീകരിച്ചുനിൽക്കുന്ന ഒരു ചെറിയ ഫ്ളാററിലാണ് അദ്ദേഹം സകുടുംബം താമസിക്കുന്നതു്. പ്രഥമ ദർശനത്തിൽ മലയാളിയായി തോന്നിയ അദ്ദേഹത്തിന്റെ ഭാര്യ മോറീഷിയസ്സിൽ ജനിച്ചുവളന്ന ഒരു ഇൻഡ്യൻ വനിതയാണ്. അവരും ലെഗേഷനിൽ ജോലിചെയ്യുന്നു. (എനിക്കു നമ്പീശൻെറ പേരു പറഞ്ഞുതന്നതു് അവരല്ലാതെ വേറെ ആരുമല്ലായിരുന്നു.) അവക്കും അവരുടെ മകൾക്കും മലയാളത്തിൻെറ അറിവു ലവലേശം ഇല്ലായിരുന്നു.

നമ്പീശൻെറ അമ്മാവന്മാരുടെ അയൽവാസിയായിട്ടാണു ഞാൻ തിരുവനന്തപുരത്തു് എൻെറ ശൈശവകാലം കഴിച്ചിരുന്നതു്. അവരുടെ കഥ അദ്ദേഹം പറഞ്ഞപ്പോൾ എൻെറ മനസ്സ്, അതിവേഗം ലക്ഷ്മീമംഗലത്തുവെച്ചു നാല്പതോളം വർഷങ്ങൾക്കുമുൻപു കഴിഞ്ഞ ആ ദിവസങ്ങളിലേയ്ക്കു പാഞ്ഞുപോയി. ഗ്രാമീണജീവിതത്തിൽ ജനിച്ചുവളന്ന ഞാൻ ആദ്യമായി പട്ടണവുമായി പരിചയപ്പെട്ടതു് അന്നായിരുന്നു. ബുദ്ധിശാലിക

ളായ നമ്പീശന്മാരെ മാതൃകാപുരുഷന്മാരായി അന്നുതന്നെ എനിക്കു ചൂണ്ടിക്കാണിച്ചുതന്നിരുന്നു. അവരിൽനിന്നും അല്പം വ്യതിചലിച്ചാണു തൻെറ പോക്കു് എന്നു നമ്മുടെ നമ്പീശൻ അട്ടത്തിരുന്നു് എന്നോട്ടു പറഞ്ഞു. യാഥാസ്ഥിതികത്വത്തോട്ടും, ബുദ്ധിവൈഭവത്തോട്ടും കുറെ വിടവാങ്ങിയായിരുന്നത്രേ അദ്ദേഹത്തിൻെറ പോക്കു്. ഒന്നാം ക്ലാസ്സിൽ ഒന്നാമനായി ജയിക്കുന്നതിനും, ഉയന്ന ഉദ്യോഗങ്ങൾ സ്വീകരിക്കുന്നതിനും, സൗമ്യമായി അടങ്ങിയൊതുങ്ങി ജീവിക്കുന്നതിനും പകരം അദ്ദേഹം വരിച്ചതു് വൈദേശികഭാൎയ്യയും, കായികവിനോദങ്ങളും, ഓട്ടൻതുള്ളലും ആയിരുന്നു. ഈ മാററങ്ങൾ അദ്ദേഹത്തിനു വളരെ ഇഷ്ടമായിരുന്നു എന്നുള്ളതിനു യാതൊരു സന്ദേഹവുമില്ലായിരുന്നുതാനും.

24 നവംബർ

പ്രസിഡണ്ടിൻെറ കൊട്ടാരച്ചുമരുകളിൽ ഗംഭീരമായ രീതിയിൽ ചിത്രങ്ങൾ വരച്ചിട്ടുണ്ടു്. അതുപോലെതന്നെ വിദ്യാഭ്യാസവകുപ്പു് പ്രവൎത്തനം ചെയ്യുന്ന ഒരു ആഫീസിൻെറ ഭിത്തികളിലും സാംസ്കാരികജീവിതത്തിനെ പുരസ്കരിച്ചുള്ള ചിത്രങ്ങൾ കാണാം. ഒരു പ്രസിദ്ധ ചിത്രകാരനായ ഹോർമനാണു് ഈ ചിത്രങ്ങൾ ഗവണ്മെൻറു നിർദ്ദേശപ്രകാരം എഴുതിയിട്ടുള്ളതു്. ഈ രണ്ടു ചിത്രപരമ്പരകൾക്കും ചില സാദൃശ്യങ്ങൾ കാണാം. തൊഴിലാളികൾക്കും, കർഷകന്മാക്കും പ്രാധാന്യം—ഒരു പക്ഷേ, ക്രമത്തിലധികം പ്രാധാന്യം—കൊട്ടത്തിട്ടുണ്ടു്. ഇപ്പോഴത്തെ മെക്സിക്കൻ ഗവണ്മെൻറ് ഇടത്തുവശത്തേയ്ക്കു ചാഞ്ഞ ഒരു ഗവണ്മെൻറാണു്; എങ്കിലും ആ ഗവണ്മെൻറിൻെറ അഭിപ്രായത്തിലും ഇടത്തോട്ടുള്ള അഭിപ്രാ

യങ്ങളാണ് ഈ ചിത്രങ്ങളിൽ പ്രതിഫലിച്ചു കാണുന്നതു്.

പള്ളിയോടും പാതിരിമാരോടും ഉള്ള ഒരു പകയും ഈ ചിത്രങ്ങളിൽ തെളിഞ്ഞുകാണാം. മെക്സിക്കൻ ചരിത്രം വായിച്ചുനോക്കുകയാണെങ്കിൽ ഇതു തീരെ അത്ഭുതകരമായി തോന്നുകയില്ല. ഈ ശതാബ്ദത്തിലാദ്യം പ്രസിദ്ധപ്പെട്ടത്തിയ 'മെക്സിക്കോ വിജയിക്കട്ടെ' (Viva Mexico) എന്ന പുസ്തകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "1519-ൽ സ്പെയിനും, റോമൻകത്തോലിക്കാപള്ളിയും, മെക്സിക്കോയുടെ കഴുത്തിൽ പിടികൂടി; മുന്നൂറു സംവത്സരങ്ങൾ കഴിഞ്ഞിട്ടുമാത്രമേ വളരെ ക്ലേശത്തോടെ ഈ പിടിയിൽനിന്നു സ്വാതന്ത്ര്യം കിട്ടിയുള്ളു. ഈ കാലത്തിനിടയ്ക്കു രാജ്യത്തുള്ള മൂന്നിലൊരുഭാഗം ഭൂസ്വത്തു പള്ളിക്കു കൈവശമായതുകൂടാതെ 'അവരുടെ ആത്മാവു് അവരുടെ സ്വന്തമല്ലെ'ന്നുള്ളചൊല്ലു്, മെക്സിക്കക്കാരെക്കുറിച്ചു്തികച്ചും വാസ്തവമായിത്തീർന്നു. 1527 മുതൽ 1820 വരെ അവരവരുടെ ആത്മാവു് അവരവരുടെ എന്നു് അവകാശപ്പെടുകയാണെങ്കിൽ ഫലം രഹസ്യമായി വിശുദ്ധപള്ളി (Holy office of the Inquisition)യുടെ മതദ്രോഹവിചാരണ സഭക്കാരുടെ അന്വേഷണത്തിനു വിധേയമാവുകയും അതുകഴിഞ്ഞു തൂക്കിക്കൊല്ലാനോ ദഹിപ്പിക്കാനോ രാഷ്ട്രീയ ശക്തിക്കായി 'വിട്ടുകൊടുക്കുക' എന്ന അത്ഥശൂന്യമായ ക്രിയ നടത്തുകയും ആയിരുന്നു. വിശുദ്ധപള്ളിയുടെ മുൻപിൽ പ്രധാന കുറ്റങ്ങളായി ഗണിച്ചിരുന്നതു് അവിശ്വാസം, മന്ത്രവാദം, ബഹുഭാര്യാത്വം, വശീകരണം, ആൾമാറാട്ടം എന്നിവ ആയിരുന്നു. പക്ഷേ, ഇവയെ പള്ളിയുടെ ജോലിയുമായി അനുഭാവം ഇല്ലാത്ത സകലരേയും ഉൾപ്പെടുത്തത്തക്കവണ്ണം അത്ര വിപുലമാക്കിയി

രുന്നു.....വിദേശീയരുടെ ആക്രമണംവരെ ഈ 'പുതിയ ലോകം' എത്രകാലംമുതൽ എന്നു നിശ്ചയമില്ല, ദേവന്മാരുടെ കശാപ്പുമുറിയായിരുന്നു; ദൈവത്തിൻെറപേരിൽ, സ്പെയിനും പള്ളിയും അതേ കൂട്ടക്കൊല പിന്നെയും പിൻതുടന്നുകൊണ്ടിരുന്നു.''

ഏതായാലും—അഥവാ അതുകൊണ്ടെല്ലാമായിരിക്കാം—കത്തോലിക്കാമതാചാരങ്ങൾ മെക്സിക്കോയിൽ സ്ഥിരപ്രതിഷ്ഠങ്ങളാണ്. പഴയ ഇൻഡ്യൻ മതവിശ്വാസങ്ങൾ, (ആസ്ടെക്ക്ദേവാലയശില്പകല ക്രിസ്ത്വീയപള്ളിയുമായി ഇണങ്ങിയപോലെ) ക്രിസ്ത്യൻ മതവിശ്വാസങ്ങളുമായി ചിലപ്പോഴെല്ലാം യോജിച്ചുകാണുന്നു എന്നുമാത്രം. ക്രിസ്തുവിൻെറ ജനനസമയത്തിനുമുമ്പ് എട്ടുദിവസങ്ങൾ വിശുദ്ധമാതാവും, ജോസഫും ബെത്ലെഹേമിൽ അലഞ്ഞുനടന്നതിനെ പ്രകീത്തിക്കുന്ന'പൊസാഡാ' എന്ന കമ്മം ഇതിനു് ഉദാഹരണമാണ്. വിനോദവും, മതവും ആയി സമ്മേളിച്ചുള്ള ഒരു ഉത്സവമാണിതു്. മെക്സിക്കോയിൽ അനേകകാലമായി കൊണ്ടാടുന്ന ഈ ഉത്സവം സാമുദായികമായി അതീവ പ്രാധാന്യമുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

25 നവംബർ

ഇന്നു ഡൂബേയുടെ വിരുന്നുസൽക്കാരത്തിൽ പങ്കുകൊണ്ടു. നടുക്കു ഡൂബേയും, ഓരോ വശത്തു ഹെർവിയും ഞാനും ആസനസ്ഥരായി; അല്പം അകലെ ടോണി ദ്വിഭാഷിയുടെ കത്തവ്യം നിവ്വഹിച്ചുകൊണ്ടിരുന്നു. ഡൂബേ ഇവിടത്തെ വ്യവസായനേതാക്കന്മാരിൽ പ്രധാനപ്പെട്ട ഒരാളാണ്. ഫ്റാൻസിൽനിന്നു് ഇഞ്ചിനീയറിങ്പരിശീലനം നേടി അദ്ദേഹം ഇവിടെ വന്നിട്ടു വർഷങ്ങൾ

കുറേ ഏറെയായി; അതിനിടയ്ക്കു മെക്സിക്കൻ മിൽത്തുണി വ്യവസായത്തിൽ ഏററവും മികച്ചുനില്ക്കുന്ന 'സിഡോ സാ'കമ്പനികളുടെ ഉദ്യോഗസ്ഥവൃന്ദത്തിന്റെ തലവനും ആയി. നയവും, ചൊടിചൊടിപ്പും, മിടുക്കും അദ്ദേഹത്തിൽ ഒരേമട്ടിൽ സമ്മേളിച്ചു കണ്ടിരുന്നു. ഇടയ്ക്കിടയ്ക്ക് ഒരു പൊള്ളച്ചിരി പൊട്ടിപ്പുറപ്പെടുന്നതു കേൾക്കുമ്പോൾ മാത്രമേ അദ്ദേഹം ഹൃദയശൂന്യതയോടെ പ്രവർത്തിക്കാൻ മടിക്കുകയില്ല എന്നേ തോന്നൂ. ആദ്യത്തെ ദിവസംമുതൽ ഞങ്ങൾ നേരിട്ടു പരിചയമാവുകയും, മെക്സിക്കോയിലെ എൻെറ താമസക്കാലം മുഴുവൻ തന്നെ എന്നോടു പ്രത്യേക സ്നേഹമായും എൻെറ സൗകര്യങ്ങൾക്കുവേണ്ടി എപ്പോഴും ബദ്ധശ്രദ്ധനായും അദ്ദേഹം പെരുമാറിയിരുന്നു.

ഞങ്ങളുടെ ഇന്നത്തെ സംഭാഷണം വ്യവസായപ്രശ്നങ്ങളെ പൊതുവെ പരാമർശിച്ചായിരുന്നു. അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ ആരാഞ്ഞറിയാൻ എനിക്കും, എൻെറ ഉള്ളിനെ ചുഴിഞ്ഞുനോക്കാൻ അദ്ദേഹത്തിനും ജിജ്ഞാസയുള്ളതായി പ്രത്യക്ഷപ്പെട്ടു. ഹെർവിയുടെ പ്രഭാഷണങ്ങളിൽനിന്നു് അദ്ദേഹത്തിൻെറ ശ്രദ്ധയെ ഇടയ്ക്കിടയ്ക്കു വ്യതിചലിപ്പിക്കുന്ന ശ്രമത്തിൽ ഞാൻ ഏർപ്പെട്ടുകൊണ്ടിരുന്നു. മെക്സിക്കൻ തുണിനിർമ്മാണവ്യവസായത്തിലെ തൊഴിൽവ്യവസ്ഥകളെ നിയന്ത്രിക്കാൻ തൊഴിലാളികളും മുതലാളികളും തമ്മിൽ ദീർഘകാലമായി നിലനിന്നുവരുന്ന ഒരു കരാറുണ്ടു്. ഈ കരാറുപ്രകാരം ജോലിചെയ്യുന്നവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുള്ളതു് ഒരൻപതുകൊല്ലത്തിനുമുമ്പുള്ള പരിതസ്ഥിതികളെ അടിസ്ഥാനപ്പെടുത്തിയാണു്. പുതിയ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ള മില്ലുകളിൽമാത്രം ജോലിക്കു തക്കവിധം ആളുകളെ നിയമിക്കാനുള്ള അധികാരം മുതലാളികൾക്കു കൊടു

ത്തിട്ടുണ്ടു്. ഈ അധികാരം പഴയ മില്ലുകളെക്കൂടി സംബന്ധിച്ചു കൊടുക്കുകയില്ലെങ്കിൽ മില്ലുവ്യവസായത്തിന്റെ ഭാവി ഇരുളടഞ്ഞതാണെന്നു ഡൂബേ നിരന്തരം എന്നെ അറിയിച്ചുകൊണ്ടിരുന്നു. മില്ലുകൾ പുതുക്കുന്നതിലും, പുതിയ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിലും കർശനമായ നിയമങ്ങൾക്കു വിധേയമായല്ലാതെ ഈ അധികാരസീമ വിപുലമാക്കിയാൽ തൊഴിലുകാരുടെ എണ്ണം കുറച്ചു് തൊഴിലില്ലായ്മ വദ്ധിക്കുമെന്നു മറുവശത്തുനിന്നു ഞങ്ങൾക്കു താക്കീതു കിട്ടിക്കൊണ്ടിരുന്നു. മില്ലുകളിലുള്ള യഥാത്ഥസ്ഥിതികൾ കണ്ടറിയാൻ ആദ്യം ഡൂബേയുടെ കമ്പനിവക 'ഒറീസാബാ' എന്ന പ്രശസ്തകേന്ദ്രത്തിലെ മില്ലുകൾ കാണാൻ ഞങ്ങൾ നാളെ പുറപ്പെട്ടും; അതിന്റെ ഉപക്രമമായ ഇന്നത്തെ സൽക്കാരത്തിൽ, യുദ്ധകാലത്തു് ഇതിലേക്കും പതുക്കെപോകുന്ന കപ്പലിന്റെ ഒരുമിച്ചു് കൂടെപോകുന്ന എല്ലാ കപ്പലുകളും യാത്രചെയ്യാൻ നിർബന്ധിതരാകുന്നതുപോലെ, വ്യാവസായികലോകത്തിൽ പുരോഗമന വ്യക്തികളെ പുറകോട്ടു പിടിച്ചുനിത്തുകയാണു് മെക്സിക്കൻ തൊഴിൽകരാറു് ഇപ്പോൾ ചെയ്യുന്നതെന്നു ഒരു അനുപല്ലവി ഡൂബേ ഞങ്ങളെ എപ്പോഴും ഓമ്മിപ്പിച്ചുകൊണ്ടിരുന്നു.

26 നവംബർ

ഇന്നുരാവിലെ ഒക്ടാവീയോ, മുന്ന്യോസിനോടൊപ്പം സ്സോചിമിൽക്കോ (Xochimilco) എന്ന സ്ഥലം സന്ദർശിച്ചു. മുന്ന്യോസ് ഇവിടത്തെ മുതലാളിസംഘത്തിന്റെ കാര്യദർശിയാണു്; മുതലാളികളെ പ്രീതിപ്പെടുത്താൻ എപ്പോഴും പ്രദർശിപ്പിക്കുന്ന വ്യഗ്രത അദ്ദേഹത്തിന്റെ ജീവിതത്തിലാകെ കടന്നുകൂടിയിരിക്കുന്നു. കൈകാട്ടിയും,

മുഖം ഇളക്കിയും ഒരുതരം ആചാരഭാഷ അദ്ദേഹം പുറപ്പെടുവിച്ചുകൊണ്ടിരിക്കും. പുറത്തുവരുന്ന ഭാഷ, ഞങ്ങൾക്കുവേണ്ടി ഇംഗ്ലീഷായിട്ടാണു്; പക്ഷേ, സ്പാനിഷ് പ്രത്യയങ്ങൾ സ്വമേധയാ ഇംഗ്ലീഷ്വാക്കുകളുമായി ചേർത്തുള്ള ഒരു 'മണിപ്രവാള'ഭാഷയാണു വാസ്തവത്തിൽ അദ്ദേഹത്തിൻെറ ഇംഗ്ലീഷ്.

മുന്ന്യോസ് ഞങ്ങളെ നയിച്ചുകൊണ്ടു പോകുന്നതു് എങ്ങോട്ടേക്കാണെന്നു് എനിക്കു തീരെ നിശ്ചയമില്ലായിരുന്നു. ഒടുവിൽ ഒരു തോട്ടിൻെറ വക്കിലെത്തി. തോട്ടിൽ പലേ വള്ളങ്ങൾ കൂട്ടിയിട്ടിരുന്നു. അവ കടത്തുവള്ളങ്ങളായി ഉപയോഗിച്ചു ഞങ്ങൾ അങ്ങേ കരയിൽ ചെന്നുനോക്കിയപ്പോൾ മനോമോഹനമായ ഒരു കാഴ്ച മുൻപിൽ പ്രത്യക്ഷപ്പെട്ടു. അനവധി ചെറിയ ബോട്ടുകൾ, പുഷ്പങ്ങൾകൊണ്ടു വിതാനിച്ച് ഓളംതള്ളുന്ന തോട്ടിൻെറ ജലപ്പരപ്പിൽ നീങ്ങിക്കൊണ്ടിരുന്നു. ബോട്ടുകളിൽ കൊട്ടും, പാട്ടും, ആർപ്പുവിളിയും; തോട്ടിൻെറ ഇരുവശത്തും നീണ്ടു മേലോട്ടുയർന്നുനില്ക്കുന്ന പൈൻവൃക്ഷങ്ങൾ; ഇടയ്ക്കിടയ്ക്കു തോട്ടുവക്കിൽ ഹോട്ടലുകളും, നിറപ്പകിട്ടുള്ള പരവതാനികൾ വില്ക്കാൻ ജാഗ്രതയായി വിലപേശുന്ന വില്പനക്കാരും; 'പോൽക്കാ' (ഒരുതരം കള്ളു്) കുടങ്ങളിൽ നിറച്ചു് മന്ദം മന്ദം നീങ്ങുന്ന നാടൻവള്ളങ്ങളും, അതിൽ ഈണത്തിൽ പാടുന്ന വള്ളക്കാരും—ഇങ്ങനെ നാനാവർണ്ണപ്രകടിതമായ ഒരു ഉത്സവമായിരുന്നു അവിടെ. ഞങ്ങളും ഒരു ബോട്ടു വാടകയ്ക്കെടുത്തു തോട്ടിലേക്കിറങ്ങി, ആഹ്ലാദവും, ഉല്ലാസവും ചുററും വിളയാടിക്കൊണ്ടിരുന്നതിനിടയ്ക്കു കൂടി ഒരു ഹോട്ടലിനെ ലാക്കാക്കി യാത്രതിരിച്ചു. ഹോട്ടലിൽ മുന്ന്യോസിൻെറ സല്ക്കാരം. അവിടെ ഇരുന്നു് ബോട്ടിൽ യാത്രചെയ്യുന്ന മററു പലതരത്തിലുള്ള ആഗതരെ

കാണാം. ചില കുടുംബങ്ങൾ ഒരു ദിവസത്തേക്കുള്ള വിഭവങ്ങൾ ബോട്ടിൽ ശേഖരിച്ചു വന്നിരിക്കയാണ്. നവദമ്പതിമാർ മധുവിധു ആഘോഷിക്കാനും, പ്രേമബദ്ധരായ യുവതീയുവാക്കന്മാർ ഭാവിയെ സ്വപ്നംകാണാനും—അങ്ങനെ ജീവിതത്തിൻെറ പല ദശകളും രംഗങ്ങളും!

ഞങ്ങൾ ഉച്ചഭക്ഷണം കഴിഞ്ഞു വീണ്ടും ബോട്ട് സവാരി തുടന്നു. സ്സോചിമിൽക്കോ നീണ്ട ആഴംകുറഞ്ഞ ഒരു തോടാണ്. വെള്ളം കുറഞ്ഞും, മണ്ണു പൊങ്ങിയും വരുന്നതു സ്പഷ്ടമായി കാണാം. പണ്ട് മെക്സിക്കോനഗരവും ഇതുപോലെ ആയിരുന്നിരിക്കണം. കുറേ വർഷങ്ങൾക്കു ശേഷം, ഈ തോടുള്ള ഭാഗവും കരയായേക്കും. അതുകൊണ്ട് അന്ന്, കൗതുകമായ ദേവകന്യകമാരുടെ പേരുംവഹിച്ച് 'പുഷ്പിണി'കളായി നീങ്ങിക്കൊണ്ടിരിക്കുന്ന ഈ ബോട്ടുകളും, ഇവിടത്തെ ഗീതവും, നൃത്തവും, ആർപ്പുവിളിയും, ആഘോഷവും അപ്രത്യക്ഷമാകും. ഈ ശോകമയമായ വിചാരത്തോടെ ഞങ്ങൾ ആ സ്ഥലം വിട്ടു.


രാത്രിയിൽ ഡൂബേയുടെ നേതൃത്വത്തിൽ ഞങ്ങൾ ഒറീസാബായിലേക്കു പുറപ്പെട്ടു. അമേരിക്കൻ ഐക്യനാട്ടുകളിലെ തീവണ്ടികളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഞങ്ങൾ യാത്രചെയ്ത തീവണ്ടി വളരെ പഴയ മട്ടിലായിരുന്നു. (ഏതാണ്ട് നമ്മുടെ തീവണ്ടികളെപ്പോലെതന്നെ.) എങ്കിലും, ഒന്നാംക്ലാസ്സു യാത്രക്കാർക്കു പ്രത്യേകമായ ഒരു മുറിയും, രാത്രിയിൽ ഉറങ്ങാൻ വേർതിരിച്ച കിടപ്പറകളും ഉണ്ടായിരുന്നു. തീവണ്ടി 'കടകട'ശബ്ദം പുറപ്പെടുവിച്ചു മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നപ്പോൾ ഞങ്ങൾ 'റെസ്റ്റാറൻറ്'കാറിലിരുന്നു മെക്സിക്കൻ കാര്യങ്ങളെക്കുറിച്ചും, വ്യക്തിപരമായ ജീവിതസംഭവങ്ങളെ സംബന്ധിച്ചും, സംസാരിക്കുകയായിരുന്നു. ഡൂബേയും ഹെർ

വിയും മെക്സിക്കൻ തൊഴിലാളിപ്രശ്നത്തെപ്പററി ഒരുവശത്തു വാദപ്രതിവാദത്തിലേർപ്പെട്ടപ്പോൾ, ടോണിയും, വിവിയനും എനിക്കു് അഭിമുഖമായിരുന്നു് സൈ്വരസല്ലാപത്തിനാരംഭിച്ചു. ടോണിയുടെ വിവാഹജീവിതം അല്പം കുഴപ്പത്തിലായിരുന്നു. ആദ്യത്തെ വിവാഹം 18—ാമത്തെ വയസ്സിലായിരുന്നു. അതിൻെറ ഫലമായി രണ്ടു സന്താനങ്ങൾ ഉണ്ടായതിനുശേഷം ആ വിവാഹബന്ധം വേർപെട്ടു. വീണ്ടും ഒരു സഹ ഉദ്യോഗസ്ഥയെ ജെനീവായിൽ വെച്ചു വിവാഹം കഴിച്ചു. പെട്ടെന്നു് ഏർപ്പെട്ട ബന്ധം അതുപോലെ പെട്ടെന്നു ശിഥിലമായി. അയാളുടെ രണ്ടാമത്തെ ഭാര്യ ആസ്ട്രേലിയായിലെവിടെയോ താമസിക്കുകയാണു്. ഈ കഥകളെല്ലാം അയാൾ വിവിയനോടു പറഞ്ഞു കേൾപ്പിക്കുകയാണു്. വിവിയനോടു മാത്രം എന്തുകൊണ്ടു പറയുന്നു എന്നു ഞാൻ അത്ഭുതപ്പെട്ടു. ദീർഘകായനും, ആരെയും ആകർഷിക്കുന്ന മട്ടും ഉള്ള ആളായിരുന്നു ടോണി; വലിയ സൗന്ദര്യമൊന്നുമില്ലെങ്കിലും, യുവത്വത്തിൻെറ ഒരു കോമളിമ വിവിയനും ഉണ്ടായിരുന്നു. അവരുടെ സൈ്വരസല്ലാപത്തിൽ ഞാൻ അല്പാല്പം പങ്കുകൊണ്ടുംകൊണ്ടിരുന്നപ്പോൾ, ടോണിയുടെ വികാരജീവിതത്തിലെ വേറൊരു അദ്ധ്യായം മുമ്പിൽ പ്രതീക്ഷിച്ചു് ഞാൻ ഭാവന ചെയ്യുകയായിരുന്നു. അപ്പോഴേയ്ക്കും ഔദ്യോഗികമായ ആലോചനകൾക്കുവേണ്ടി ഞങ്ങളെ ഹെർവി അദ്ദേഹത്തിൻെറ മുറിയിലേയ്ക്കു വിളിച്ചു.

27 നവംബർ

ഇന്നു രാവിലെ പ്രകാശമായപ്പോൾ ഞങ്ങൾ ഒറീസാബായിലെത്തി. ഡൂബേയുടെ അനുയായികൾ കാറുകളുമായി സ്റ്റേഷനിൽ ഹാജരായിരുന്നു. അവിടെനിന്നും

മൂന്നുനാലു മൈൽ ദൂരെയാണ് അദ്ദേഹത്തിൻെറ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന പ്രശസ്തമായ മിൽ സ്ഥിതിചെയ്തിരുന്നതു്. മില്ലിലേയ്ക്കു പ്രവേശിക്കുമ്പോൾ ഒരു കോട്ടപോലെ, മിൽപുരയിടത്തിനു ചുററും മതിൽ കെട്ടിയിട്ടുള്ളതു കാണാം. പണ്ടു് ആ കോട്ടയുടെ മുകളിൽ തോക്കുകൾ സ്ഥാപിച്ചിരുന്നുവത്രേ. മില്ലിനു് അല്പം ദൂരെയാണു് അതിഥിമന്ദിരം. ഞങ്ങൾ അവിടെ സുസ്ഥാപിതരായി. മുകളിലത്തെ നിലയിൽ നിന്നു നോക്കിയാൽ അടുത്തുള്ള ചെറിയ ഗ്രാമവും, അകലെയുള്ള കുന്നിൻനിരകളും കാണാം. ഇവിടെ ഒരു മിൽവ്യവസായം കുറേ ഏറെക്കാലം മുതൽക്കേ ഉണ്ടായിട്ടുള്ളതാണു്. ഈ ശതാബ്ദത്തിലാദ്യം പ്രസിദ്ധപ്പെടുത്തിയ ഒരു മെക്സിക്കൻ യാത്രാവിവരണത്തിൽ ഒറീസാബാ മിൽ പണിമുടക്കത്തിനെപ്പററി രസാവഹമായ ഒരു സംഭവം കുറിച്ചിരിക്കുന്നതു വായിച്ചു. പട്ടാളങ്ങളുമായി സംഘട്ടനമുണ്ടായി ഇരുപത്തഞ്ചിൽപ്പരം തൊഴിലാളികൾ മരിച്ചുപോയി എന്ന ഒരു റിപ്പോർട്ടു് ആ കാലത്തു പത്രത്തിൽ കണ്ടുവത്രേ. എന്നാൽ അടുത്ത ദിവസം മിൽമാനേജരോടു ടെഹ്വകാനിലെ ജലാശയത്തിൽ നീന്തിത്തുടിച്ചുകൊണ്ടിരിക്കുമ്പോൾ ഉണ്ടായ കുശലപ്രശ്നത്തിൻെറ ഫലമായി ഇതിനെപ്പററി കിട്ടിയ വിവരം തികച്ചും വേറെ ഒരു തരത്തിലായിരുന്നു. ഒരു വിപ്ലവത്തിൻെറ നാന്ദിയായിട്ടാണു് ഈ പണിമുടക്കം ഉണ്ടായതെന്നും, മെക്സിക്കോപട്ടണത്തിൽനിന്നും ഗവണ്മെൻറു് ഒരു സൈന്യത്തെ അയച്ചു് അറുനൂറു് തൊഴിലാളികളെ പെട്ടെന്നു വെടിവെച്ചുവെന്നും, അതുകഴിഞ്ഞു് അടുത്തദിവസം ഇരുപത്തഞ്ചുപേരെ തൂക്കിക്കൊന്നുവെന്നും, അതോടുകൂടി പണിമുടക്കവും, വിപ്ലവവും അവസാനിച്ചുവെന്നുമാണു മാനേജർ പറഞ്ഞതത്രേ.



മെക്സിക്കയിലെ മില്ലിനുള്ളിൽ–സി. ബി. കുമാർ, ഹെർവി, ഡെമ്പിവോർ, ടോണി തുടങ്ങിയവർ

ഇന്നത്തെ ഈ മാതിരിയുള്ളസംഭവങ്ങളും പത്രറിപ്പോർട്ടുകളും തമ്മിൽ ഇതേമാതിരി 'പൊരുത്തം'തന്നെ ആണോ ഉള്ളതെന്നു ഞാൻ അത്ഭുതപ്പെട്ടു. അതോടുകൂടി മുതലാളി—തൊഴിലാളി തക്കങ്ങൾ ഇത്ര 'സരള'മായ രീതിയിൽ ഇപ്പോഴും സമാധാനപ്പെടുത്തുകയാണോ എന്നും ഞാൻ വിചാരിച്ചു.

28 നവംബർ

രാവിലെ മില്ലുകൾ നടന്നു നോക്കുകയും, അതുകഴിഞ്ഞു് മുതലാളി—തൊഴിലാളി പ്രതിനിധികളടങ്ങിയ ഒരു വട്ടമേശസമ്മേളനത്തിൽ തൊഴിൽ പ്രശ്നങ്ങളെപ്പറ്റി വാദപ്രതിവാദങ്ങൾ നടത്തുകയും ആണു് ഞങ്ങളുടെ പതിവു്. സ്പാനിഷ്ഭാഷയിൽ നടക്കുന്ന ഈ വാദകോലാഹലങ്ങൾ മനസ്സിലാക്കാൻ ഞാൻ ശ്രദ്ധിച്ചു കേട്ടുകൊണ്ടിരിക്കും. അതിൻെറ ഫലമായി മെക്സിക്കൻ മനസ്ഥിതിയുടെ ചില സാമാന്യലക്ഷണങ്ങൾ സ്പഷ്ടമായി. ഉഷ്ണകാലത്തും തണുപ്പുകാലത്തും ഒരുപോലെ മഴപെയ്യുമോ എന്നു ചോദിച്ചതിനു് 'നൊ അയി റെഗ്ലാസ് ഫിക്സാസ് സീന്യോർ' (നിശ്ചിതമായ നിയമങ്ങൾ ഇല്ല, സാർ) എന്നു പണ്ടാരോ മറുപടി പറഞ്ഞുവത്രേ. ഏതാണ്ടതുപോലെ ആണു് സകലതിലും; നിശ്ചിതമായ നിയമങ്ങളില്ല. അഥവാ നിയമങ്ങൾ ഒരുമാതിരി; പ്രായോഗിക നടപ്പുകൾ വേറൊരു മാതിരി; ഇവരണ്ടും 'പൊരുത്തം' കാണാൻ പ്രയാസം. തൊഴിൽവ്യവസ്ഥയുടെ സകല നിയമങ്ങളും തൊഴിൽ കരാറിൽ സുസ്പഷ്ടമായി ഉൾപ്പെടുത്തിയിട്ടുണ്ടു്; പക്ഷേ, അവ പരിപാലിക്കുന്നതിൽ അത്ര തന്നെ ശുഷ്കാന്തി കണ്ടില്ല. ഇതിലും മെക്സിക്കോക്കാർക്കു് നമ്മുടെ ഒരു സാഹോദര്യബന്ധം ഉള്ളതുപോലെ തോന്നി.

ഇന്നു തൊഴിൽ സ്ഥിതിയെപ്പററിയുള്ള അന്വേഷണങ്ങളും തക്കങ്ങളും എല്ലാംകഴിഞ്ഞു് ഡൂബേ ഞങ്ങളെ ഒരു സായാഹ്നസവാരിക്കു കൊണ്ടുപോയി. നാല്പതു മൈൽദൂരം വളഞ്ഞുപുളഞ്ഞുപോകുന്ന പാതയിൽക്കൂടിയായിരുന്നു ഈ സവാരി. ഒടുവിൽ, മനോമോഹനമായ തോട്ടംകൊണ്ടു ചുററപ്പെട്ട ഒരു ഹോട്ടലിൽ ഞങ്ങൾ ചെന്നുചേന്നു. തോട്ടത്തിൻെറ നടുക്കു് ആഗതക്കു നീന്തിക്കളിക്കാനായി ഒരു കുളവും നിമ്മിച്ചിട്ടുണ്ടു്. അതിനു് അഭിമുഖമായി വരാന്തയിൽവെച്ചു ഞങ്ങൾ പാനീയങ്ങൾ അല്പാല്പം ആസ്വദിച്ചു്, കുളത്തിലേക്കു ധാരധാരയായി വന്നു വീണ വെള്ളത്തുള്ളികളിലേക്കു നോക്കിക്കൊണ്ടിരുന്നു. വിദൂരമായ ഈ 'ഫ്ളോറൻറീൻ' എവിടെ? ഇപ്പോൾ മഞ്ഞു വീണുകൊണ്ടിരിക്കുന്ന ജെനീവാ എവിടെ? ഈ രണ്ടു സ്ഥലങ്ങൾ തമ്മിലുള്ള അന്തരം ഞങ്ങളുടെ സംഭാഷണവിഷയമായി. എനിക്കു നമ്മുടെ നാട്ടിനെപ്പററിയുള്ള ഓമ്മകൾ വന്നു. കേരളത്തിലെ മഴക്കാലത്തു് അമ്പലക്കുളത്തിൽ മഴത്തുള്ളികൾ വന്നുവീഴുമ്പോൾ ഈമാതിരിയുള്ള ഒരു കാഴ്ചയാണു്. ചുററും നമ്മുടെ നാട്ടിലെപ്പോലെ വാഴകളും കാണാമായിരുന്നു. ഹോട്ടലിലെ വിഭവങ്ങളും, ചിട്ടയും, ആൾക്കാരും മാത്രമേ ഭിന്നമായി തോന്നിയുള്ളു.

ഞങ്ങൾ 'ഫ്ളോറൻറീൻ' സന്ദർശനവുംകഴിഞ്ഞു് നിലാവെളിച്ചത്തു കാറിൽ ഒറീസാബായിലേക്കുപോയി. മഴകഴിഞ്ഞു പാതയെല്ലാം വിശുദ്ധമായിരുന്നു. അല്പം അകലെ ഒറീസാബാപവ്വതശിഖരം മങ്ങിയ വെളിച്ചത്തിൽക്കൂടി അസ്പഷ്ടമായി കാണാമായിരുന്നു. അപരിചിതമായ കാഴ്ചകളും, നിലാവെളിച്ചത്തിൽ ഇരുവശത്തും പ്രത്യക്ഷപ്പെട്ടു് അതിവേഗം മറയുന്ന രംഗങ്ങളും, അവിചാരിതമായ ഈ യാത്രയും ഒക്കെ ആകപ്പാടെ അല്പം അയ

ഥാത്ഥമായ ഏതോ ഒരു ഗന്ധൎവ്വലോകത്തെ അനുസ്മരിപ്പിച്ചു ക്രമേണ ഞാൻ അദ്ധസുഷുപ്തിയിലാണ്ടു. ഇടയ്ക്കിടയ്ക്കു ടോണിയും വിവിയനും, എന്തൊക്കെയോ നേരമ്പോക്കുകൾ പുലമ്പുകയായിരുന്നു. അവരെ കൂട്ടിയിണക്കിയുള്ള സ്വപ്നങ്ങളിൽനിന്നു ഞാൻ ഉണൎന്നതു് ഒറീസാബായിലെ അതിഥിമന്ദിരത്തിൽ എത്തിയപ്പോഴാണു്.

29 നവംബർ

ഇന്നു ഡൂബേയുടെ അതിഥിമന്ദിരത്തിൽവെച്ചു ഞങ്ങൾക്കു ഒരു 'ഡിന്നർപാർട്ടി' ആയിരുന്നു. മിൽവ്യവസായത്തിൽ ഏൎപ്പെട്ടിട്ടുള്ള അടുത്ത അയൽപക്കക്കാരെക്കൂടി അദ്ദേഹം ക്ഷണിച്ചിരുന്നു. ഡൂബേയും, മററു 'സിഡോസാ'കമ്പനി ഉദ്യോഗസ്ഥന്മാരായ ഫ്റഞ്ച്യകാരും, വേറെ ഒരു മിൽഉടമസ്ഥൻ ഇംഗ്ലീഷുകാരനും, ഞങ്ങൾ നാളെ സന്ദർശിക്കാൻപോകുന്ന 'സാന്താറോസാ'യിലെ മിൽഉടമസ്ഥൻ സ്പാനിഷ് വംശജനായ മെക്സിക്കോക്കാരനും—ഇങ്ങനെ ഇവിടത്തെ മൂന്നു പ്രധാന കക്ഷികളിലെ പ്രതിനിധികളും കൂടിയിരുന്നു. അവരുമായി പരിചയപ്പെട്ട കുശലപ്രശ്നങ്ങൾ ചോദിച്ചുകൊണ്ടിരുന്നപ്പോൾ, ദേശീയ വകുപ്പുകൾക്കു പൊതുവേ ചില സ്വഭാവങ്ങൾ ആരോപിക്കുന്നതിനെക്കുറിച്ചു ഞാൻ ആലോചിച്ചു. അവ എല്ലാവരേയും സംബന്ധിച്ചു വാസ്തവമല്ലെങ്കിലും, ചില സത്യശകലങ്ങൾ അടങ്ങിയിരിക്കുന്നു എന്നു സമ്മതിക്കാതെ തരമില്ല. 'ഇംഗ്ലീഷുകാൎക്കു ഫലിതമില്ല', 'ഫ്റഞ്ച്യകാർ അസന്മാൎഗ്ഗികരാണു്', 'ഇററാലിയൻസ് വൃത്തികെട്ടവരാണു്', 'നാഗരികത്വത്തിൻെറ ലാഞ്ഛനയുള്ള അപരിഷ്കൃതരാണു റഷ്യാക്കാർ', 'സ്കോട്ട്ലൻഡുകാർ ലുബ്ധന്മാരാണു്'—ഇപ്രകാരമാണു് പരക്കെയുള്ള ഈമാതിരി

പ്രസ്താവനകൾ. ഈമട്ടിൽ മെക്സിക്കോക്കാരെപ്പററി പറയുന്നതു് അവർ പ്രകൃത്യാ അലസന്മാരാണു്, ഉപചാരഭാവത്തോടെയുള്ള അവരുടെ പെരുമാററം വെറും പൊള്ളയാണു്, വിശ്വാസവഞ്ചനയും അസത്യവും അവരുടെയിടയിൽ ധാരാളമുണ്ടു്—ഇങ്ങനെയൊക്കെയാണു്. ഏതെങ്കിലും, ഇത്തരത്തിലുള്ള ഏകപക്ഷീയമായ അഭിപ്രായങ്ങൾ കേട്ടാൽപ്പിന്നെ അങ്ങോട്ടൊന്നും വിചാരിക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ടു്, അവയ്ക്കു പ്രചുരപ്രചാരം കിട്ടുന്നു. ആ അഭിപ്രായങ്ങൾ വെച്ചുകൊണ്ടു നോക്കുമ്പോൾ അവയെ സാധൂകരിക്കാനുള്ള ലക്ഷണങ്ങളും നാം കാണുന്നു. കാര്യങ്ങൾ ഇങ്ങനെയൊക്കെ ആയാലും, ഔപചാരികമായ പെരുമാററത്തിൽ ഫ്റഞ്ചുകാരും, അതിലും അല്പം ഉപരി മെക്സിക്കോക്കാരും സ്ഥിതിചെയ്യുന്നു എന്നുള്ളതിനു സംശയമില്ല. ഏതെങ്കിലും ഒരു സമ്മേളനത്തിൽ ഒരു ഫ്റഞ്ചുകാരൻ വരുകയാണെങ്കിൽ, അവിടെ കാണുന്ന സകലർക്കും ഹസ്തദാനം ചെയ്യുന്നതിൽ ദൃഢവ്രതം എടുത്തതുപോലെ ശുഷ്കാന്തികാണിക്കുന്നു. അതുപോലെയുള്ള ഒരു വിധിവിശേഷമാണു് ഔപചാരികമായി വിടവാങ്ങാൻ മെക്സിക്കോക്കാരെ പ്രേരിപ്പിക്കുന്ന സ്വഭാവവും.

ഞങ്ങളുടെ വിരുന്നിൻെറ അന്ത്യഭാഗമായ 'കാഫി'യിലേക്കു പ്രവേശിച്ചപ്പോൾ, ഹെർവിയുടെ വേറൊരു വിദ്യ പ്രത്യക്ഷപ്പെട്ടു. കാഫിയിൽ വേറൊരു 'പാനീയ'വും' 'ക്രീമും'കൂടി ഇളക്കിപതപ്പിച്ചു് മേശപ്പുറത്തു് അദ്ദേഹം കൊണ്ടുവന്നപ്പോൾ അതിനു് എനിക്കു്ഒരു പ്രത്യേക ഭംഗിതോന്നി. അതിൻെറ ലഹരിയും, മെക്സിക്കോയിലെ മധുമദ്യവും മന്ദംമന്ദം ഞങ്ങൾ അകത്തേക്കു കടത്തിക്കൊണ്ടു മെക്സിക്കൻ രാഷ്ട്രീയസംഭവങ്ങളെക്കുറിച്ചു്കുറെയേറെ പ്രതിപാദിച്ചു. അതിലൊന്നും, ഒരു വലിയ അഭിപ്രായ

മായല്ല അവിടെ അപ്പോൾ പൊന്തിവന്നതു്. ഒടുവിൽ അ ദ്ധരാത്രികഴിഞ്ഞിട്ടും ആ അഭിപ്രായപ്രകടനങ്ങൾക്കു കുറവൊന്നും വന്നില്ല. ആ പരിതസ്ഥിതിക്കു വിടവാങ്ങലിന്റെ ഔപചാര്യം അല്പം ഒന്നു കുറയുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. പക്ഷേ, ആ അവസാനസമയത്തെ 'അഡിയോസ്'' (വിയോഗവന്ദനം) വളരെ ആവർത്തിച്ചു ഓരോരുത്തരും പറഞ്ഞുകൊണ്ടിരുന്നു.

PUBLIC LIBRARY ★ KOTTAYAM

30 നവംബർ

ഇന്നത്തെ പരിപാടിയിൽ സാന്താറോസാമില്ലിലെ മിൽസന്ദർശനവും, അതുകഴിഞ്ഞു തൊഴിൽ പ്രശ്നങ്ങളെപ്പററി ദീർഘമായ ഒരു വട്ടമേശസമ്മേളനവും ഉൾപ്പെട്ടിരുന്നു. ജോലി എല്ലാംകഴിഞ്ഞു് മിൽഡയറക്ടരുടെ ബംഗ്ലാവിൻെറ മുകളിലത്തെ നിലയിൽവെച്ചു് ഉച്ചഭക്ഷണസൽക്കാരം തുടങ്ങിയപ്പോൾ (ഇവിടത്തെ പതിവനുസരിച്ചു്) ഉച്ചതിരിഞ്ഞു നാലുമണിയായിരുന്നു. സൽക്കാരം കെങ്കേമമായി. ഇവിടത്തെ തൊഴിലാളിനേതാവിൻെറ പ്രഗല്ഭത എന്നെ വല്ലാതെ അതിശയിപ്പിച്ചു. മുതലാളിയുടെ സമനിലയിൽത്തന്നെയായിരുന്നു അയാളുടെ ഇരിപ്പും. സൽക്കാരത്തിൻെറ കോലാഹലത്തിൽ ലയിച്ചിരുന്നപ്പോഴാണു് ഞങ്ങൾക്കിന്നുതന്നെ എഴുപതുമൈൽ ദൂരെയുള്ള പ്യൂബ്ളാ (Puebla) എന്ന സ്ഥലത്തെത്തണമെന്നു് ഓർമ്മിച്ചതു്. ബദ്ധപ്പെട്ടു് ഒരുങ്ങി ഞങ്ങൾ താഴത്തേക്കു പുറപ്പെട്ടു....

അപ്പോഴാണു് വിധിയുടെ ദുർഗ്രഹമായ വിളയാട്ടത്തിൻെറ പ്രവത്തനങ്ങളിൽ ഒന്നു് എന്നിൽ ഉണ്ടായതു്. എൻെറ കാലു് കാർപെററിൽ തട്ടി ഞാൻ വിവശനായി അതേ നിലയ്ക്കു് ഇരുന്നുപോയി. വിഷമിച്ചു വണ്ടിയിൽ കേറി ഞാൻ മററുള്ളവരോടൊപ്പം പ്യൂബ്ളായ്ക്കുള്ള യാത്ര

ത്തുടന്നു. എന്നെ ബാധിച്ച കാലിൻെറ വേദന മാറിയതു പോലെ തോന്നി. ചുററും പരന്നഭൂമി നിലാവിൻെറ വെളിച്ചത്തിൽ ശൂന്യമായി പ്രത്യക്ഷപ്പെട്ടു. പാതയിൽ വാഹനങ്ങളുടെ ഗതാഗതമില്ലായിരുന്നു. ലോകം മുഴുവൻ ഞങ്ങളുടെയെന്നപോലെ അനുഭവപ്പെട്ടു. അതിൽക്കൂടി പ്യൂബ്ലായെ ലാക്കാക്കി കാറ് അതിവേഗം ഓട്ടുകയായിരുന്നു. സൽക്കാരത്തിൻെറ ഉല്ലാസമേ എന്നിൽ ശേഷിച്ചിരുന്നുള്ളൂ. അല്പം അമൎന്ന ആ ഉല്ലാസലഹരിയിൽ വിവിയനെക്കുറിച്ചു ഞാൻ ടോണിയോടു സംസാരിച്ചു. വെളിയിലെ നിലാവിൽ തത്തിക്കളിച്ചുകൊണ്ടിരുന്ന സ്വച്ഛന്ദമായ പാടങ്ങളിലേയ്ക്കു നോക്കി അയാൾ മൂകനായിരുന്നു.

പ്യൂബ്ലാ
1 ഡിസംബർ

ഞാൻ കിടക്കയിൽത്തന്നെ കിടക്കുകയാണ്. കാരണം, എഴുനേൽക്കാനുള്ള എൻെറ സകല ശ്രമങ്ങളും പരാജയപ്പെട്ടുപോയി എന്നതുതന്നെ. കാൽ അല്പം ഇളക്കുകയാണെങ്കിൽ അസഹ്യമായ വേദന; പിന്നെ വേണ്ടേ കാലൂന്നി എഴുന്നേററുനടക്കാൻ? ജന്നലിൽക്കൂടി, താഴെ ഹോട്ടലിലെ ജലാശയത്തിൽ കുട്ടികൾ നീന്തി തകൎക്കുന്നതിൻെറ ശബ്ദം ഉയൎന്നുവരുന്നുണ്ട്. അതുകേൾക്കുമ്പോൾ എൻെറ സങ്കടം പൂൎവ്വാധികം കൂടിവരുന്നു. ഉദ്യോഗശ്രേയസ്സിൻെറ അത്യാഗ്രഹംകൊണ്ടു ഞാൻ സമുദ്രങ്ങൾ കടന്ന് ഇവിടെ എത്തിച്ചേൎന്നു. ഫലം, ഡോക്ടറന്മാരുടെ പിടിയിൽ പെട്ടുകയെന്നുള്ള സാധാരണ പടിയിലെത്തുകയെന്നതു്. വളരെ ശുഷ്ക്കാന്തിയോടെ കെട്ടിപ്പൊക്കിയ ലോകം മുഴുവൻ പെട്ടെന്നു ചുററും ചിന്നിച്ചിതറിപ്പോയതുപോലെ എനിക്കു് അനുഭവപ്പെട്ടു.

ഇംഗ്ലീഷ് അറിയാവുന്ന ഇവിടത്തെ ഒരു ഡോക്ടർ പരിവാരസമേതം എത്തി; എക്സ്—റേ എടുത്തു് കാലിൽ പ്ലാസ്റ്റർ ഇട്ടു മൂടണമെന്നു വിധിച്ചു.

2 ഡിസംബർ

ഈ ഹോട്ടലിന്റെ പേരു് 'ലസ്ബാ' എന്നാണു്. ഞാൻ കിടക്കുന്ന മുറിയും, കുളിമുറിയിലേക്കു പോവുമ്പോൾ ജന്നാലയിൽക്കൂടി കാണുന്ന വെളിയിലത്തെ ലോകവുമേ എനിക്കു പരിചയമുള്ളു. ആഗതർക്കു നീന്തിക്കുളിക്കാൻ നിർമ്മിച്ചിട്ടുള്ള ജലാശയം താഴെ അടുത്തും, അകലെ ഉയൎന്ന ചില കുന്നിൻനിരകളും കാണാം. ആ കുന്നിൻനിരകളിലെ ഒരു ശിഖരത്തിനു് ഒരു സ്ത്രീയുടെ മുഖത്തിനോടു സാദൃശ്യമുണ്ടു്. 'ഉറങ്ങുന്ന ദേവത' എന്നാണു് അതിനെ ഈ നാട്ടുകാർ വിളിക്കാറുള്ളതു്. അനേകനൂററാണ്ടുകൾക്കു മുൻപു് ഇതു് ഇളകിക്കൊണ്ടിരുന്നു എന്നും, ഇനി ഉണൎന്നെണീക്കുമ്പോൾ കലാപങ്ങൾ ഉണ്ടാകുമെന്നുമാണു് ഈ നാട്ടുകാരുടെ വിശ്വാസം. അവരെ കാത്തുരക്ഷിക്കുന്ന ഒരു ദേവതയോടുള്ള ബഹുമാനമാണു് ആളുകൾക്കു് ഈ പൎവ്വതശിഖരത്തിനോടുള്ളതു്. അഗ്നിപൎവ്വതങ്ങൾ ധാരാളമുള്ള ഈ രാജ്യത്തു്, അവ നിൎജ്ജീവമായിരിക്കുമ്പോൾ തോന്നുന്ന സുരക്ഷിതത്വത്തിന്റെയും സമാധാനത്തിന്റെയും ഒരു വകഭേദമാണോ ഈ വികാരം എന്നു് ഞാൻ അത്ഭുതപ്പെട്ടു. പക്ഷേ, എന്റെ അഭിപ്രായങ്ങൾ വിസ്തരിച്ചു പറയുവാൻതക്ക സ്പാനിഷ്പരിജ്ഞാനം എനിക്കില്ല. ഇവിടത്തെ വിശ്വാസങ്ങളേയും ആചാരങ്ങളേയുംകുറിച്ചു ഞാൻ അല്പാല്പം എന്റെ മുറിസ്പാനിഷിൽ സംസാരിക്കുന്നതു് ഈ മുറി നന്നാക്കാൻ വരുന്ന ഭൃത്യയോടാണു്. 'മറിയാ ഡെൽ കാർമെൻ അമാഡോസ്'

സകോമേ’ എന്ന സുദീർഘമായ പേരാണ് അവൾക്കുള്ള തു്. ഭർത്താവുപേക്ഷിച്ചുപോയിരിക്കുന്നു; ഒരു ചെറിയ കുട്ടിയുമുണ്ടു്. ഈ ഒഴിഞ്ഞകോണിൽ നിത്യവൃത്തി കഴിച്ചുവരുന്ന മറിയായുമായി പ്ലാസ്റ്റർകൂട്ടിൽ ഒരു കാലും വെച്ചു കൊണ്ടുള്ള എൻെറ ഈ സൈപരസല്ലാപങ്ങൾ അല്പം വിചിത്രമായി തോന്നുന്നു.

3 ഡിസംബർ

ഭാഗ്യമെന്നു പറയട്ടെ, എൻെറ സുഖക്കേടിനു് അല്പം ഭേദമുണ്ടു്. ഔദ്യോഗികമായി എന്തെല്ലാമാണു ചെയ്യേണ്ടതെന്നു് ആലോചിക്കാനും, സൂചനകൾ കുറിച്ചുവെയ്ക്കാനും എനിക്കു കഴിഞ്ഞു. കൃത്യസമയത്തു് ആഹാരം താഴെനിന്നു് എൻെറ മുറിയിൽ കൊണ്ടുവരും; ബാക്കിയുള്ള സമയം വായനയിലും എഴുത്തിലും ചെലവാക്കാൻ നോക്കും. ഇടയ്ക്കിടയ്ക്കു് എനിക്കു ചില സന്ദർശകന്മാരേയും കിട്ടാറുണ്ടു്. യാദൃച്ഛികസംഭവത്തിൽപെട്ട സുഖക്കേടുകാരനായ ഒരു ഹിന്ദുവെന്ന നിലയ്ക്കു് എനിക്കു് ഒരു അപൂവ്വ പ്രാധാന്യം സിദ്ധിച്ചതുപോലെ തോന്നുന്നു. ഹോട്ടലിലുള്ള ഭൃത്യകളൊക്കെ തുടരെത്തുടരെ വന്നാന്വേഷിക്കുകയായി. മില്ലുടമസ്ഥന്മാരും തൊഴിലാളിനേതാക്കന്മാരും ഉപചാരപൂവ്വം കുശലപ്രശ്നങ്ങൾ ചെയ്യാൻ ഇന്നുച്ചയ്ക്കു വന്നിരുന്നു. ഹെർവിയുടെ കൈയിൽ താങ്ങി ഈ നിവേദകസംഘത്തിനെ സ്വീകരിച്ചപ്പോൾ സുഖക്കേടായികിടക്കുന്ന അവസ്ഥയ്ക്കും ചില മെച്ചങ്ങൾ ഉണ്ടെന്നു് എനിക്കു തോന്നി!

ഞങ്ങൾ നാളെ വീണ്ടും മെക്സിക്കോനഗരത്തിലേയ്ക്കു പോവുകയാണു്. ഇവിടത്തെ മില്ലുകൾ ഒന്നും എനിക്കു സന്ദർശിക്കുവാൻ കഴിഞ്ഞില്ല.

DISTRIBUTING LIBRARY
No. 2682
KOTTAYAM

4 ഡിസംബർ

ഞങ്ങളുടെ തൊഴിലാളിസ്നേഹിതൻെറ കാറിൽ ഇന്നു രാവിലെ മെക്സിക്കോപട്ടണത്തിനെ ലാക്കാക്കി പുറപ്പെട്ടു. നാലഞ്ചുമണിക്കൂർ കാറിൽ ഇരിക്കണം. വഴിമദ്ധ്യേ മനോഹരമായ കാഴ്ചകൾ: വളഞ്ഞുപുളഞ്ഞു പോകുന്ന പാതകളും, കിഴുക്കാംതൂക്കായ കുന്നിൻചെരിവുകളും, അഴകേറിയ വൃക്ഷങ്ങളും. ഇടയ്ക്കിടയ്ക്ക് അനേകം പള്ളികൾ. അവ മിക്കതും ജീർണ്ണിച്ചു പൊളിഞ്ഞുകിടന്നിരുന്നു. കത്തോലിക്കാമതവിശ്വാസങ്ങൾ മൂദ്ധന്യദശയെ പ്രാപിച്ചിരുന്ന സമയത്തു പുണ്യകർമ്മങ്ങളായി കരുതി കെട്ടിയുണ്ടാക്കിയവയാണ് ഈ പള്ളികൾ. നമ്മുടെ രാജ്യത്തു കാണുന്ന ജീർണ്ണിച്ച ക്ഷേത്രങ്ങളെ ഇവ അനുസ്മരിപ്പിച്ചു. ഇപ്പോൾ ആക്കും അവയെ പുതുക്കാനുള്ള ജിജ്ഞാസയില്ലാതായിരിക്കുന്നു. മററുതരത്തിലും ഈ ഭൂഭാഗത്തിൻെറ കാഴ്ചകൾ ഇൻഡ്യയെ ഓർമ്മിപ്പിക്കുന്നു. പുല്ലുകൊണ്ടു മേഞ്ഞ കെട്ടിടങ്ങൾ, പാവപ്പെട്ട ആളുകൾ, ഇടിഞ്ഞു പൊളിഞ്ഞതും ദാരിദ്ര്യം വിളിച്ചുപറയുന്നതുമായ കെട്ടിടങ്ങൾ, കൃഷിസ്ഥലങ്ങൾ—ഇവയെല്ലാം സുപരിചിതമായ ഇൻഡ്യൻനാട്ടുപ്രദേശങ്ങളെ ഓർമ്മയിൽ കൊണ്ടുവരുന്നു.

ഇടയ്ക്ക് ഒരു കുന്നിൻെറ മുകൾഭാഗത്തെത്തിയപ്പോൾ താഴെ കുറെ ദൂരെ രണ്ടു കായലുകൾ കിടക്കുന്നതു കാണാമായിരുന്നു. വൈകുന്നേരസമയത്ത് അവിടെയൊക്കെ ഒരു നിർജ്ജീവച്ഛായ കണ്ടിരുന്നു. ഇതേവഴിക്കാണ് കോർട്ടസും അനുചരന്മാരും സ്പെയിനിൽനിന്നു മെക്സിക്കോ ആക്രമിക്കാൻ വന്നതെന്നും, ഈ കായലുകൾ കണ്ടതുപോലെ പഴയ മെക്സിക്കോനഗരം കണ്ടുവെന്നും വിശ്വസിക്കാൻ ഞങ്ങൾ ആഗ്രഹിച്ചു. പക്ഷേ, വാസ്തവത്തിൽ

കോർട്ടസ് പിൻതുടൎന്ന വഴി വേറെ ഒന്നായിരുന്നു. എങ്കിലും മനോരാജ്യത്തിൽ അദ്ധരാജ്യം എന്തിനു്? കാറിൽ അതിവേഗം ഓടിച്ചു മെക്സിക്കോനഗരത്തിലേയ്ക്കു പ്രവേശിച്ചപ്പോൾ, ഞങ്ങൾ ശതാബ്ദങ്ങൾക്കു മുൻപു വന്ന സ്പാനിഷ്സൈനികന്മാരാണെന്നുതന്നെ ഭാവനയിൽ കണ്ടു.

5 ഡിസംബർ

വീണ്ടും ജെനീവാ ഹോട്ടൽ. ഇന്നു ഗവൺമെൻറ് ഏറെറടുത്തു നടത്തുന്ന ഒരു മിൽ സന്ദൎശിക്കാൻ പോയി. ഏററവും നവീനവും വലുതുമായ ഈ മിൽ ഗവൺമെൻറ് ഭരണത്തിൽ പുഷ്ടിപ്പെട്ടുവരുന്നു. ഞാൻ അല്പം സ്ഥാവരമായി മിൽ ഓഫീസിൻെറ ഒരു കോണിലിരുന്നു് വ്യവസായപ്രശ്നങ്ങളെ ആസ്പദമാക്കി മില്ലുദ്യോഗസ്ഥന്മാരുമായി സംഭാഷണം ചെയ്തുകൊണ്ടിരുന്നു. അതുകഴിഞ്ഞു് വട്ടമേശസമ്മേളനവും കുറേയേറെ നീണ്ടുനിന്നു. പ്ലാസ്റ്ററു മൂടിയുള്ള എൻെറ കാലുകൊണ്ടുള്ള പ്രയാണങ്ങൾ വിചാരിച്ചത്ര ദുഷ്കരമായി തോന്നിയില്ല. വിശേഷിച്ചു്, സൽക്കാരങ്ങളിലും സംഭാഷണങ്ങളിലും ഞാൻ ഉല്ലാസവാനായി കാണപ്പെട്ടു. കാലുറയ്ക്കകത്തുള്ള കാലിൻെറ ഭംഗി അന്യരെ പ്രത്യക്ഷപ്പെടുത്തേണ്ടതില്ലല്ലൊ.

ഞങ്ങൾ തിരിയെ വന്നപ്പോഴേയ്ക്കു വിപുലമായ ഒരു കാൎയ്യപരിപാടി ഹെർവി തെയ്യാറാക്കിയിരുന്നു. മിൽ സന്ദർശനങ്ങളും, സമ്മേളനങ്ങളും കഴിഞ്ഞു് ഓരോ സായാഹ്നങ്ങളിലും രണ്ടു കൂടിക്കാഴ്ചകളാണു് അദ്ദേഹം തിട്ടപ്പെടുത്തിയിരുന്നതു്. പക്ഷേ, ഇന്നത്തെ സമ്മേളനം കഴിഞ്ഞപ്പോഴേയ്ക്കും രാത്രി ഒൻപതുമണിയായി. അത്താഴത്തിനുതന്നെ സമയമില്ല; പിന്നെയല്ലേ കൂടിക്കാഴ്ചകൾ?

ജെനീവായിൽനിന്നു വേറൊരു ഔദ്യോഗികസന്ദർശന ത്തിനു വന്ന മിസ്സ് ഫെന്നിനെ സ്വാഗതം ചെയ്യാൻകൂടി അതുകൊണ്ടു് എനിക്കു കഴിഞ്ഞില്ല.

6 ഡിസംബർ

വീണ്ടും ഡൂബേ. കുറേനാളായി യാത്രപറഞ്ഞു പിരിഞ്ഞ ആ പൊട്ടിത്തെറിക്കുന്ന ചിരി ഞങ്ങളെ ഇന്നുരാവിലെ സ്വാഗതംചെയ്തു. മെക്സിക്കോനഗരത്തിനു് അല്പം വെളിയിൽ അദ്ദേഹത്തിനു് ഒരു തൊഴിൽശാലയുണ്ടു്. ഞങ്ങൾ ഇന്നു് അവിടെ പോയി. നടക്കാൻ വയ്യാത്ത എന്നെ അദ്ദേഹം ഒരു ട്രോളിയിലാക്കി, അങ്ങനെ മനുഷ്യവാഹനസ്ഥനായി, തുണികൾ ചായം പിടിപ്പിച്ചു മിനുക്കി ഉണക്കിയെടുക്കുന്ന ആ തൊഴിൽശാല മുഴവൻ ഞാൻ ഏതാണ്ടു് ഒരു ദിഗ്വിജയം നടത്തി. അതുകഴിഞ്ഞു പരിപൂർണ്ണ വിജയകരമായ ഒരു വട്ടമേശസമ്മേളനവും. സൽക്കരിക്കുന്നതിനു് ഒട്ടും പിന്നോക്കമല്ലാത്ത ഡൂബേ ഉച്ചഭക്ഷണത്തിനു ഞങ്ങളെ നഗരപ്രാന്തത്തിലുള്ള ഒരു ഊക്കൻ ക്ലബ്ബിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. വിശാലമായ ആ ക്ലബ്ബിൽ പൂന്തോട്ടവും, നീന്തിക്കളിക്കാൻ ഒരു ജലാശയവും ഉണ്ടായിരുന്നു. ഞങ്ങൾ ഊണുകഴിച്ച സ്ഥലത്തുനിന്നു നോക്കിയാൽ, നീന്തിക്കളിക്കുന്ന കോലാഹലവും, അതുകഴിഞ്ഞു സൂര്യരശ്മി ഏററുകിടക്കുന്ന കമനീയാംഗികളേയും കാണാം; പാനീയങ്ങൾക്കും, സല്ലാപങ്ങൾക്കും ഇടയ്ക്കു ഞാൻ, തികച്ചും ആകർഷണീയവും മനോഹരവുമായ ആ കാഴ്ചയിലേയ്ക്കു് അപ്പോഴപ്പോൾ കണ്ണയച്ചുകൊണ്ടിരുന്നു.

ഉച്ചയ്ക്കുശേഷം ആഫീസിൽ. വിവിയൻെറ എതിർമുറിയിൽ,അല്പംഎതിരാളിയുടെ മട്ടിൽ വേറൊരു സെക്ര

ട്ടറി ജോലിചെയ്യുന്നുണ്ടായിരുന്നു. ല്യസ്സ് എസ്റ്റാർ (അതായിരുന്നു ആ കുമാരിയുടെ പേർ) ശക്തിയേറിയ കണ്ണടയും ധരിച്ച് ഒരു മുറിയിൽനിന്നു മറെറാരു മുറിയിലേയ്ക്കു് ഇടയ്ക്കിടയ്ക്കു പൊയ്ക്കൊണ്ടിരിക്കും. എന്തെങ്കിലും എഴുതാൻ, തലകുനിച്ചു കണ്ണുകൾ കടലാസ്സിൻെറ വളരെ അടുത്തുകൊണ്ടുവന്നേ സാധിക്കൂ. ഈ പ്രത്യേകത എനിക്കു് ഇവിടെ ആദ്യം വന്നപ്പോൾ മനസ്സിലായിരുന്നില്ല. അവളുടെ ഹാർദ്ദമായ പുഞ്ചിരിയും അല്പം കൊഞ്ചിക്കുഴഞ്ഞ സംസാരവും എന്നെ വളരെ ആകർഷിച്ചിരുന്നു. ക്രമേണയാണു് അവളുടെ ജീവിതത്തിനാകെ ഒരു ശോകച്ഛായ ഉണ്ടെന്നു ബോദ്ധ്യമായതു്. ഈ ആഫീസിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥവൃന്ദത്തിൽ ഉള്ളതിലേയ്ക്കും കുറഞ്ഞ ശമ്പളമവൾക്കാണു്; കൂട്ടതൽ പ്രാരബ്ധവും. ചികിത്സിച്ചില്ലെങ്കിൽ, മൂന്നുനാലു കൊല്ലത്തിനകം അന്ധയാകും; ചികിത്സച്ചെലവിനു പണമില്ലതാനും. ആറേഴു കുട്ടികളുള്ള ആ കുടുംബത്തിൽ അവൾക്കുമാത്രമേ വരവുള്ളു. പരിതാപകരമായ അവളുടെ ജീവിതത്തിൽ ആഫീസിലുള്ളവർക്കെല്ലാം, ഉപയോഗശൂന്യമായതാണെങ്കിലും, ഒരു സഹതാപമുണ്ടു്. പക്ഷേ, ചുഴിഞ്ഞുകേറുന്ന അവളുടെ ചിരി കേൾക്കുമ്പോൾ ഇപ്രകാരം സങ്കടാവസ്ഥയിൽക്കൂടിയാണു് അവളുടെ ജീവിതം മുൻപോട്ടു നീങ്ങുന്നതെന്നു് ആർക്കും തോന്നുകയില്ല. അവളുടെ മുഖത്തുനിന്നും എപ്പോഴും ആഹ്ലാദം വിതറിക്കൊണ്ടിരിക്കും. അത്യത്ഭുതമായ ഈ പെരുമാററത്തിൻെറ രഹസ്യം ഒരുപക്ഷേ, അവൾ പ്രണയബന്ധത്തിൽ ഏർപ്പെട്ടു എന്നുള്ളതായിരിക്കാം. ഇവിടത്തെ സന്ദേശവാഹകന്മാരിൽ ഒരു യുവാവു് അവളെ വലയംചെയ്തു് എപ്പോഴും സഞ്ചരിക്കുന്നതു കാണാം. അയാളെ എന്തെങ്കിലും ജോലിക്കു വിളിക്കുമ്പോഴൊക്കെ

അവളുമായി സൈ്വരസല്ലാപത്തിലേർപ്പെട്ടുകൊണ്ടിരിക്കും. ഇങ്ങനെ ഈ കോണിലും, ശോകജനകമായ ഒരു പ്രേമകഥ.

7 ഡിസംബർ

ദൈവദൂതൻ (Angel) എന്ന വിചിത്രനാമധേയമുള്ള ഒരു പഴയ മില്ലു സന്ദർശിച്ചു. ശമ്പളക്കുടിശ്ശികയ്ക്കു മുൻ ഉടമസ്ഥന്റെ പക്കൽനിന്നും ഒരു ടെക്സ്റ്റയിൽ എൻജിനീയർ വാങ്ങിയതാണ് ഈ മിൽ. ഇപ്പോൾ ആദായകരമായവിധം നടന്നുവരുന്നു. വൈദഗ്ധ്യം കൂട്ടമെങ്കിലും മനുഷ്യത്വം കുറഞ്ഞ ഒരാളാണ് ഇപ്പോഴത്തെ ഉടമസ്ഥനായ പാബോട്ടോൺ. അദ്ദേഹം ഏറെക്കാലമായി മെക്സിക്കോയിൽ കുടിയേറിപ്പാർക്കുന്ന ഒരു ഫ്റഞ്ചുകാരനാണ്. വൈദഗ്ധ്യത്തിൻെറ കൂട്ടതലുകൊണ്ടാണോ എന്തോ അദ്ദേഹം ജോലിചെയ്തിട്ടില്ലാത്ത മില്ലുകൾ മെക്സിക്കോയിലില്ല. ഏററവും നവീനമായ ഒരു മിൽ സ്ഥാപിച്ചിട്ട് ഇപ്പോൾ ഈ പഴഞ്ചൻമില്ലിൻെറ അധിപനായി കൂടിയിരിക്കുകയാണ്. അതുകൊണ്ടായിരിക്കാം അദ്ദേഹത്തിന്റെ പെരുമാററത്തിൽ ചില്ലറ ചില പരുപരുപ്പ്. ഇന്ന് ഉച്ചഭക്ഷണത്തിനിരുന്ന സംഭാഷണത്തിൽ പ്രവേശിച്ചപ്പോൾ ആ അഭിപ്രായം എനിക്കു വീണ്ടും തോന്നി.

പ്രത്യേകിച്ച് ഇവിടത്തെ ഇൻഡ്യാക്കാരുടെ വംശത്തിൽപ്പെട്ടവരുടെ ഔപചാരികമയമായ പെരുമാററം സുപ്രസിദ്ധമാണ്. വഴിയിൽ കണ്ടുമുട്ടി പരിചയമാകുന്ന ഒരാളിനോട്ട് കൂടെയുള്ള കുതിര അയാളുടെ ആണോ, എന്ന ചോദ്യത്തിന് 'അല്ല, അങ്ങയുടെ' എന്നു വിനയംകൊണ്ട് അധോമുഖനായി ഉത്തരം പറയുമെന്നു കേട്ടിട്ടുണ്ട്. നമ്മുടെ നാട്ടിലും ഏതാണ്ടീമട്ടിലുള്ള ആചാരങ്ങൾ

നടപ്പുണ്ടല്ലോ. ശ്രോതാവിനോടുള്ള മമത കാണിക്കാൻ 'നിങ്ങളുടെ' എന്നതിനു 'നമ്മുടെ' എന്ന വാക്കപയോഗിക്കുന്നതു് ഇതിനു് ഒരു ഉദാഹരണമാണു്. 'നമ്മുടെ കാര്യങ്ങൾ എങ്ങനെയിരിക്കുന്നു' എന്നു തുടങ്ങി 'നമ്മുടെ ഭാര്യയ്ക്കു സുഖമാണോ' എന്നുവരെ എത്തിപ്പോകാനിടയുണ്ടു്. ഈ മാതിരി അസഹ്യമായ ഉപചാരങ്ങൾ നേരിട്ടു പരിചയപ്പെട്ടില്ലെങ്കിലും, മെക്സിക്കോക്കാരുടെ അതിഥിസൽക്കാരത്തിനു് അതിരില്ലെന്നു് എനിക്കു ബോദ്ധ്യമായിട്ടുണ്ടു്.

8 ഡിസംബർ

ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിൽ പ്രവർത്തിച്ചുവരുന്ന ഒരു മില്ലു സന്ദർശിച്ചു. അധികൃതന്മാർ ആദ്യം അല്പം അവജ്ഞയോടെ വീക്ഷിച്ചതിനുശേഷം—പ്രത്യേകിച്ച് ഉച്ചഭക്ഷണം കഴിഞ്ഞപ്പോൾ—ഉത്സാഹസമന്വിതം സഹകരിച്ചു. ഈ മില്ലിൽ അഞ്ഞൂറോളം സ്ത്രീകൾ ജോലി ചെയ്യുന്നുണ്ടു്; അതുകൊണ്ടായിരിക്കാം പ്രധാന തൊഴിലാളിനേതാവും ഒരു സ്ത്രീയാണു്. വളരെ ചൊടിചൊടിപ്പും മിടുക്കുമുള്ള ഒരു സ്ത്രീ.

തൊഴിലാളികളുടെ താമസസൗകര്യങ്ങളെപ്പററി അന്വേഷിച്ചപ്പോൾ ഇവിടത്തെ ദാമ്പത്യസമ്പ്രദായത്തിന്റെ ചില വിചിത്രതകൾ ബോദ്ധ്യമായി. പള്ളിയിൽ വെച്ചുള്ള വിവാഹമേ ശരിയായ വിവാഹമായി സാധാരണജനങ്ങൾ കണക്കാക്കിയിട്ടുള്ളു; പക്ഷേ, അതിനുവേണ്ടി ചെലവാക്കാൻ കഴിവില്ലാത്തവരാണു പലരും. ഫലം, വൈവാഹികകർമ്മം നടത്താതെ ദമ്പതികളായി ജീവിക്കുന്ന സമ്പ്രദായം അപൂർവ്വമല്ല. പലരേയും സംബന്ധിച്ചിടത്തോളം, ഒന്നിലധികം ഭാര്യമാരും, നിഷ്പ്രയാസമായി

ദാമ്പത്യബന്ധം ഇല്ലാതാക്കുകയും, ഇതേ കാരണത്താൽ വന്നിട്ടുള്ളതായി പറയപ്പെടുന്നു. ഏതായാലും, പലപ്പോഴും തൊഴിലാളികൾ ഒന്നിലധികം വീടുകൾ അവകാശപ്പെട്ടുന്നുണ്ടെന്നും അതു സപത്നികളെ പുലർത്താനാണെന്നുമുള്ള പരാതികൾ മുതലാളിമാർ പുറപ്പെടുവിക്കാറുണ്ട്.

9 ഡിസംബർ

എൻെറ രണ്ടു സഹപ്രവർത്തകന്മാരും 'മൊൻടെറോ' എന്ന ഒരു സ്ഥലത്തേക്കു പോയിരിക്കുന്നു. അതുകൊണ്ട് ഞാൻമാത്രം ഇവിടെ തൊഴിലാളികാര്യാലയത്തിൽ പോയി ചില വിവരങ്ങൾ അന്വേഷിച്ചറിയുവാൻ മെക്സിക്കോനഗരത്തിൽത്തന്നെ കൂടിയിരിക്കയാണ്. അതിന് എന്നെ സഹായിക്കാനായി നിയോഗിച്ചിരിക്കുന്നത് 'അസേ്വലാ' എന്ന നാമധേയത്തിൽ അറിയപ്പെടുന്ന ഒരു ഉദ്യോഗസ്ഥനെയാണ്. 'അസേ്വലാ' ഒരു പണ്ഡിതനാണെന്ന് അഭിമാനിക്കുന്നു; സന്താനങ്ങളെ ലാററിനും ഗ്രീക്കും അഭ്യസിപ്പിച്ചില്ലെങ്കിൽ അതു് ഒരു മഹാപാതകമായി അദ്ദേഹം കണക്കാക്കുന്നു. അല്പം പതിഞ്ഞ മട്ടുകാരനായ അസേ്വലാ, എപ്പോഴും ഒരു ധൂമായുധം (പൈപ്പ്) തലോടിക്കൊണ്ടിരിക്കും; ഇടയ്ക്കിടയ്ക്കു മെക്സിക്കൻ രാഷ്ട്രീയനയത്തെക്കുറിച്ചും, വ്യാവസായികബന്ധത്തെ പുരസ്കരിച്ചും ചില വിചിത്രമായ അഭിപ്രായങ്ങൾ തട്ടിവിടും. സ്പഷ്ടമായ കാര്യങ്ങൾ തികച്ചും വിശ്വസിച്ചുകൂടായെന്നും അവ അപ്പടി ശരിയല്ലെന്നുമാണ് അദ്ദേഹത്തിന്റെ പൊതുവേയുള്ള നില. ചിലപ്പോൾ ഇതു് സകലതിനേയും നിഷേധിക്കുന്ന സ്വഭാവമായി രൂപാന്തരപ്പെടും. അദ്ദേഹം ഒരു അഭിഭാഷകനായിരുന്നുവെന്നും കുറേക്കാലം ഒരു ന്യായാധിപതിയായി ജോലിചെയ്തിരുന്നുവെന്നുംകൂടി പറയു

മ്പോൾ സകല അനുമാനങ്ങളേയും ചോദ്യംചെയ്യുന്ന സ്വഭാവം മനസ്സിലാക്കാൻ സാധിക്കും. പക്ഷേ, അതു കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിൽ ഒരു തടസ്ഥമായിട്ടാണു വന്നിരിക്കുന്നതു്. വിശിഷ്യ, ഇന്നു തൊഴിലാളി കാര്യാലയത്തിൽ പോയി പല മേധാവികളുമായി സംഭാഷണത്തിൽ ഏർപ്പെട്ടപ്പോൾ അസേപലായുടെ വ്യാഖ്യാനങ്ങൾ എളുപ്പമുള്ള പലതും, വിഷമമുള്ളതായി തീർത്തു. സരളതയിൽനിന്നു സങ്കീർണ്ണതയിലേക്കുള്ള ഈ മാററം എൻെറ വിജ്ഞാനഭാണ്ഡത്തിൻെറമുതൽ കൂട്ടി എന്നു പറഞ്ഞുകൂടാതാനും.

ഇവിടത്തെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തോതു് വളരെ കുറവാണു്. ജോലിയും അതുപോലെയാണെന്നു തോന്നും. ഉച്ചതിരിഞ്ഞു രണ്ടുമണിക്കുശേഷം ഔദ്യോഗികജോലികൾ അവസാനിക്കും. അതുകഴിഞ്ഞു ചിലർ വേറെ ഒരു സ്ഥലത്തുകൂടി പ്രവൃത്തി എടുക്കുന്നുണ്ടത്രേ. ആകപ്പാടെ ഗവണ്മെൻറ് ആഫീസുകളിൽ ഒരു അലസതയുടെ ഭാവം ഉണ്ടെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഒരുപക്ഷേ, ഇതെല്ലാ ഗവണ്മെൻറ്ആഫീസുകളെപ്പററിയും വാസ്തവമായിരിക്കാം.

10 ഡിസംബർ

ഇന്നു ശനിയാഴ്ചയായതുകൊണ്ടു പകുതി ജോലിയേയുള്ളു. തൊഴിലാളികാര്യാലയത്തിൽ പോയിട്ടു ഞാൻ നേരെ ഞങ്ങളുടെ ആഫീസിലേക്കുമടങ്ങി. അവിടെ സംഗതിവശാൽ ലൂസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളു. ഞാൻ എൻെറ മുറിയിൽ ഇരുന്നു് ഇവിടെ കഴിച്ച ബദ്ധപ്പെട്ട ദിവസങ്ങളെക്കുറിച്ചു് ഏകാന്തനായി ആലോചിച്ചുകൊണ്ടിരുന്നു. വെളിയിൽ ദൂരെ ഒരുവശത്തു നൃത്തബ്ബിച്ചുപോയ

അഗ്നിപർവ്വതശിഖരത്തിന്റെ മുകളിൽ വെള്ളമേഘങ്ങൾ മൂടിയതുപോലെ കാണപ്പെട്ടു. ഇതു് ഇവിടത്തെ മറക്കാത്ത കാഴ്ചകളിൽ ഒന്നായി അവശേഷിക്കും. മറുവശത്തുള്ള വാഹനബഹളം, കണ്ണാടികൊണ്ടു നാലുഭാഗവും മൂടിയ ഈ മുറിയിൽ ഇരിക്കുമ്പോൾ അല്പം ശാന്തമായ ഒരു ആരവമായേ കേൾക്കൂ.

ഞങ്ങളുടെ തിരിച്ചുള്ള യാത്രാപരിപാടിയെപ്പററി ചോദിക്കാനായി ലൂസ്സ് എൻെറ മുറിയിലേക്കുവന്നു. അവൾക്കു ഫ്റഞ്ചും, ഇംഗ്ലീഷും തീരെ അറിയാൻ വയ്യാത്തതുകൊണ്ടു് സംഭാഷണം സ്പാനിഷിൽത്തന്നെ വേണ്ടിവന്നു. സംഭാഷണസമയത്തൊരിക്കൽപ്പോലും, അവളുടെ സങ്കടാവസ്ഥയുടെ ലാഞ്ഛനകൾ ഒന്നും കണ്ടില്ല. ഇളകുന്ന കണ്ണുകൾ, മനോഹരമായ സ്വരത്തിലുള്ള സംസാരം, മധുരമായ ചിരി ഇവയെല്ലാം അവളുടെ ശോകമയമായ ഭാവിയെ മറച്ചിരുന്നു. ഇതുകൊണ്ടായിരിക്കാം, ഈ സ്വരവും, ചിരിയും, ഇവിടത്തെ ശാശ്വതസ്മരണകളിൽ ഒന്നായിരിക്കും എന്നു് എനിക്കു തോന്നിയതു്.

11 ഡിസംബർ

ഇവിടത്തെ ഒരു ദേശീയചടങ്ങായ 'മൂരിയുദ്ധം' കാണാൻപോയി. കാളകളോടു മനുഷ്യർ യുദ്ധംചെയ്തു് അവയെ കൊല്ലുകയെന്ന ക്രിയയാണു് ഈ യുദ്ധത്തിൻെറ ചടങ്ങു്. ഞായറാഴ്ചതോറും ഇവിടത്തെ പൗരപ്രമാണികൾ കണ്ടാനന്ദിക്കുന്ന ഒരു വിനോദമാണിതു്. ക്രൂരകർമ്മമാണെന്നു് അവർ സമ്മതിക്കാറില്ല. അൻപതിനായിരം ആളുകൾക്കു് ഇരിക്കാൻ തയ്യാറാക്കിയ ഒരു പ്രത്യേകസ്ഥലത്തുവെച്ചാണു് ഈ കർമ്മം നടക്കാറുള്ളതു്. ചുറ്റും പടിപടിയായ ഇരിപ്പിടങ്ങളുള്ള വൃത്താകാരമഞ്ച(Amphitheatre)

ത്തിലാണു് ആളുകൾ ഇരിക്കുന്നതു്; അതിൻെറ മദ്ധ്യത്തിലുള്ള രംഗം 'മൂരിയുദ്ധ'ത്തിനുള്ള പീഠംപോലെ ഒരുക്കിയിട്ടുണ്ടു്.

ഞാൻ ആ സ്ഥലത്തെത്തിയപ്പോഴേക്കും ആളുകൾ തിങ്ങിക്കൂടിയിരുന്നു. ദൂരെനിന്നും, ആംഫിതീയേറ്ററിന്റെ ചുററുമുള്ള കോട്ടസദൃശമായ ഭിത്തികളുടെ അഗ്രഭാഗത്തു് കാളകളുടെയും, അവരുമായി യുദ്ധംചെയ്ത വീരന്മാരുടെയും വലിയ പ്രതിമകൾ സ്ഥാപിച്ചതു കാണാമായിരുന്നു. ആംഫിതീയേറ്ററിൽ പ്രവേശിച്ചു് ഞങ്ങൾക്കു റിസർവ്വ് ചെയ്തിരുന്ന ഇരിപ്പിടങ്ങളിൽ ആസനസ്ഥരായി. ബാൻഡു മുഴങ്ങി. കുതിരപ്പുറത്തു പ്രത്യേക വേഷങ്ങളുംധരിച്ചു് പടയാളികളെപ്പോലെ ചിലർ കുന്തവുമായി പ്രവേശിച്ചു. അണിഞ്ഞൊരുക്കിയ ഒരു കാള അകത്തേക്കുകടന്നു. ആദ്യത്തെ ചടങ്ങു് അശ്വാരൂഢർ അവരുടെ കുന്തം കാളയുടെ മുതുകിൽ തറച്ചു താക്കുകയെന്നാണു്. ഈ വേദനയുടെ കൂടുതൽകൊണ്ടു കാള പതറിയോടുന്നു. അപ്പോഴാണു് യുദ്ധത്തിൻെറ രണ്ടാമത്തെ ചടങ്ങു്. ചുകന്നപട്ടു മുൻപിൻ കാണിച്ചു് ഒരാൾ കാളയെ ഭീഷണിപ്പെടുത്തുന്നു. ആ പട്ടിൻെറ നേരെ കുത്താനായി കാള ഓടും; ആ പാച്ചിലിൽനിന്നു പട്ടുകാണിച്ച ആൾ രക്ഷപ്പെടാൻ ശ്രമിക്കും; ഇടയ്ക്കിടയ്ക്കു തക്കം കിട്ടുമ്പോൾ ചെറിയ കുന്തങ്ങൾ, (ദൂരെനിന്നു് അവ അമ്പുകൾപോലെ തോന്നും) മുതുകിലേക്കു് എറിഞ്ഞുതറപ്പിക്കും. ഈ ചടങ്ങുകൾ കുറേനേരം ആവർത്തിച്ചുനടക്കും. മൂരിയിൽനിന്നും രക്ഷപ്പെടുന്ന പടയാളിയുടെ ചാട്ടവും, കുന്തം ശരിക്കു് എറിഞ്ഞുതറയ്ക്കുന്നതിൻെറ വൈദഗ്ദ്ധ്യവും കണ്ടു് കാണികൾ ആർത്തുവിളിക്കുന്നു. ക്രമേണയായി കുന്തങ്ങളുടെ ഏറേറ്റു് രക്തം ധാരധാരയായി കാളയുടെ ശരീരത്തിൽനിന്നു് ഒഴുകുന്നു,

ശക്തി ക്ഷയിച്ച്, ചുററുംവന്ന് ആക്രമിക്കുന്ന പടയാളിയെ നിസ്സഹായതയോടെ നോക്കിക്കൊണ്ട്, കാള താഴെ വീഴുന്നു. അപ്പോൾ പടയാളി അടുത്തുവന്ന് അതിൻെറ ബാക്കിയുള്ള കഥയും കഴിക്കുന്നു. ബാൻഡ്‌വാദ്യത്താൽ അനുഗമിച്ചുകൊണ്ട് ഒരു കുതിരവണ്ടിവന്ന് ആ കാളയുടെ മൃതശരീരം കൊണ്ടുപോകുന്നു. ഇതാണ് പ്രശസ്തമായ 'മൂരിയുദ്ധ'മഹോത്സവത്തിൻെറ ചടങ്ങുകൾ.

കേൾക്കുമ്പോൾ രസാവഹമാണെങ്കിലും, കാണുമ്പോൾ ഇത്ര ബീഭത്സവും വിരസവും ആയ കാഴ്ച വേറെ ഉണ്ടോ എന്നു സംശയമാണ്. ആളുകൾ ആർത്തുവിളിച്ച് ആഹ്ലാദിക്കുന്നതിൻെറ അർത്ഥം എനിക്കു തീരെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. 'തക്കിലാ' നിറഞ്ഞ കുപ്പികളിൽനിന്ന് മദ്യം കുടിച്ച് അർദ്ധബോധാവസ്ഥയിലാകുമ്പോൾ ഈ ചടങ്ങിൻെറ പൈശാചികത്വംമറന്ന്, ധീരകൃത്യങ്ങളെപ്പററിമാത്രം അഭിമാനിക്കാൻ സാധിക്കുമായിരിക്കാം. എങ്കിലും, എനിക്ക് ഈ കശാപ്പുകാണുന്നതിൽതീരെ രസം തോന്നിയില്ല. നേരേമറിച്ച് ആ മൃഗത്തിൻെറ നിസ്സഹായാവസ്ഥയിൽ അനുഭാവവും സങ്കടവും വല്ലാതെ അനുഭവപ്പെട്ടു. ഒന്നല്ല, നാലു കാളകളെ കൊന്നിടുന്നതു കണ്ടിട്ടും, ആ യുദ്ധത്തിൻെറ അടവുകളെപ്പററി എനിക്കു യാതൊരു ബഹുമാനവും തോന്നിയില്ല. അതുകൊണ്ടു വെറുപ്പോടും സങ്കടത്തോടുംകൂടി ഞാൻ ആ സ്ഥലം വിട്ടുപോന്നു.

വെളിയിൽ വന്നപ്പോൾ, ഹെർവിയും ടോണിയും അവിടെ എൻെറ സ്ഥിതിയിലകപ്പെട്ടു നില്പുണ്ടായിരുന്നു. തിരിയെ പോകാൻ വണ്ടികൾ അവിടെയെങ്ങും ഇല്ല. വാഹനദല്ലാളികൾ എല്ലാം ഒത്തുചേർന്ന് തിരിയെ ഹോട്ടലിൽ പോകാൻ അസാമാന്യമായ ഒരു കൂലി ചോ

ദിച്ചു. ഈ കാര്യത്തിലും നമ്മുടെ നാട്ടിലെ ചില അനുഭവങ്ങൾ ഞാൻ ഓർമ്മിച്ചു. മനുഷ്യസ്വഭാവത്തിൻെറ ഐകരൂപ്യമോ, അഥവാ ദാരിദ്ര്യത്തിൻെറ തള്ളലോ ഏതാണു് ഈ പെരുമാററസാദൃശ്യങ്ങൾ കാണിക്കുന്നതെന്നു് അത്ഭുതപ്പെട്ടുകൊണ്ടു ഞാൻ ഹോട്ടലിലേയ്ക്കു മടങ്ങി. അവിടെ പതിവുപോലെ പുസ്തകങ്ങൾ വിൽക്കുന്ന സ്ഥലത്തു് മൂരിയുദ്ധത്തെ പ്രകീർത്തിച്ചുള്ള പടങ്ങൾ തൂക്കിയിട്ടിരുന്നു. മൂരിയുടെ മുതുകിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന രക്തബിന്ദുക്കൾ ചുകന്ന റോസാപ്പൂക്കളായി മേലോട്ടുയർന്നു പോകുന്ന ആ ചിത്രം വളരെ കൗതുകമുള്ളതായി തോന്നിപ്പിക്കാനാണു് ഉദ്ദേശിച്ചിട്ടുള്ളതു്. പക്ഷേ, തെരുതെരെ കശാപ്പുകഴിച്ച കാളകളുടെ മരണവെപ്രാളങ്ങൾ കണ്ടുകഴിഞ്ഞ എനിക്കു് ആ ചിത്രത്തിൽ യാതൊരു മനോഹാരിതയും കാണാൻ കഴിഞ്ഞില്ല. പ്രാണരക്തം ഇററിററു വീഴുന്ന ആ കാഴ്ച ഓർക്കുന്നതുതന്നെ ദുസ്സഹമായി തോന്നി. മൂരിയുദ്ധം കാണാൻ ഇനി ഒരിക്കലും പോവുകയില്ലെന്നുള്ള ദൃഢശപഥവും ഞാൻ ചെയ്തു.

12 ഡിസംബർ

'ഗ്വാഡലഹാര' എന്ന മനോജ്ഞമായ പേരു വഹിക്കുന്ന സ്ഥലത്തേയ്ക്കുള്ള ഞങ്ങളുടെ സക്കീട്ടാണു്. മഴ ധാരധാരയായി പെയ്യുന്നു. ഞാൻ രണ്ടു വടിയും ഊന്നി മുന്നോട്ടു പോകുന്നു. എപ്പോഴാണു വഴി തെററി വീഴുന്നതെന്നുള്ള ശങ്ക എന്നെ വല്ലാതെ ബാധിക്കുന്നു. ടോണിയാൽ അനുഗതനായി ഞാൻ പതുക്കെപ്പതുക്കെ വിമാനം വിടുന്നതിനു് അല്പം മുൻപേ എൻെറ ഇരിപ്പിടത്തിൽ ആസനസ്ഥനാകുന്നു....

ഇതിനു മുൻപൊരിക്കലും വിമാനത്തിൽ കേറിയ

പ്പോൾ ഇപ്പോഴത്തെപ്പോലെ പേടി എന്നെ പിടികൂടി യിട്ടില്ല. ഞങ്ങൾ യൂറോപ്പിൽനിന്നും വന്ന വലിയ വിമാനത്തെക്കാൾ ഇതു തുലോം ചെറുതാണു്. ഇളകിച്ചാടിയുള്ള അതിൻെറ പുറപ്പാട്ട തീരെ ആശ്വാസജനകമായിരുന്നില്ല. എന്തെങ്കിലും അപകടം വന്നാൽ എൻെറ ഇപ്പോഴത്തെ സ്ഥിതിക്കു തന്നത്താൻ എഴുന്നേൽക്കാൻകൂടി സാധിക്കുകയില്ലെന്നുള്ള വിചാരവും മനഃശാന്തിക്കു ഉതകിയതായിരുന്നില്ല. ഇങ്ങനെ അസ്വസ്ഥചിത്തനായി താഴെ മറഞ്ഞുപോകുന്ന വിവിധ രംഗങ്ങളിലേയ്ക്കു നോക്കിക്കൊണ്ടിരുന്നു. അപ്പോഴേയ്ക്കും വിമാനം താഴോട്ടിറങ്ങി. ഞങ്ങളുടെ ചെറിയ വിമാനയാത്ര അവസാനിച്ചു.

സന്ധ്യയായപ്പോൾ ഗ്വാഡലഹാരയിൽ എത്തി. മെക്സിക്കോ നഗരത്തിനേക്കാൾ തണുപ്പു് അല്പം കൂട്ടും. സ്വച്ഛതയും വൃത്തിയുമുള്ള ഒരു നഗരം. ഞങ്ങൾക്കുവേണ്ടി റിസർവ്വുചെയ്തിരുന്ന ഹോട്ടലിലേയ്ക്കു പോയി. അവിടെ ഞങ്ങളേപ്പററി ആരും കേട്ടിട്ടില്ല. ഇവിടത്തെ മില്ലുടമസ്ഥന്മാരും, തൊഴിലാളിനേതാക്കന്മാരും ഞങ്ങളെ എതിരേൽക്കാൻ കാത്തുനില്ക്കുമെന്നുള്ള ആശ വൃഥാവിലായി. അമേരിക്കൻ ഐക്യനാട്ടുകളിലെ പൗരന്മാരാണു് ഈ ഹോട്ടലിലെ താമസക്കാരിലധികവും. അവരുടെ ആവശ്യങ്ങൾക്കും ആചാരങ്ങൾക്കും പററിയ വിധം ആഹാരങ്ങൾ തെയ്യാറാക്കിയിട്ടുണ്ടു്. ഗ്വാഡലഹാരയിലെ സ്വീകരണത്തെപ്പററിയുള്ള ശീതളവിചാരങ്ങളോട്ടുകൂടി ഉറങ്ങാൻ പോയി.

ഉറക്കമുറിയുടെ നേരേതാഴെ പാട്ടുകച്ചേരിയുടെ ബഹളം. ആട്ടവും പാട്ടും നിശാശാലയിൽനിന്നോ, ഏതോ ദൈവാരാധനയുടെ ഫലമോ എന്നു പറയുവാൻ നിശ്ചയമില്ല. ഏതായാലും ഉറക്കം നാസ്തി.

ഗ്വാഡലഹാര

13 ഡിസംബർ

ചൊവ്വാഴ്ചയും, പതിമൂന്നാം തീയതിയും കൂടിയ ദുർഭാഗ്യദിവസം. ഇവിടെ പരിചയമാവേണ്ട മില്ലുടമസ്ഥന്മാരെ ഒന്നും കാണുന്നില്ല. ഒടുവിൽ പത്തുമണിയായതോടുകൂടി, ഒട്ടുവളരെ ശ്രമിച്ചതിൻെറ ഫലമായി, ഒരു മിൽ മാനേജർ വന്നു മില്ലിലേക്കു കൂട്ടിക്കൊണ്ടുപോയി.

മിൽ സന്ദർശനവും, വാദപ്രതിവാദങ്ങളും വളരെ ഉപയോഗപ്രദമായിരുന്നു. വാദപ്രതിവാദങ്ങൾ കുറേക്കൂടി ഉയന്ന ഒരു മേഖലയിൽ, ഉച്ചതിരിഞ്ഞു് ഇവിടത്തെ ക്ലബ്ബിൽ വെച്ചുള്ള ഭക്ഷണസമയത്തു പിൻതുടന്നു. ഇവിടെ ആറേഴ മില്ലുകളും ആ മില്ലുടമസ്ഥന്മാരുടെ ഒരു സംഘവും ഉണ്ടു്. പക്ഷേ, അവക്കു തമ്മിൽ യോജിപ്പു് തുലോം കുറവു്. മില്ലുകൾതന്നെ നഗരത്തിനു വെളിയിൽ ചെറിയ ഗ്രാമങ്ങളിലാണു സ്ഥിതിചെയ്യുന്നതു്. ഞങ്ങളെ ഇന്നു സൽക്കരിച്ച മിൽ അധിപൻ അമേരിക്കയിൽ പോയി പരിശീലനം കഴിച്ച ഒരു ചെറുപ്പക്കാരനാണു്. അതുകൊണ്ടു് ഇംഗ്ലീഷ് നല്ലപോലെ സംസാരിക്കും. മിൽ വ്യവസായത്തിൽ, മുതലാളികൾ ഒത്തൊരുമിച്ചു പ്രവത്തിക്കുന്നതിൻെറ ആവശ്യകത അദ്ദേഹം സമ്മതിക്കുന്നു. പഞ്ഞിയുടെ വിലയും തരവും ക്രമീകരിക്കുന്നതിനുള്ള സ്ഥാപനം, ഗവേഷണാലയം, തുണിത്തരങ്ങൾ വില്ക്കുന്ന മാർഗ്ഗങ്ങളുടെ പുനരൂപീകരണം ഇവയെല്ലാം വേണ്ടതാണെന്നുള്ളതിനു സംശയമില്ല. പക്ഷേ, ഒരാൾ വേറൊരാളെ ചവിട്ടിത്താഴ്ത്താൻ അശ്രാന്തപരിശ്രമം ചെയ്യുന്ന സ്ഥലത്തു് ഇതെല്ലാം എങ്ങനെ നടക്കുമെന്നാണു ചോദിക്കുന്നതു്. വളരെ വാസ്തവം.

14 ഡിസംബർ

ആകപ്പാടെ ആനന്ദസന്ദായകമായ ഒരു ദിവസം. ഗ്വാഡലഹാരയ്ക്കു വെളിയിൽ ഒരു കുഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന മിൽ സന്ദർശനവും കഴിഞ്ഞു വിശാലമായ ഭൂപ്രദേശത്തിലൂടെ കാറോടിച്ചുപോയി. ജനവാസം അധികമില്ലെങ്കിലും ആകപ്പാടെ കൗതുകമുള്ള സ്ഥലങ്ങളായിരുന്നു ഇരുവശത്തും. ഒടുവിൽ 'ചപാലാ'കായലിൻെറ അടുത്തെത്തി. വെള്ളം വററി കായലിലെ നില താണു പൊയ്ക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണ് ഈ കായലിനുള്ളത്. ആകപ്പാടെ ക്ഷീണിച്ചു രോഗാവസ്ഥയിൽ കിടക്കുന്ന ഒരു പ്രതീതി. പക്ഷേ, ചുററും പനകളും മററു വൃക്ഷങ്ങളും, സൂര്യപ്രകാശം തട്ടി മിന്നിത്തിളങ്ങി കാററിലാടി കളിച്ചുകൊണ്ടിരുന്നു. നമ്മുടെ നാട്ടിനെ അനുസ്മരിപ്പിക്കുന്ന രംഗം. കായലിന് അഭിമുഖമായി നില്ക്കുന്ന ഒരു മുസാവരിബംഗ്ലാവിൽ കൊണ്ടുപോയി ഞങ്ങളുടെ ആതിഥേയൻ അതിഥിസൽക്കാരപൂജ ആരംഭിച്ചു. ഇന്നു തിരിയെ മെക്സിക്കോ നഗരത്തിലെത്തണമെന്നാണു ഞങ്ങളുടെ തീരുമാനം. അതിനെ തീരെ അവഗണിച്ചായിരുന്നു സല്ക്കാരത്തിൻെറ മന്ദഗതി. വിമാനം പുറപ്പെടുന്ന സമയത്തിനു മാററമില്ലെന്നുള്ള അനിഷേധ്യമായ അറിവുവന്നപ്പോൾ, പുറപ്പെടാതിരിക്കാൻ നിവൃത്തിയില്ലാതായി.

പക്ഷേ, മി. ബ്രാം (ഞങ്ങളുടെ ആതിഥേയൻ) കാറിൽ കേററിക്കൊണ്ടുപോയതു് നേരെ അദ്ദേഹത്തിൻെറ വിശ്രമസൗധത്തിലേക്കാണു്. അതിൻെറ രണ്ടാമത്തേ നിലയിൽ ഇരുന്നു നോക്കിയാൽ, കായലിലെ സ്വച്ഛന്ദമായ ജലവിതാനം കാണാം. അടുത്തു് താഴെ സൂക്ഷിച്ചു പരിപാലിച്ചുപോരുന്ന ഒരു തോട്ടത്തിൻെറ ഭംഗി പ്രത്യക്ഷ

മാകും. ആകപ്പാടെ നിശ്ശബ്ദസുന്ദരമായ ഒരു പ്രകൃതിവിശേഷമാണ് ഈ ധനാഢ്യൻെറ ബംഗ്ലാവിനു ചുററും. പണമുണ്ടെങ്കിൽ സുഖമായി ജീവിക്കാനുള്ള സംവിധാനങ്ങൾ തെയ്യാറാക്കാൻ എവിടെയും സാധിക്കും എന്ന് എനിക്കു തോന്നി. ബ്രാം വാരാന്തദിവസങ്ങളിൽ വിശ്രമംകൊള്ളുന്ന മന്ദിരം മാത്രമാണിതു്. എങ്കിലും സകലതും അവിടെ സംഭരിച്ചിട്ടുണ്ടായിരുന്നു. പാനീയങ്ങൾ പ്രത്യക്ഷമായി. ഞങ്ങൾക്കു് അതിൻെറ ആവശ്യകത അപ്പോൾ തീരെ ഇല്ലായിരുന്നു എന്നു ചുരുക്കത്തിൽ പറയാം. പക്ഷേ, ബ്രാമിൻെറ അഭിപ്രായമതല്ലായിരുന്നു. വിമാനത്തിൽ പോകാനുള്ള സമയമായി എന്നു ഓമ്മിപ്പിച്ച എൻെറ വചനങ്ങളെ അദ്ദേഹം ഒരു വലിയ നേരമ്പോക്കായി കണക്കാക്കി. അല്പം ലഹരിയിൽ മയങ്ങി, ഗ്വാഡലഹാരയുടെ ഈ കോണിൽ ചപാലാകായലും നോക്കി ജീവിതംപോക്കുന്നതു വളരെ രസാവഹമായിരിക്കും എന്നു് എനിക്കും തോന്നിത്തുടങ്ങി. നിമിഷങ്ങൾ മന്ദം മന്ദം മുന്നോട്ടു നീങ്ങി. ഭാഗ്യവശാൽ, കൃത്യനിവ്വഹണത്തിലുള്ള ചുമതലാബോധം ഞങ്ങളിൽനിന്നും തീരെ അപ്രത്യക്ഷമായില്ല. അതുകൊണ്ടു കാറിൽ ബദ്ധപ്പെട്ടു കേറി വിമാനത്താവളത്തിലേക്കു ദ്രുതഗതിയിൽ പുറപ്പെട്ടു. പക്ഷേ, ബ്രാമിന്റെ സല്ക്കാരതീക്ഷ്ണത തീരെ ശമിച്ചിട്ടില്ലായിരുന്നു. വിമാനത്താവളത്തിൽ ചെന്നപ്പോൾ 'വിമാനം അവിടെ നില്ക്കട്ടെ, സല്ക്കാരം തുടരട്ടെ' എന്നായിരുന്നു അദ്ദേഹത്തിൻെറ വാദം. ആശങ്കകൾകൊണ്ടു് അസ്വസ്ഥനായി ഇടയ്ക്കിടയ്ക്കു് ഇരിപ്പുറയ്ക്കാതെ ഞാൻ വിമാനം ഇളകുന്നുണ്ടോ എന്നു നോക്കുകയായിരുന്നു. അപ്പോഴേക്കും വിമാനാധികൃതന്മാർ ഞങ്ങളേ തേടിപ്പിടിച്ചു് വിമാനത്തിലേക്കു കൊണ്ടുപോയി അവിടെ ദൃഢമായി ഉറപ്പിച്ചിരുത്തി.

അങ്ങനെ ബ്രൗമിനോടു യാത്രപറഞ്ഞു ഞങ്ങൾ ഗ്വാഡലഹാര വിട്ടു.

15 ഡിസംബർ

മെക്സിക്കൻനാട്ടുകളിലുള്ള ഞങ്ങളുടെ താമസം അവസാനിക്കാറായി. ഒടുവിലത്തെ ചില അഭിമുഖസംഭാഷണങ്ങളും, സമ്മേളനങ്ങളുമാണ് ഇപ്പോൾ. ഇന്നു സാധനനിർമ്മാണത്തിന്റെ വേഗത വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ ഇവിടെ സ്ഥാപിച്ചിരിക്കുന്ന ഒരു സമിതിയുമായുള്ള കൂടിയാലോചനയായിരുന്നു. അതു കുറെ ഏറെ നീണ്ടുനിന്നു. അവസാനത്തിൽ ആ സമിതിയിലെ അംഗങ്ങൾ അത്താഴത്തിനു ഞങ്ങളെ ക്ഷണിച്ചു.

പതിവുപോലുള്ള ഒരു സൽക്കാരമാണിതെന്നു ഞങ്ങൾ വിചാരിച്ചിരുന്നതു പിശകായിരുന്നു. പത്തുമണിക്കു തുടങ്ങിയ സൽക്കാരച്ചടങ്ങുകൾ അവസാനിച്ചപ്പോഴേയ്ക്കും സമയം വെളുപ്പാൻകാലത്തു രണ്ടുമണിയായിക്കഴിഞ്ഞിരുന്നു. ആ നേരം മുഴുവൻ ഞങ്ങൾ ഒരു മേശയുടെ ചുറ്റും 'തീനി'ലേർപ്പെട്ടിരുന്നു. പിൻഭാഗത്ത് ഒരുസംഘം ഗായകന്മാർ അനുപല്ലവിയായി പ്രേമഗീതങ്ങൾ (മരിയാച്ചി) ആലാപിച്ചുകൊണ്ടിരുന്നു. ഫിഡിൽ, കൈമണി ഇവയുടെ അകമ്പടിയോടുകൂടി മൂന്നുപേർ ഈണസ്വരത്തിൽ സ്പാനിഷ് ഭാഷയിലുള്ള പാട്ടുകൾ പാടുന്ന ചടങ്ങിനാണ് 'മരിയാച്ചി' എന്നു പറയുന്നതു്. ഫ്റഞ്ചുകാർ മെക്സിക്കോ ആക്രമിച്ചപ്പോൾ, ചില ഫ്റഞ്ചുപട്ടാളക്കാർ ഇവിടെ കുടിയേറിപ്പാർക്കാൻ തുടങ്ങി. അവർ വിവാഹസന്ദർഭങ്ങളിൽ (മാരിയാഷ് [marriage] എന്ന ഇംഗ്ലീഷുപദത്തിന്റെ ഫ്റഞ്ചു വിവർത്തനത്തിൽനിന്ന് ഉത്ഭവിച്ചതാണത്രേ 'മരിയാച്ചി' എന്ന വാക്കു്) പാടിയ പാട്ടിൽനിന്നാണ്

ഈ ചടങ്ങിനു മരിയാച്ചി എന്നു പേരുണ്ടായതു്. മരിയാച്ചി പാടുന്നവർ ഒരു പ്രത്യേക വേഷവും ധരിക്കാറുണ്ടു്. ഓരോ പാട്ടിനും ഒരു ക്ലിപ്തസംഖ്യയാണു നിശ്ചയിച്ചിരിക്കുന്നതു്. പാട്ടു തുടരണമെങ്കിൽ ഒരു മൗനാനുവാദം കൊടുക്കുകയും, അടുത്ത സംഗീതം പൊട്ടിപ്പുറപ്പെടുകയുമാണു പതിവു്. അത്താഴം നീണ്ടുവന്നതോടുകൂടി സംഗീതം കൂടുതൽ ത്വരിതഗതിയിലായിത്തുടങ്ങി. സംഭാഷണവും പ്രസംഗങ്ങളും ഏറി. വിവിയൻ പാവാടയുടെ രണ്ടു ഭാഗവും അല്പം പൊക്കി വികസിപ്പിച്ച വൃത്തത്തിലുള്ള നൃത്തത്തിലേർപ്പെട്ടു. രണ്ടു മാന്യസ്നേഹിതന്മാർ കെട്ടിപ്പിടിച്ചുകൊണ്ടു് അവരുടെ സ്വന്തം 'മരിയാച്ചി' പുറപ്പെടുവിച്ചു; കാമുകീകാമുകന്മാരായി അഭിനയിച്ചു് ഒരാൾ വേറൊരാളെ സമാശ്വസിപ്പിക്കുകയും, മറേറ ആൾ സമാധാനപ്പെടാതെ കരയുകയും ആയി. സല്ലാരം ഈ ഉയന്ന താളത്തിൽ കുറേനേരം നിലനിന്നിട്ടു് ഒടുവിൽ ഗത്യന്തരമില്ലാതെ അവസാനിക്കുകയും ചെയ്തു. ആർപ്പുവിളിച്ചുള്ള ഈമാതിരി ആഘോഷങ്ങൾ മെക്സിക്കൻസമ്പ്രദായത്തിൻെറ ഒരു സവിശേഷതയാണു്.

16 ഡിസംബർ

ഞാൻ 'എൽ മൊറീൻ' എന്ന ചായക്കടയിൽ കാത്തിരിക്കുകയാണു്. വേറെ യാതൊരു നിവൃത്തിയുമില്ലാതെ എനിക്കു കിട്ടിയ അഭയസ്ഥാനമാണിതു്. മെക്സിക്കോ നഗരം ആകെ ക്രിസ്തുമസ്സിനു മുമ്പുള്ള ബഹളത്തിൽ മുഴുകിയിരിക്കയാണു്. അതുകൊണ്ടു് ഒരൊററ ടാക്സിപോലും യാത്രക്കാരില്ലാതെ കാണുന്നില്ല. ഹോട്ടലിലെത്താൻ വേറെ ഒരു വഴിയുമില്ല; എന്തെന്നാൽ ഇവിടത്തെ ബസ്സുകളും, ട്രാമുകളും പോകുന്നതു് ഏതെല്ലാം ദിക്കുകളിലേക്കാ

ണെന്നുതന്നെ എനിക്കു നിശ്ചയമില്ല. ഇവിടെ വന്നതു മുതൽ ടാക്സികളെ അത്രമാത്രം അവലംബിച്ചായിരുന്നു എന്റെ ഗതാഗതങ്ങൾ. ടാക്സികളുടെ കൂലിനിരക്കു വളരെ കുറവായതുകൊണ്ടായിരിക്കും, വിളിക്കുമ്പോൾ ടാക്സി കിട്ടാൻ ഇവിടെ എപ്പോഴും പ്രയാസമുള്ളതു്. ഇന്നത്തെ സ്ഥിതിക്കു് എത്ര ശ്രമിച്ചിട്ടും ഫലമില്ലാതായിരിക്കുന്നു.

ഒരടിപോലും മുന്നോട്ടു പോകാൻ വയ്യാതെ ഈ റെസ്റ്റാറന്റിൽ വന്നിട്ടു മണിക്കൂറുകൾ ഒന്നല്ല, രണ്ടല്ല, മൂന്നു കഴിഞ്ഞിരിക്കുന്നു. ഈ രാത്രി മുഴുവൻ വാഹനങ്ങൾ ഒന്നും കിട്ടിയില്ലെങ്കിൽ എന്റെ സ്ഥിതി എന്തായിരിക്കും എന്നു് ഒരു വല്ലാത്ത ഭീതി എന്നെ ബാധിച്ചിരിക്കുന്നു. അതിനിടയ്ക്കു് അല്പം ചില ഇംഗ്ലീഷുവാക്കുകളറിയാവുന്ന ഒരാൾക്കു് എന്നെ സഹായിക്കണമെന്നു മോഹം. റോഡിന്റെ നടുക്കുചെന്നുനിന്നു് വരുന്ന ടാക്സിയെയെല്ലാം വിളിച്ചുനോക്കി; നിഷ്പ്രയാസം ടാക്സി കൊണ്ടുവരാമെന്നുപറഞ്ഞ ആ മാന്യൻ തോററുതൊപ്പിയിട്ടു് ആ സ്ഥലം വിട്ടു. ഞാൻ വീണ്ടും പരിഭ്രാന്തനായി ടോണിക്കു് ആഫീസിലേയ്ക്കു ഫോൺചെയ്തു; അവിടെനിന്നും മറുപടി ഒന്നും കിട്ടിയില്ല.

വിചാരിക്കുന്നപോലെ കാര്യങ്ങൾ മുന്നോട്ടു പോവുകയില്ലെന്നും, ജീവിതത്തിൽ അവിചാരിതമായി പലേ തടസ്ഥങ്ങൾ ഉണ്ടാവുമെന്നും ഈ നിസ്സാരസംഭവം എന്നെ ഒന്നുകൂടി പഠിപ്പിച്ചു. വിനീതനായി, അപകടം വരുമ്പോൾ മനുഷ്യരെല്ലാവരും ചെയ്യാറുള്ളതുപോലെ, ഞാൻ ദൈവത്തിന്റെ മുമ്പിൽ കുനിഞ്ഞുനിന്നു.

ദൈവം പ്രസാദിച്ചു! ടോണിയേയും ഹെർവിയേയും അങ്ങോട്ടയച്ചു; എന്നെ തേടിവന്ന അവരുടെ ദയവിനെ ഞാൻ അങ്ങനെ വ്യാഖ്യാനിച്ചു. ടോണിയുടെ ശ്രമം

കൊണ്ടു് ടാക്സിയിൽ കേറി ഞാൻ ഹോട്ടലിലേയ്ക്കു പോവു കയും ചെയ്തു.

17 ഡിസംബർ

ഇകാസ്സായുടെ വീട്ടിൽ. ഇവിടത്തെ ആഫീസിലെ ഒരു പ്രധാന ഉദ്യോഗസ്ഥനാണു് ഇകാസ്സാ. മാതൃഭാഷയായ സ്പാനിഷ് കൂടാതെ ഇംഗ്ലീഷിലും ഫ്റഞ്ചിലും നല്ല പരിജ്ഞാനമുണ്ടു്. പക്ഷേ, വാദ്ധക്യസഹജമായ ക്ഷീണങ്ങളും, പ്രാരബ്ധങ്ങളും മററും ഉണ്ടുതാനും. ഒരിക്കൽ ഞങ്ങളെ പരിചയപ്പെടുത്തി കഴിഞ്ഞിട്ടു നീണ്ടുനിന്ന ഒരു സമ്മേളനം മുഴുവൻ അദ്ദേഹം കുംഭകൎണ്ണസേവ നടത്തിയെന്ന രസാവഹമായ സംഭവം ഉണ്ടായി. എനിക്കങ്ങോട്ടുള്ളതിൽ കൂടുതൽ അദ്ദേഹത്തിനു് എന്നോടിങ്ങോട്ടു പ്രതിപത്തി ഉണ്ടെന്നുള്ളതിനു സംശയമില്ല. എനിക്കുവേണ്ടി ഈ നാട്ടിൽ സ്വകാൎയ്യത്തിൽ ഒരുതരം പ്രചാരവേല തന്നെ അദ്ദേഹം നടത്തുന്നു എന്നുള്ളതു് എൻെറ ഭാഗ്യം തന്നെ.

നഗരത്തിൻെറ ബഹളത്തിൽനിന്നും ഒഴിഞ്ഞ ഒരു കോണിലാണു് അദ്ദേഹത്തിൻെറ താമസം. സ്വന്തം വീടു്; ഓജസ്വിയായ ഭാൎയ്യ; ഏകപുത്രി ഭൎത്താവൊരുമിച്ചു സസുഖം യൂറോപ്പിൽ താമസം—ഇങ്ങനെ ഒക്കെയാണു് അദ്ദേഹത്തിൻെറ പരിതസ്ഥിതികൾ. ഞങ്ങളുടെ മമതയുടെ കൂടുതൽകൊണ്ടു് അദ്ദേഹത്തിൻെറ വിശാലമായ സ്വീകരണമുറിയിലെ ഒരു ഭാഗത്തു ഞാൻ ചെന്നപ്പോൾമുതൽ സാവകാശം സ്വന്തം വീട്ടിലെന്നപോലെയുള്ള പെരുമാററമായി. ആ മുറിമുഴുവൻ ചുററും പുസ്തകങ്ങൾകൊണ്ടു നിറച്ചിരുന്നു; ഇകാസ്സായുടെ വിപുലമായ പാണ്ഡിത്യം അവ വിളംബരപ്പെടുത്തിയിരുന്നു. യാദൃ

ച്ഛികമായി ആ പുസ്തകങ്ങളിലൊന്നെടുത്തു നോക്കിയപ്പോൾ, ഒരു കാൽശതാബ്ദത്തിനുമുൻപു നടന്ന ഇകാസ്സായുടെ യൂറോപ്യൻ പര്യടനത്തിൻെറ സകല വിവരങ്ങളും, അതിൽ അടങ്ങിയിരുന്നു. യാത്രചെയ്ത കപ്പലിലെ ആളുകളുടെ പേരുവിവരം, ദൈനന്ദിനം കിട്ടിയ ഭക്ഷണയിനങ്ങളുടെ ലിസ്റ്റ് (മെനു), യാത്രയ്ക്കിടയിൽ കിട്ടിയ കത്തുകളും കമ്പികളും, എല്ലാം ആ കഴിഞ്ഞകാലത്തെ ഓർമ്മയിൽ കൊണ്ടുവരാൻ സഹായിക്കാനായി ആ പുസ്തകത്തിൽ സുരക്ഷിതമായി സൂക്ഷിച്ചുവെച്ചിരുന്നു. "വെള്ളിയാഴ്ച ഉച്ചയ്ക്കു 12 മണിക്കു മോംബ്ളാ പാലത്തിൽവെച്ചു കാണണം; ഇടത്തേകൈയിൽ കുട്ടിയും കാണും" എന്ന രസാവഹമായ ഒരു കമ്പി ആയിരുന്നു ഈ യാത്രാരേഖകളിൽ ഒന്നു്. ക്ഷണഭംഗുരമായ അന്നത്തെ ആ നിമിഷത്തിനു് ഒരു ശാശ്വതരൂപം പ്രദാനംചെയ്യാനുള്ള ഈ ഉദ്യമം എന്നെ അത്യധികം സന്തോഷിപ്പിച്ചു. ഇവിടെ വിദൂരമായ മെക്സിക്കോനഗരത്തിൻെറ ഒരു കോണിൽ വന്നപ്പോൾ, ജെനീവായിൽ എന്നും ഞാൻ പല പ്രാവശ്യം കടക്കുന്ന ആ പാലത്തിൽവെച്ചു് ഏതോ അജ്ഞാതരായ ആളുകൾ തമ്മിൽ ഇരുപത്തഞ്ചുവർഷത്തിനുമുൻപു നടന്ന ഒരു കൂടിക്കാഴ്ച അങ്ങനെ എൻെറ ദൃഷ്ടിപഥത്തിൽ രൂപം കൈക്കൊണ്ടു. ഇതിൽക്കവിഞ്ഞു് ഇകാസ്സായുടെ സൽക്കാരത്തിനു സവിശേഷത ഒന്നും ഇല്ലായിരുന്നു. ബുഫേമാതിരി (മേശയ്ക്കു ചുററുംനിന്നു ഭക്ഷണം കഴിക്കുന്ന സമ്പ്രദായം) ഉള്ള അത്താഴം ജെനീവായിലും, മെക്സിക്കോയിലും, ന്യൂഡൽഹിയിലും ഒരേമട്ടിൽത്തന്നെ എന്നു് എനിക്കു ബോദ്ധ്യമായിരിക്കുന്നു. അത്താഴത്തിനുശേഷം, പാനീയങ്ങളുടെ മുൻപിൽ കൂടിയിരുന്നുള്ള സല്ലാപവും കഴിഞ്ഞു ഞാൻ ഹോട്ടലിലേക്കു മടങ്ങി.

18 ഡിസംബർ

'മിഷ'ന്റെ (അതായത്ത് ഔദ്യോഗികാന്വേഷണത്തിനു വന്ന 'ഞങ്ങൾ മൂവരു'ടെ) വക മെക്സിക്കൻ സുഹൃത്തുക്കൾക്കുള്ള ഒരുതരം 'പ്രതിസൽക്കാര'മാണ് ഇന്ന്. ഹെർവി കുറേ ദിവസങ്ങളായി അതിന്റെ പ്രാരംഭജോലികളിൽ വ്യാപൃതനാണ്. ഞങ്ങൾ സ്വീകരിച്ചിട്ടുള്ള സൽക്കാരങ്ങൾ അതേപടികൂ തിരിയെ കൊടുക്കാൻ സാധിക്കുകയില്ലെങ്കിലും, ഇതിലേയ്ക്കും ചുരുക്കത്തിൽ ചെയ്യാൻ സാധിക്കുന്നതു് ഇത്രമാത്രമാണു്.

ഇവിടത്തെ താമസത്തിനിടയ്ക്കു പരിചയമായ ഒട്ടു മുക്കാലാളുകളും ഇന്നു വന്നിട്ടുണ്ട്. തൊഴിലാളികാര്യാലയത്തിലെ മേലുദ്യോഗസ്ഥനായ ഗല്യാർഡോ തുടങ്ങിയ ഉദ്യോഗസ്ഥവൃന്ദം, ഒറീസാബായിലും, മെക്സിക്കോനഗരത്തിലും ഞങ്ങളെ സൽക്കരിച്ച ഡൂബേ മുതലായ മുതലാളികൾ, തൊഴിലാളിനേതാക്കന്മാർ 'മാക്സ്സി'ന്റെ നേതൃത്വത്തിൽ;—ഇവരെല്ലാം ഓരോരുത്തരായി സൽക്കാരഹാളിലേയ്ക്കു പ്രവേശിച്ചു. പ്രവേശനദ്വാരത്തിൽ എതിരേൽക്കാൻ ഞങ്ങൾ തെയ്യാർ. ഞങ്ങളോടൊപ്പം ഇവിടത്തെ ആഫീസ് തലവനായ ക്രെസ്പോ, ഇകാസ്സായാൽ അനുഗതനായി ഹാജരായി. വിവിയൻ, ലൂസ്സ് മററു സ്ത്രീകളോടൊപ്പം അകമ്പടി. ഓരോരുത്തരേയും സ്വീകരിച്ച് ശീതളപാനീയങ്ങളും മററും കൊടുത്തു സൽക്കരിക്കുക; അതുകഴിഞ്ഞു് അവരോടൊപ്പം ആസ്വദിക്കുക—ഇതാണ് സൽക്കാരച്ചടങ്ങിന്റെ പതിവ്.

സൽക്കാരങ്ങൾ കുറേ ഏറെനേരം നീണ്ടുനിന്നു. അതിഥികൾ ഓരോരുത്തരും വേർപെട്ടപ്പോൾ ഹസ്തദാനം കൊടുത്തു മംഗളം ആശംസിച്ചു. സുഹൃത്തുക്കളോടുള്ള ഓരോ അന്തിമനമസ്കാരങ്ങളും മെക്സിക്കൻനാട്ടുകളോടു

തന്നെ എന്നന്നേയ്ക്കും യാത്രപറയുകയാണെന്നുള്ള ഒരു പ്രതീതി എന്നിൽ ഉളവാക്കി. ഞാൻ രണ്ടുദിവസത്തിനകം ഈ സ്ഥലം വിടും. ഇനി ഇങ്ങോട്ടു വരുന്ന കാര്യം വളരെ സംശയം. ആ സ്ഥിതിക്കു് ഇവിടെ കണ്ട ഓരോ കാഴ്ചകൾക്കും ഓരോ പ്രത്യേക ആസ്വാദ്യതയുള്ളതായി അനുഭവപ്പെട്ടു. ചാപ്പൂൽ ടെപെക്ക് കൊട്ടാരവും, ആസ്ടെക്ക് വർഗ്ഗക്കാരുടെ വിവിധ ചിഹ്നങ്ങളും, സ്മാരകങ്ങളും, കത്തീഡ്രലും, സ്സാചിമിൽക്കോവിലെ തോട്ടിൽക്കൂടി പൂക്കളണിയിച്ച വള്ളങ്ങളും, ഒറീസാബായും എൻെറ മുമ്പിൽ അശ്രുപൂർണ്ണമായ നയനങ്ങളിൽക്കൂടി പ്രത്യക്ഷപ്പെട്ടു. മനസ്സുകൊണ്ടു ഞാൻ അവിടെവെച്ചുതന്നെ മെക്സിക്കൻനാട്ടുകളോടു യാത്രപറഞ്ഞു.

★

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. M910 Acc. No. 84038
This book should be returned on or before the date last stamped below.

15 JUN 1985
22 JUL 1989
22 AUG 1989
2 JAN 1990
27 MAY 1991
30 AUG
1 NOV 1998
16 SEP 2005

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M 910

84038

ക്ലവർ. ബി. ജി

മെക്സിക്കൻ നാട്ടുകളിൽ

KOTTAYAM PUBLIC LIBRARY

Call No. M 910 Acc. No. 84038

Author സി. ജി. മേനോൻ

Title മെക്സിക്കൻ നാടുകളിൽ